പാലായിൽനിന്ന് എല്ലാമാസവും 15-ാം തീയതി പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

73

Vol 6 Issue 2
April 2018
Published on 15 April 2018
Price Rs. 20.00

# സത്യജ്വാല
## മാസിക




## സീറോ-മലബാർ സഭ മുങ്ങുന്ന കപ്പൽ..??

## പള്ളിയോഗപുനഃസ്ഥാപനം ചർച്ച് ആക്ടിലൂടെ

'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ : www.almayasabdam.blogspot.in
'അല്മായശബ്ദം' വെബ്സൈറ്റ് സന്ദർശിക്കാൻ : www.almayasabdam.com

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ഏപ്രിൽ 2018 | പുസ്തകം 6 | ലക്കം 2



*രചനകൾ അയയ്ക്കാൻ :*
**ജോർജ് മൂലേച്ചാലിൽ**
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
കെ.ജോർജ്ജ് ജോസഫ്, കാട്ടേക്കര
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, കൊട്ടാരമറ്റം
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 9037078700
e- mail:gvkatte@gmail.com


*ബാങ്ക് :* **S B I, Pala Branch**
**A/c No. 67117548175**
**A/c Name: Kerala Catholic Church Reformation Movement**
**IFSC Code: SBIN0070120**


*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.


## ഈ ലക്കത്തിൽ


**പള്ളിയോഗപുനഃസ്ഥാപനം ചർച്ച് ആക്ടിലൂടെ**
മുഖക്കുറി ..... 3

**ചർച്ച് ആക്റ്റ് നിയമമാക്കാൻ AKCAAC-യുടെ കർമ്മപദ്ധതി: ഒരു രൂപരേഖ**
..... 5

**സഭയെന്നാൽ അച്ചനും മെത്രാനും മാത്രമോ?**
മാർ ജോസഫ് പാംബ്ലാനി ..... 9

**പാംബ്ലാനി പിതാവിന്റെ വായിച്ചിരിക്കേണ്ട ലേഖനം!**
ഇപ്പൻ ..... 10

**സ്വന്തം ഉൾക്കാഴ്ചയെ കാറ്റിൽപ്പറത്തുന്ന ബിഷപ്പ് പാംബ്ലാനി!**
എഡിറ്റർ..... 13

**ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യം** (2-ാം ഭാഗം)
ജോസഫ് പുലിക്കുന്നേൽ ..... 15

**മേജർ ആർച്ച് ബിഷപ്പിന്റെ ഭൂമികച്ചവടവും മെത്രാന്മാരുടെ എപ്പിക്യൂരിയനിസവും**
എം.എൽ. ജോർജ് മാളിയേക്കൽ ..... 18

**പീഡാനുഭവദിനത്തിൽ നിയമത്തെ വെല്ലുവിളിച്ച്...**
..... 20

**കർദ്ദിനാൾ മാർ ആലഞ്ചേരിക്ക് സ്നേഹപൂർവ്വം**
പ്രൊഫ. ഡോ. എം.പി മത്തായി ..... 21

**തിരുക്കർമ്മങ്ങളെ ആയുധമാക്കുന്ന ആലഞ്ചേരി!**
എഡിറ്റർ ..... 23

**പുരോഹിതന്മാരുടെ രാജ്യം ഐഹികമല്ല**
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ ..... 24

**കർദ്ദിനാൾ ജോർജ് ആലഞ്ചേരിയുടെ പാപപരിഹാരാർത്ഥം കുരിശിന്റെ വഴി!**
..... 24

**കർദ്ദിനാളിന് ഭൂമിക്കേസ് ഒത്തുതീർക്കാൻ പണംവരുന്ന വഴികൾ!**
..... 25

**ഒരു ചങ്ങനാശ്ശേരി വാർത്തയും വിചിന്തനവും**
ജയിംസ് ഐസക്, കുടമാളൂർ ..... 26

**തമിഴ്നാട്ടിലും കത്തോലിക്കാസഭയുടെ ഭൂമി കുംഭകോണം**
കടപ്പാട്: മാതൃഭൂമി ..... 27

**...കിടപ്പാടത്തിനു പണം നല്കിയ വിശ്വാസികൾ അങ്കലാപ്പിൽ!**
..... 28

**കൊരട്ടിമുത്തിയുടെ സ്വർണ്ണം കാണാതായ സംഭവം...**
..... 29

**ഇടയനെ അടിച്ച് ആളുകളെ ചിതറിക്കാൻ ശ്രമമെന്ന്!**
..... 30

**കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമനെതിരെ കോടതിവിധി!**
..... 31

**അഭയാകേസിലെ..... വിധിവരുംമുമ്പേ വെല്ലുവിളി!**
..... 32

**'KANA' വിഭാവനംചെയ്യുന്ന ഒരു ക്നാനായസമുദായം...**
അലക്സ് കാവുംപുറം-യുഎസ്എ ..... 33

**"ആടിക്കളിക്കെടാ കുഞ്ഞുരാമാ, ചാടിക്കളിക്കടാ കൊച്ചുരാമാ!"**
ജോയി ഒറവണക്കളം-ചിക്കാഗോ ..... 34

**ആലഞ്ചേരിയും യോഗയും**
റവ. ഡോ. ജെ ഔസേപ്പറമ്പിൽ ..... 35

**പൗരോഹിത്യവും അവിഹിതാവസ്ഥയും**
KCRM പ്രോഗ്രാം റിപ്പോർട്ട് - നോർത്ത് അമേരിക്ക ..... 39

**'ഈയൊരു കാര്യത്തിനുവേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്'**
ഡോ. ജെ.സി. കുമരപ്പ ..... 40

**മാർച്ചുമാസ പ്രവർത്തനങ്ങളും മാസാന്ത്യയോഗവും**
KCRM പ്രോഗ്രാം റിപ്പോർട്ട് - തൊടുപുഴ ..... 41

**ഷംഷാബാദ് സ്വപ്നങ്ങൾ!**
റോഷൻ ഫ്രാൻസ് ..... 42

**ചർച്ച് ആക്ട് പ്രചാരണത്തിനിടെ അറസ്റ്റ്!**
..... 43

**ആലഞ്ചേരിയെ കടത്തിവെട്ടുന്ന 'റോമൻസ്'!**
KCRM പ്രോഗ്രാം റിപ്പോർട്ട്-പാലാ ..... 44


**സത്യജ്വാല മാസിക- 2018 ഏപ്രിൽ മുതൽ**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| **ഒറ്റപ്രതി** | 20 രൂപാ | 200 രൂപാ |
| **ഒരു വർഷം** | 200 രൂപാ | 2000 രൂപാ |
| **5 വർഷം** | 800 രൂപാ | 8000 രൂപാ |


*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്]* *[രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*

ഏപ്രിൽ 2018 **പുസ്തകം 6 : ലക്കം 2**

# സത്യജ്വാല

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).

## പള്ളിയോഗപുനഃസ്ഥാപനം ചർച്ച് ആക്ടിലൂടെ

**മുഖക്കുറി**



**ലോ**കമെമ്പാടുമുള്ള മുഴുവൻ ക്രൈസ്തവരുടെയും പൊതു പൈതൃകമാണ് സഭായോഗസമ്പ്രദായം. കാരണം, ആദിമസഭാപൈതൃകത്തിനും പാരമ്പര്യങ്ങൾക്കും ഉടമകളാണ്, ഇന്നലത്തെയും ഇന്നത്തെയും നാളെത്തെയും എല്ലാ ക്രൈസ്തവരും. ആദിമസഭയിൽ എല്ലാ തീരുമാനങ്ങളും എടുത്തിരുന്നത് യോഗം ചേർന്നായിരുന്നുവെന്ന് 'അപ്പോസ്തോല പ്രവർത്തനങ്ങ'ളിൽ നാം വായിക്കുന്നു. യൂദാസിനു പകരം മത്ഥിയാസിനെ തിരഞ്ഞെടുത്തത് പത്രോസ് സ്വയമായോ അപ്പോസ്തലരോടുമാത്രം കൂടിയാലോചിച്ചോ ആയിരുന്നില്ല; മറിച്ച്, നൂറ്റിയിരുപതോളം വിശ്വാസികൾ ഒത്തുകൂടിയ ഒരു യോഗത്തിലായിരുന്നു (അപ്പോ. പ്രവ.1: 15-26). സഭയിലെ ആദ്ധ്യാത്മിക - ഭൗതികശുശ്രൂഷകളെ വേർതിരിച്ചുകൊണ്ട് അപ്പോസ്തലന്മാർ നടത്തിയ പ്രഖ്യാപനത്തിലൂടെ (അപ്പോ.പ്രവ. 6: 2-4), സഭയുടെ ഈ യോഗസമ്പ്രദായം ആധികാരികമായി വ്യവസ്ഥാപിക്കപ്പെടുകയുംചെയ്തു. അതനുസരിച്ച് സഭയുടെ ആദ്ധ്യാത്മിക-ഭൗതികശുശ്രൂഷകരെ വിശ്വാസിസമൂഹം യോഗംചേർന്നു തിരഞ്ഞെടുക്കുന്ന സമ്പ്രദായം രൂപപ്പെട്ടു.

ഈ യോഗസമ്പ്രദായം ഒരു സാമൂഹികവിപ്ലവംകൂടി ആയിരുന്നു. റോമൻസാമ്രാജ്യത്തിന്റെ ശ്രേണീബദ്ധമായ (hierarchical) ആധിപത്യഭരണവ്യവസ്ഥ അജയ്യമായി നിലനിന്നിരുന്ന അക്കാലത്ത് ജനങ്ങൾക്ക് സ്വയം ഭരിക്കാം എന്നു ചിന്തിക്കാൻപോലും നിർവ്വാഹമില്ലായിരുന്നു. അപ്പോഴാണ്, യേശുവിന്റെ സ്നേഹദർശനത്തിന്റെ അടിസ്ഥാനത്തിൽ അങ്ങേയറ്റം വികേന്ദ്രീകൃതവും ജനാധിപത്യപരവും അധികാരം തീണ്ടാത്തതുമായ ഒരു പുതിയ മാനുഷിക ജീവിതവ്യവസ്ഥ അവതരിക്കപ്പെടുന്നത്. റോമൻ അധികാരവ്യവസ്ഥയിൽ അടിച്ചമർത്തപ്പെട്ടു കഴിഞ്ഞവരെ സംബന്ധിച്ച്, സ്വാതന്ത്ര്യവും സ്വയംനിർണ്ണയാവകാശവും സ്വയംഭരണാവകാശവും പ്രദാനംചെയ്യുന്ന ഈ ശുശ്രൂഷാവ്യവസ്ഥിതി അവരുടെ അന്തസ്സിനെ ഉയർത്തുന്ന ഒരു പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും നാന്ദിയായിരുന്നു. ഈ ആദിമസഭാസംവിധാനത്തിൽ ആകൃഷ്ടരാകാനും അതിലേക്ക് ആളുകൾ ഒഴുകിയെത്താനും കാരണമായത് ഇക്കാരണത്താലാകണം. ക്രിസ്തീയതയുടെ വ്യാപനത്തെ റോമൻ സാമ്രാജ്യം ഒരു വെല്ലുവിളിയായിക്കണ്ട് അടിച്ചമർത്താൻ നോക്കിയത്, നിലവിലിരുന്ന രാജകീയഅധികാരവ്യവസ്ഥിതിയെ അടിയേ തകർക്കാൻ പോരുന്ന ഒരു വിപ്ലവമാണത് എന്നു തിരിച്ചറിഞ്ഞതുകൊണ്ടായിരുന്നു.

**പള്ളിയോഗസഭാഭരണസമ്പ്രദായം കേരളനസ്രാണികൾക്കുമാത്രം അവകാശപ്പെടാവുന്ന ഒരു പാരമ്പര്യമല്ല; അതു റീത്തുഭേദമെന്യേ, എല്ലാ കത്തോലിക്കാ വിഭാഗങ്ങളുടെയും വിശ്വാസഭേദമെന്യേ, എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളുടെയും പൊതു പൈതൃകമാണ്.**

ആമുഖമായി ഇത്രയും പറഞ്ഞത്, രണ്ടുകാര്യങ്ങളിൽ ഊന്നാനാണ്. ഒന്ന്, പള്ളിയോഗസഭാഭരണസമ്പ്രദായം കേരളനസ്രാണികൾക്കുമാത്രം അവകാശപ്പെടാവുന്ന ഒരു പാരമ്പര്യമല്ല; അതു റീത്തുഭേദമെന്യേ, എല്ലാ കത്തോലിക്കാ വിഭാഗങ്ങളുടെയും വിശ്വാസഭേദമെന്യേ, എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളുടെയും പൊതുപൈതൃകമാണ്.

രണ്ടാമതായി, അതിലളിതമായ ഈ യോഗസമ്പ്രദായമാണ് ക്രിസ്തീയജീവിതത്തിന് അടിത്തറ തീർക്കുന്നത് എന്നതാണ്. ഇതിനെ താത്വികമായി ഇങ്ങനെ കാണാം: യേശുവിന്റെ സ്നേഹദർശനത്തിന്റെ സാമൂഹിക രൂപം ദൈവരാജ്യമാണ്. അത് ഭൂമിയിൽ സംസ്ഥാപിക്കപ്പെടുന്നത് മനുഷ്യരുടെ കൂട്ടായ്മകളിലൂടെയാണ്. ഈ കൂട്ടായ്മകളാണ് സഭകൾ എന്നറിയപ്പെടുന്നത്. സ്നേഹത്തിലധിഷ്ഠിതമായ ഈ സഭാകൂട്ടായ്മകളുടെ സാമൂഹിക നടത്തിപ്പ് അധികാരപരമാകാനാവില്ല എന്നു നാം ഓർക്കണം. കാരണം, സ്നേഹമുള്ളിടത്ത് അധികാരമില്ല; അത് നിഷിദ്ധമാണുതാനും. അവിടെയാണ്, തുല്യതയും പാരസ്പര്യബോധവും ഉള്ളവരുടെ കൂടിയാലോചനായോഗങ്ങൾ എന്ന വഴി തെളിഞ്ഞുവരുന്നത്. ആദിമസഭയിൽ ഈ വഴി തെളിഞ്ഞുവരുന്നത് നാം കാണുന്നുണ്ട്. ചുരുക്കത്തിൽ, യോഗസമ്പ്രദായമില്ലെങ്കിൽ ക്രിസ്തീയസമൂഹമോ ക്രിസ്തീയജീവിതമോ ഇല്ല. അത് ക്രിസ്തീയതയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അവശ്യം ആവശ്യമായ അടിസ്ഥാന സംവിധാനം (infrastructure) തന്നെയാണ്.

▸▸

തങ്ങളുടെ ചെറുകൂട്ടായ്മാ സമൂഹത്തിന്റെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ വളർച്ച ഉറപ്പുവരുത്തിക്കൊണ്ട്, ആ സമൂഹത്തിനാവശ്യമായ കാര്യങ്ങൾ സ്വയം നിർവ്വഹിക്കാൻ വിശ്വാസികൾക്ക് സാധിക്കുന്നത് പരസ്പരതുല്യതയിലുള്ള സ്വതന്ത്രചർച്ചകൾക്കും ആലോചനകൾക്കും പ്ലാനിങ്ങിനും നടത്തിപ്പിനും സഭായോഗം എന്നൊരു വേദി ഉള്ളതുകൊണ്ടാണ്. അതില്ലാതായാൽ, ആ നിമിഷം അധികാരവ്യവസ്ഥ സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറുകയും തുല്യത നഷ്ടപ്പെടുകയും സഭ അധികാരികളും അധീനരുമായി വിഭജിക്കപ്പെടുകയും, അങ്ങനെ സഭ സഭയല്ലാതാകുകയും ചെയ്യും. അതു സംഭവിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന്, ഇന്നത്തെ ഏതു സഭയിലേക്കു നോക്കിയാലും കാണാൻ സാധിക്കും.

അതുകൊണ്ട് നസ്രാണി ക്രൈസ്തവരുടെ പള്ളിയോഗപാരമ്പര്യം മാത്രമല്ല, മുഴുവൻ ക്രൈസ്തവസഭകളുടെയും സഭായോഗപാരമ്പര്യം വീണ്ടെടുക്കേണ്ടത് ആവശ്യമായിരിക്കുന്നു. അങ്ങനെമാത്രമേ, ഏതു സഭയെയും ക്രിസ്തീയതയിലേക്കു നവീകരിക്കാനാവൂ. നസ്രാണികൾ തങ്ങളുടെ മാർത്തോമ്മാ പാരമ്പര്യത്തിലുള്ള പള്ളിയോഗസമ്പ്രദായം പുനഃസ്ഥാപിക്കാൻ ശ്രമിക്കുമ്പോൾ, ലത്തീൻ പാരമ്പര്യത്തിലുള്ളവർ ആദിമസഭാപാരമ്പര്യപ്രകാരമുള്ള സഭായോഗസമ്പ്രദായം വീണ്ടെടുക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. ഇവ രണ്ടും ഉള്ളടക്കത്തിൽ ഒന്നുതന്നെ ആയതിനാൽ, ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി തമ്മിൽ കൈകോർത്തു പ്രവർത്തിക്കാവുന്നതുമാണ്. ഈ രണ്ട് പാരമ്പര്യങ്ങളിലുംപെട്ട സഭകൾ കേരളത്തിലുണ്ട് എന്നതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്.

ലോകത്തിലുള്ള മുഴുവൻ സഭകളേയും ലത്തീനികരിക്കാനുള്ള, അതായത് പാശ്ചാത്യസഭാസമ്പ്രദായങ്ങൾ ഇതര സഭകളിൽ അടിച്ചേൽപ്പിക്കാനുള്ള പരിശ്രമമായിരുന്നു രണ്ടാം വത്തിക്കാൻ സുനഹദോസുവരെ കത്തോലിക്കാസഭ തുടർന്നുപോന്നത്. രണ്ടാം വത്തിക്കാൻ സൂനഹദോസാണ് ആദ്യമായി, പൗരസ്ത്യദേശത്തെ സഭകൾക്കുള്ള ഡിക്രികളിലൂടെ, മറ്റുസഭകളെ തങ്ങളുടെ പൂർവ്വപാരമ്പര്യത്തിലേക്കു തിരിച്ചുപോകാൻ അനുവദിക്കുകയും അതിന് ആഹ്വാനംചെയ്യുകയും ചെയ്തത്. അതൊരു മഹത്തായ സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നെങ്കിലും, പാശ്ചാത്യസഭ എവിടേക്കും തിരിച്ചുപോകേണ്ടതില്ലാത്ത ക്രിസ്തീയതയുടെ ഒരു മാതൃകയായി തുടർന്നും നിലനിന്നതിനാൽ, അത് ഉദ്ദേശിച്ച ഫലം കണ്ടില്ല. വാസ്തവത്തിൽ വേണ്ടിയിരുന്നത്, പാശ്ചാത്യവും പൗരസ്ത്യവുമായ എല്ലാ സഭകളും അവയുടെ പൂർവ്വപാരമ്പര്യത്തിലേക്ക്, ആദിമസഭാപാരമ്പര്യത്തിലേക്ക്, തിരികെ പോകണം എന്ന ആഹ്വാനവും അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുമായിരുന്നു. കാരണം, പാശ്ചാത്യസഭയും കാലത്തിന്റെയോ വ്യക്തികളുടെയോ ആയ ചരിത്രസാഹചര്യങ്ങൾക്ക് അടിമപ്പെട്ട് 4-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽത്തന്നെ ക്രിസ്തീയതയിൽനിന്നു വ്യതിചലിച്ചുപോയിട്ടുള്ളതാണ്.

കേരളനസ്രാണിസഭയെ സംബന്ധിച്ച്, ആദിമസഭാപാരമ്പര്യത്തിലേക്ക് തിരിച്ചുപോകുന്നതിന്റെ ആദ്യപടി, മാർത്തോമ്മായുടെ പേരിലറിയപ്പെടുന്ന അതിന്റെ പള്ളിയോഗപാരമ്പര്യം വീണ്ടെടുക്കുക എന്നുള്ളതാണ്; അങ്ങനെ, പാശ്ചാത്യരീതിയിലുള്ള പുരോഹിതമേൽക്കോയ്മാസമ്പ്രദായത്തിനു അറുതിവരുത്തുകയെന്നതാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം, ഈ ലക്ഷ്യംവച്ച് ധാരാളം പഠനങ്ങളും ആശയപ്രചരണങ്ങളും പ്രവർത്തനങ്ങളും നടക്കുകയുണ്ടായെങ്കിലും, തീരുമാനങ്ങളെടുക്കുവാനും നടപടിക്രമങ്ങൾ തീരുമാനിക്കാനുമുള്ള അവകാശം പാശ്ചാത്യസമ്പ്രദായപ്രകാരമുള്ള മെത്രാൻസിനഡിനുമാത്രമായിരുന്നതിനാൽ ഫലംകാണുകയുണ്ടായില്ല. അതായത്, പൗരസ്ത്യദേശത്തെ ഒരു സഭയായ കേരളസഭയുടെ തനിമയും പാരമ്പര്യവും എന്തെന്നും, എങ്ങനെ അതു വീണ്ടെടുക്കാമെന്നും, വീണ്ടെടുക്കണമോ എന്നുതന്നെയും തീരുമാനിക്കാനുള്ള സംവിധാനം പൂർണ്ണമായും പാശ്ചാത്യമായിരുന്നു. ജനാധിപത്യം നടപ്പാക്കാൻ രാജാക്കന്മാരെ ചുമതലപ്പെടുത്തുന്നതുപോലെയായിരുന്നു, ഫലത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപനങ്ങൾ.

എന്നാൽ, സ്വന്തം സഭയുടെ തനിമയെക്കുറിച്ചും സ്വത്വത്തെക്കുറിച്ചും അതിന്റെ അവിഭാജ്യഘടകമായിരുന്ന പള്ളിയോഗസമ്പ്രദായത്തെക്കുറിച്ചും അതു വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമെല്ലാം വിശ്വാസിസമൂഹത്തിനിടയിൽ വ്യാപകമായ ഒരവബോധമുണ്ടാകാൻ അതവസരമുണ്ടാക്കി. പക്ഷേ, പള്ളിയോഗപാരമ്പര്യം വീണ്ടെടുക്കാൻ ലക്ഷ്യമിട്ട് അവർ നടത്തിയ നിരവധിയായ സമരങ്ങളും നൽകിയ നിവേദനങ്ങളും പാഴായിപ്പോയി. പാശ്ചാത്യശൈലിയിലുള്ള തങ്ങളുടെ അധികാരം നിലനിർത്താൻ ഇന്ത്യൻ സഭയുടെ തനതുവ്യക്തിത്വവും പാരമ്പര്യങ്ങളും മെത്രാന്മാർ മറച്ചുവയ്ക്കുകയും അതിനെ നിഷേധിച്ചുപറയുകയും ചെയ്തു. ഇന്ത്യൻ സഭയുടെ മേൽ അധികാരമില്ലാതിരുന്ന പൗരസ്ത്യസംഘവുമായി ഒത്തുകളിച്ച് ഈ സഭയെ കൽദായസഭയുടെ ഭാഗമാക്കുകയും, പാശ്ചാത്യകാനോൻനിയമം അനുകരിച്ചുണ്ടാക്കിയ പൗരസ്ത്യകാനോൻനിയമം ഈ സഭയ്ക്കു ബാധകമാക്കുകയുമാണവർ ചെയ്തത്. അങ്ങനെ രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശങ്ങൾ പൂർണ്ണമായും പാഴ്‌വാക്കുകളായിത്തീർന്നു. പാശ്ചാത്യസഭയുടെ മേൽക്കോയ്മയിൽനിന്നും മേൽക്കോയ്മാസംവിധാനത്തിൽനിന്നും രക്ഷപ്പെടാൻ അവസരം ലഭിച്ച സഭകൾ, കേരളസഭയുൾപ്പെടെ, 'പൗരസ്ത്യം' എന്ന ലേബലൊട്ടിച്ച്, പാശ്ചാത്യസമ്പ്രദായത്തിൽത്തന്നെ വ്യവസ്ഥാപിക്കപ്പെടുകയാണുണ്ടായത്. പാശ്ചാത്യസങ്കല്പപ്രകാരമുള്ള അതേ പുരോഹിത മേൽക്കോയ്മാസംവിധാനം പൗരസ്ത്യകാനോൻ നിയമത്തിന്റെ ബലത്തിൽ കൂടുതൽ അരക്കിട്ടുറപ്പിക്കപ്പെട്ടിരിക്കുന്നു.

ഈ സാഹചര്യമാണ്, ചർച്ച് ആക്ട് എന്ന ആശയം ഉടലെടുക്കാൻ കാരണമാക്കിയത്. രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശങ്ങൾ പാലിച്ച് കേരളസഭയുടെ പള്ളിയോഗസമ്പ്രദായം വീണ്ടെടുക്കുന്നതിൽ നമ്മുടെ മെത്രാന്മാർ വിവേകത്തോടും സഭാസ്നേഹത്തോടുംകൂടി സഹകരിച്ചിരുന്നെങ്കിൽ, സഭാസ്വ

*ശേഷം പേജ് 6-ൽ വായിക്കുക*

# ചർച്ച് ആക്റ്റ് നിയമമാക്കാൻ AKCAAC-യുടെ കർമ്മപദ്ധതി: ഒരു രൂപരേഖ

**ഒന്നാം ഘട്ടം: മുഖ്യമന്ത്രിയുടെ മുമ്പിലേക്ക്**

**കേ**രളസഭാഭരണത്തിൽ നിയമപരമായി തെരഞ്ഞെടുക്കപ്പെടുന്ന വിശ്വാസികളുടെ പ്രതിനിധികൾമുഖേന സഭയിലെ 99% വരുന്ന സാധാരണക്കാർക്കും പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഭരണഘടനാനുസൃത നിയമനിർദ്ദേശമായ 'ചർച്ച് ആക്റ്റ്' നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കാണ് 'All Kerala Church Act Action Council' (AKCAAC) രൂപം കൊടുത്തിരിക്കുന്നത്.

അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം മുഖ്യമന്ത്രിക്കുമുമ്പിൽ നമ്മുടെ പ്രതിനിധികൾ നേരിട്ടെത്തി നിവേദനം സമർപ്പിക്കുക എന്നതാണ്. പക്ഷേ, നിവേദനം സ്വീകരിച്ചാലുടൻ ഒറ്റയടിക്ക് നിയമം നടപ്പാക്കുമെന്ന വിചാരമൊന്നും നമുക്കില്ല. സമരപരിപാടികളും ബോധവത്ക്കരണയത്നങ്ങളും സമാന്തരമായി നടത്തേണ്ടിവരും.

ഈ നിയമത്തിന്റെ ഗുണഭോക്താക്കളായ സഭാംഗങ്ങളിൽ നല്ലൊരു പങ്കും ഈ നിയമനിർദ്ദേശത്തെക്കുറിച്ച് അജ്ഞരോ ആശങ്കയുള്ളവരോ ആണ്. ആശങ്കയാവട്ടെ, പുരോഹിതപ്രോക്തവും ദുരുപദിഷ്ടവുമാണ്. അതിനാൽത്തന്നെ, ഈ നിയമം എന്ത്? എന്തിന്? എങ്ങനെ? എന്ന് വിശ്വാസികളെ ബോധവൽക്കരിക്കുക എന്ന ദൗത്യമാണ് നമ്മൾ ആദ്യം പൂർത്തിയാക്കേണ്ടത്. അതിനായുള്ള പ്രവർത്തനങ്ങൾ നാലു തലങ്ങളിലായി സംഘടിപ്പിക്കാം:

1. ഓരോ ഇടവകയിലും ചർച്ച് ആക്റ്റിന്റെ കോപ്പികളും തൽസംബന്ധമായി നമ്മൾ തയ്യാറാക്കിയിട്ടുള്ള പ്രസ്താവനകളും സത്യജ്വാല മാസികയുടെ സമീപകാല ലക്കങ്ങളും വിതരണം ചെയ്യാം. ഞായറാഴ്ചക്കുർബാനയ്ക്കുശേഷം വിശ്വാസികൾക്കു തനിച്ചോ കൂട്ടായോ ചെയ്യാവുന്നതാണിത്.
2. വീടുകൾതോറും കയറിയിറങ്ങി വ്യക്തികൾ തനിച്ചോ സ്ക്വാഡായോ ഇവയുടെ വിതരണവും ചർച്ച് ആക്ട് പ്രചാരണവും നടത്താം.
3. ഈ പ്രവർത്തനങ്ങൾ 2018 ഏപ്രിൽ 30-നകം കഴിയുന്നത്ര പൂർത്തിയാക്കിയശേഷം, മെയ് ആദ്യവാരം സാധിക്കുന്നത്ര ഫൊറോനാപ്പള്ളിക്കവലകളിൽ ഓരോ പൊതുയോഗം നടത്തുക. ചർച്ച് ആക്റ്റ് സംബന്ധമായ കാര്യങ്ങളും അതിനായി നമ്മൾ ചെയ്ത പ്രവർത്തനങ്ങളും വിശദീകരിക്കുക. ഇതിന്റെ പ്രചരണത്തിനായി നോട്ടീസ്, പോസ്റ്റർ, മൈക്ക് അനൗൺസ്മെന്റ് മുതലായവ നടത്തുക. അങ്ങനെ ചർച്ച് ആക്റ്റ് നാട്ടിൽ സംസാര വിഷയമാകാൻ ഇടയാക്കുക.
4. ഇതിനിടയിൽ ഏപ്രിൽ 20-നുമുൻപ് നമ്മുടെ പ്രതിനിധിസംഘം മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിക്കുന്നതാണ്.

**രണ്ടാംഘട്ടം: സെക്രട്ടറിയേറ്റു മാർച്ചും ധർണയും**

സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നതായി കാണുന്നില്ലെങ്കിൽ, 2018 മെയ് 9-ന് ഒരു സെക്രട്ടറിയേറ്റു മാർച്ചും ധർണയും സംഘടിപ്പിക്കുന്നതിനാണ് ഇപ്പോഴത്തെ തീരുമാനം. അതിൽ യാക്കോബായ സഭാംഗങ്ങളും പങ്കെടുക്കുന്നതാണ്. വിശദവിവരങ്ങൾ, almayasabdam.blogspot.com, WhatsApp, SMS, Email എന്നിവവഴി നൽകുന്നതാണ്.

**സഹായകസാമഗ്രികൾ:**

1. ചർച്ച് ആക്റ്റ് കോപ്പികൾ (മലയാളം) തയ്യാറാക്കിയിട്ടുണ്ട്; ആവശ്യക്കാർ കുറഞ്ഞത് 100 രൂപ പ്രിന്റിങ്ങ് ചാർജ് അയച്ചാൽ, 50 കോപ്പികളുടെ ബണ്ടിൽ അയച്ചു നൽകുന്നതാണ്. മണിയോർഡർ അയക്കേണ്ട വിലാസം : The Manager, Jeeva Press, Choorappuzha Tower, Dhanvanthari Jn, Thodupuzha; അല്ലെങ്കിൽ, Jacob Thomas, Director, Malankara Action Committee for Church Act Bill Implementation (MACCABI), Piramadam, Muvattupuzha(Mob.9645939736).
2. ആക്ഷൻ കൗൺസിൽ തയ്യാറാക്കിയ പ്രസ്താവന,
3. മെമ്മോറാണ്ടത്തിന്റെ കരടുകോപ്പി,
4. 'സത്യജ്വാല' - ചർച്ച് ആക്റ്റ് സ്പെഷ്യൽ പതിപ്പും സമീപകാല ലക്കങ്ങളും

AKCAAC-നുവേണ്ടി,

**കെ.ജോർജ് ജോസഫ്** (ചെയർമാൻ)

## യാക്കോബായസഭയിലും ചർച്ച് ആക്ടിനുവേണ്ടി ഒരു പ്രസ്ഥാനം!

ചർച്ച് ആക്ട് നടപ്പിലാക്കാൻ ആവശ്യപ്പെട്ട് യാക്കോബായ സഭയിൽ 'മലങ്കര ആക്ഷൻ കൗൺസിൽ ഫോർ ചർച്ച് ആക്ട് ബിൽ ഇംപ്ലിമെന്റേഷൻ' (MACCABI) എന്നപേരിൽ ഒരു പ്രസ്ഥാനം രൂപംകൊണ്ടിരിക്കുന്നു. ഈ പ്രസ്ഥാനവും അടുത്തയിടെ രൂപംകൊണ്ട 'അഖിലകേരള ചർച്ച് ആക്ട് ആക്ഷൻ കൗൺസിലു (AKCAAC) മായിച്ചേർന്ന് ചർച്ച് ആക്ട് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള കർമ്മപദ്ധതികൾ ആലോചനാഘട്ടത്തിലാണ്. 'MACCABI' - യ്ക്ക് 'സത്യജ്വാല'യുടെ അഭിവാദ്യങ്ങൾ!

ത്തുക്കൾ ഭരിക്കാൻ ഒരു നിയമം നിർമ്മിച്ചുതരണമെന്ന ആവശ്യം ഗവൺമെന്റിനുമുമ്പിൽ ആരും ഉയർത്തുമായിരുന്നു എന്നു തോന്നുന്നില്ല. കാരണം, അത് മറ്റൊരു മത സമൂഹത്തിലും ഇല്ലാതിരുന്നത്ര ജനാധിപത്യപരമായിരുന്നു. ഇവിടുത്തെ ഹൈന്ദവസമൂഹം ബ്രാഹ്മണപുരോഹിതാധിപത്യത്തിൽ അമർന്നിരുന്ന കാലഘട്ടംമുഴുവനും പരസ്പരതുല്യതയും ജനാധിപത്യവും പ്രഖ്യാപിച്ച് നിലനിന്ന ഒന്നായിരുന്നു, നമ്മുടെ പള്ളിയോഗപാരമ്പര്യം എന്നു നാമോർക്കണം. കേരളത്തിലെ പ്രബുദ്ധരായ വിശ്വാസി സമൂഹത്തിനുമുമ്പിൽ ആ മഹത്തായ പാരമ്പര്യത്തെ തള്ളിക്കളയുകയാണ് നമ്മുടെ മെത്രാന്മാർ ചെയ്തത്. സ്വാഭാവികമായും വിശ്വാസിസമൂഹം അടുത്ത വഴി അന്വേഷിച്ചു എന്നുമാത്രം. ഇതുകൊണ്ട് തങ്ങൾക്കുണ്ടായ നഷ്ടമെത്രയെന്ന് നമ്മുടെ മെത്രാൻസംഘം ഇന്നോളം മനസ്സിലാക്കിയിട്ടില്ല. ഒന്നാമതായി, സമ്പത്തിലും അധികാരത്തിലും മനസ്സുനട്ട അവർക്ക്, ആദ്ധ്യാത്മികത നഷ്ടമായി. പിന്നെ, വിശ്വാസിസമൂഹത്തിൽനിന്നു ലഭിക്കുമായിരുന്ന സ്നേഹ-ബഹുമാനങ്ങൾ നഷ്ടമായി. പകരം, വിശ്വാസിസമൂഹം അവരെ കൂക്കിവിളിക്കുകയും കോടതി കയറ്റുകയും ചെയ്യുന്ന അവസ്ഥ സംജാതമായി. ആത്മാവു നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റുള്ളതെല്ലാം നേടാൻ ശ്രമിക്കുന്ന അന്തസ്സാരശൂന്യരുടേതിനു സമാനമായിരിക്കുന്നു, കേരളമെത്രാൻ സംഘത്തിന്റെയും പുരോഹിത അനുയായികളുടെയും ഇന്നത്തെ അവസ്ഥ. സഭാകേന്ദ്രങ്ങളിലേക്കുള്ള നിവേദനസമർപ്പണങ്ങൾ നിർത്തി ഗവൺമെന്റിനെ സമീപിക്കുവാൻ പ്രബുദ്ധരായ വിശ്വാസിസമൂഹം തീരുമാനിച്ച നിമിഷംമുതൽ, ഈ പുരോഹിതദുഷ്പ്രഭുത്വം സാമൂഹികതിരസ്കാരത്തിന്റെ രുചി അറിഞ്ഞുതുടങ്ങി. ഇന്നത്, അതിന്റെ ഉച്ചസ്ഥായിയിൽ എത്തിയിരിക്കുന്നു. അതിനനുസൃതമായി ചർച്ച് ആക്ടിനുവേണ്ടിയുള്ള മുറവിളിയും ഉച്ചത്തിൽ മുഴങ്ങുകയാണ്.

**കേരളസഭയുടെ പള്ളിയോഗപാരമ്പര്യവും ചർച്ച് ആക്ടും**

16 നൂറ്റാണ്ടുകാലം അഭംഗുരം നിലനിന്ന കേരളക്രൈസ്തവരുടെ പള്ളിയോഗ സഭാഭരണസമ്പ്രദായത്തെപ്പറ്റി, മെത്രാന്മാരുൾപ്പെടെ നമ്മുടെ പുരോഹിതശ്രേഷ്ഠർ എഴുതിവച്ചിട്ടുള്ള നിരവധിയായ ചരിത്രഗ്രന്ഥങ്ങളിലൂടെയും പഠനപ്രബന്ധങ്ങളിലൂടെയും നമുക്ക് വ്യക്തമായൊരു ധാരണ കിട്ടിയിട്ടുണ്ട്. അതിന്റെ രത്നച്ചുരുക്കം ചരിത്രപണ്ഡിതനായ റവ.ഡോ. സേവ്യർ കൂടപ്പുഴ ഇങ്ങനെ എഴുതിയിരിക്കുന്നു:

*"ഇടവകയുടെ ഭരണം നടത്തിയിരുന്നത് പള്ളിയോഗമാണ്. കുടുംബത്തലവന്മാരും തദ്ദേശവൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവകവൈദികരിൽ പ്രായംചെന്ന ആളാണ് പള്ളിയോഗത്തിന്റെ അദ്ധ്യക്ഷൻ. അദ്ദേഹംതന്നെയാണ് പള്ളിയിലെ മതകർമ്മാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്നതും. പള്ളിയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടെ മാത്രമല്ല, ഇടവകയിലെ ക്രിസ്തീയജീവിതം മുഴുവന്റെയും മേലന്വേഷണം വഹിച്ചിരുന്നു. പരസ്യപാപം സംബന്ധിച്ച കേസുകൾ തീരുമാനിച്ചിരുന്നത് ഈ യോഗമാണ്. വ്യക്തികളെ സഭാസമൂഹത്തിൽനിന്ന് തൽക്കാലത്തേക്കു പുറന്തള്ളുവാൻ അധികാരവും യോഗത്തിനുണ്ടായിരുന്നു. സഭ ദൈവജനമാണെന്ന അടിസ്ഥാനതത്വവും സഭാഭരണത്തിലുള്ള കൂട്ടുത്തരവാദിത്വവും പള്ളിയോഗം പ്രസ്പഷ്ടമാക്കുന്നു.*

*പ്രാദേശിക താല്പര്യമുള്ള വിഷയങ്ങളെപ്പറ്റി പല ഇടവകകളുടെ പ്രതിപുരുഷന്മാർ ഒരുമിച്ചുകൂടി തീരുമാനമെടുത്തിരുന്നു. പൊതുതാല്പര്യമുള്ള കാര്യങ്ങൾ എല്ലാ ഇടവകകളിലെയും പ്രതിനിധികൾ ഒരുമിച്ചുകൂടിയാണ് തീരുമാനിച്ചിരുന്നത്" (ഭാരതസഭാചരിത്രം, പേജ്: 198-199).*

കേരളക്രൈസ്തവരുടെ സഭാഭരണസമ്പ്രദായമനുസരിച്ച്, സഭയുടെ ഭൗതികകാര്യങ്ങളുടെ കൈകാര്യകർത്തൃത്വം മെത്രാന്മാർക്കോ വൈദികർക്കോ ആയിരുന്നില്ലെന്നും മറിച്ച്, വിശ്വാസിസമൂഹത്തിനായിരുന്നുവെന്നുമുള്ള ഈ ചരിത്രവസ്തുത റവ. ഡോ. എ. എം. മുണ്ടാടൻ (സി.എം.ഐ.), റവ. ഡോ. പ്ലാസിഡ് പൊടിപാറ (സി.എം.ഐ.), റവ. ഡോ. ജോസ് കുറിയേടത്ത്, റവ. ഡോ. ജേക്കബ് കൊല്ലാപറമ്പിൽ എന്നിങ്ങനെ വേറെയും ഒട്ടുവളരെ സഭാചരിത്രകാരന്മാർ തങ്ങളുടെ ആധികാരികപഠനങ്ങളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്.

'സഭ ദൈവജനമാണെന്ന അടിസ്ഥാനതത്വവും സഭാഭരണത്തിലുള്ള കൂട്ടുത്തരവാദിത്വവും പ്രസ്പഷ്ടമാക്കുന്ന' കേരളക്രൈസ്തവരുടെ പല തട്ടുകളുള്ള ഈ പള്ളിയോഗസമ്പ്രദായം അറിയപ്പെട്ടിരുന്നത് 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' (Law of Thomas) എന്നാണ്. അതേക്കുറിച്ച് ചങ്ങനാശ്ശേരി അതിരൂപതാ ആർച്ചു ബിഷപ്പായിരുന്ന മാർ ജോസഫ് പൗവ്വത്തിൽ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ് : *"അവരുടെ (കേരള ക്രൈസ്തവരുടെ) പ്രത്യേകമായ ദൈവശാസ്ത്രപൈതൃകത്തിന്റെ ആകെത്തുക 'മാർത്തോമ്മായുടെ നിയമം' (തോമായുടെ മാർഗ്ഗം) എന്ന പദസമുച്ചയത്തിൽ അടങ്ങിയിരിക്കുന്നു. അവരുടെ സഭാജീവിതശൈലിയിൽ പ്രത്യേകം പ്രകടമാകുന്ന മുഴുവൻ ക്രൈസ്തവപൈതൃകവും അതിൽ അന്തർലീനമാണ്. ഒരു ജീവിക്കുന്ന ദൈവശാസ്ത്രത്തിന്റെ ചലനാത്മകമായ ആവിഷ്ക്കാരമാണ് മാർത്തോമ്മായുടെ മാർഗ്ഗം... മാർത്തോമ്മായുടെ നിയമത്തിന്റെ എടുത്തുപറയേണ്ട പ്രത്യേകത അതു പൂർണ്ണമായും ക്രൈസ്തവമായിരുന്നു എന്നതാണ്"* (Acts of the Synod of Bishops of the Syro-Malabar Church, page 71-72, തർജ്ജമ സ്വന്തം).

ഇപ്പോൾ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായ മാർ ആൻഡ്രൂസ് താഴത്ത് ഈ സഭാസമ്പ്രദായത്തെക്കുറിച്ച്, 'Law of Thomas' എന്ന പേരിൽ ഒരു പഠനഗ്രന്ഥംതന്നെ എഴുതിയിട്ടുണ്ട്. *"മാർത്തോമ്മായുടെ നിയമം ഒരു ക്രൈസ്തവജീവിതസമ്പ്രദായമെന്ന നിലയിൽ, ക്രിസ്തുവിലും അവിടുത്തെ പ്രബോധനങ്ങളിലും അധിഷ്ഠിതമായിരുന്നു"* എന്നാണ് അദ്ദേഹമതിൽ വ്യക്തമാക്കിയിട്ടുള്ളത്. കേരളക്രൈസ്തവരുടെ പൂർവ്വപാരമ്പര്യപ്രകാരമുള്ള സഭാഭരണസമ്പ്രദായം എപ്രകാരമുള്ളതായിരുന്നു എന്ന് അതിൽ അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു: *"സഭയുടെ ഭരണം നടത്തിയിരുന്നത് 'യോഗം' എന്നറിയപ്പെട്ടിരുന്ന മാർത്തോമ്മാ ക്രൈസ്തവരുടെ സംഘമായിരുന്നു. മൂന്നുതരം യോഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇടവകയോഗം, പ്രാദേശികയോഗം, പൊതുയോഗം. - മലബാർ/മലങ്കരസഭയുടെ മഹായോഗം അഥവാ പൊതു*

*യോഗം അല്ലെങ്കിൽ പള്ളിയോഗം"* – (Law of Thomas, page : 41-42, തർജ്ജമ സ്വന്തം).

നിർദ്ദിഷ്ട ട്രസ്റ്റ്ബിൽ വിഭാവനം ചെയ്തിരിക്കുന്നത് 'മാർത്തോമ്മായുടെ നിയമ'ത്തിന്റെ അതേ മാതൃകയിൽ മൂന്നു തലങ്ങളിലുള്ള യോഗസമ്പ്രദായമാണ് എന്ന് അതു പഠിക്കുന്ന ആർക്കും മനസ്സിലാക്കാനാകും. ചുരുക്കത്തിൽ, കേരളക്രൈസ്തവരുടെ പൂർവ്വപാരമ്പര്യമായ മാർത്തോമ്മായുടെ നിയമത്തിന്റെ കാലാനുസൃതമായ പുനരാവിഷ്കാരമാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതു മനസ്സിലാക്കാൻ നിർദ്ദിഷ്ട ചർച്ച് ആക്ടിന്റെ ഉള്ളടക്കം എന്താണെന്ന് നോക്കിയാൽ മതി. അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് അതിൽ കൊടുത്തിട്ടുള്ളത് ഇപ്രകാരമാണ്:

*"സഭയുടെ ലൗകികകാര്യങ്ങളുടെയും സമ്പത്തിന്റെയും കൂടുതൽ ജനാധിപത്യപരവും കാര്യക്ഷമവും നീതിയുക്തവുമായ ഭരണസംവിധാനമാണ് ബിൽ ലക്ഷ്യംവയ്ക്കുന്നത്. നിയമപ്രകാരം രൂപീകരിക്കുന്ന ക്രിസ്തീയകാരുണ്യട്രസ്റ്റുകളും കമ്മിറ്റികളുമായിരിക്കും സഭാസ്വത്തുക്കളുടെ ഭരണം നടത്തുന്നത്. പുരാതനകാലം മുതലേ കേരളത്തിലെ സഭയുടെ ഭൗതികവസ്തുക്കൾ ട്രസ്റ്റിന്റെ ഭരണസംവിധാനംപോലെ കൈകാര്യം ചെയ്യപ്പെട്ടിരുന്നെങ്കിലും, ട്രസ്റ്റായി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നില്ല എന്നത് പല വിധത്തിലുള്ള നിയമപരമായ സങ്കീർണ്ണതകൾക്കും കാരണമായിത്തീർന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സഭകളുടെ ഭൗതികവസ്തുക്കളുടെയും സ്വത്തിന്റെയും ഭരണസംവിധാനത്തിന് ഒരു ജനാധിപത്യചട്ടക്കൂടു രൂപപ്പെടുത്തി, ലൗകികസ്വത്തുക്കളുടെ ഭരണം ബൈബിളധിഷ്ഠിതമായ ശരിയായ ക്രൈസ്തവ രൂപമാതൃക (Christian Modality)യിലേക്കു കൊണ്ടുവരുന്നതിന് ഈ ബിൽ ഉദ്ദേശിക്കുന്നു.*

*സഭാസമൂഹത്തെ പല തലങ്ങളായി തിരിച്ച് ട്രസ്റ്റിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കാനാണ് ഈ ബിൽ നിർദ്ദേശിക്കുന്നത്. ഏറ്റവും അടിസ്ഥാനഘടകം ഇടവകയാണ്. അതിനു മുകളിലായി രൂപത അല്ലെങ്കിൽ റവന്യൂ ഡിസ്ട്രിക്റ്റ്. ഏറ്റവും മുകളിലായി സംസ്ഥാനഘടകം. അടിസ്ഥാനഘടകമായ ഇടവകകളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ഈ തിരഞ്ഞെടുപ്പു പ്രക്രിയയിലൂടെ ഈ മൂന്നുതലങ്ങളിലുമുള്ള ട്രസ്റ്റ് അംഗങ്ങളെയും ട്രസ്റ്റ് കമ്മിറ്റികളെയും മാനേജിംഗ് കമ്മിറ്റികളെയും തെരഞ്ഞെടുക്കുന്നു."*

കൂടാതെ, *'സഭകളുടെ വിശ്വാസവും ദൈവശാസ്ത്രവും സംബന്ധിച്ച പഠനങ്ങളെയും പാരമ്പര്യങ്ങളെയും പ്രവർത്തനങ്ങളെയുംപറ്റിയുള്ള കാര്യങ്ങളിൽ ഇടപെടാനോ അഭിപ്രായം രൂപീകരിക്കാനോ തീരുമാനങ്ങൾ എടുക്കാനോ ഈ ബില്ലിന് ഉദ്ദേശ്യമില്ലെ'*ന്നു പ്രസ്താവിക്കുന്നുമുണ്ട്, ഇതിൽ.

ഈ ട്രസ്റ്റ് ബിൽ അനുസരിച്ച്:

1. ഓരോ ഇടവകയിലെയും 18 വയസ്സിനു മേലുള്ള എല്ലാ സ്ത്രീപുരുഷന്മാരും ഇടവക ട്രസ്റ്റ് അസംബ്ലി (ഇടവക പൊതുയോഗം) അംഗങ്ങളാണ്. അവരാണ്, അവർ തെരഞ്ഞെടുക്കുന്ന ട്രസ്റ്റ് കമ്മറ്റിക്കാരിലൂടെയും ട്രസ്റ്റിമാരിലൂടെയും (കൈക്കാരന്മാർ) തങ്ങളുടെ പള്ളിസ്വത്തുക്കളും സ്ഥാപനങ്ങളും പള്ളിയോഗതീരുമാനപ്രകാരം ഭരിക്കുക. ഇടവക ട്രസ്റ്റ് അസംബ്ലി (പൊതുയോഗം)ക്കും ട്രസ്റ്റ് കമ്മറ്റിയോഗത്തിനും വികാരി ആധ്യക്ഷ്യം വഹിക്കുന്നു.

2. രൂപതാ ട്രസ്റ്റ് അസംബ്ലിയിലേക്ക് ഓരോ ഇടവകയിലെയും 300 കുടുംബങ്ങൾക്ക് ഒന്ന് എന്ന തോതിൽ പ്രതിനിധികളെ ഇടവകപൊതുയോഗം തെരഞ്ഞെടുത്ത് അയയ്ക്കുന്നു. ഈ രൂപതാ ട്രസ്റ്റ് അസംബ്ലി തങ്ങളിൽനിന്ന് 25 പേരുടെ ഒരു രൂപതാ ട്രസ്റ്റ് കമ്മറ്റിയെ തെരഞ്ഞെടുക്കുന്നു. ഈ കമ്മറ്റിയാണ് രൂപതാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണം നിർവഹിക്കേണ്ടത്. രൂപതാ ട്രസ്റ്റ് അസംബ്ലിയുടെയും ട്രസ്റ്റ് കമ്മറ്റിയുടെയും യോഗങ്ങൾക്ക് മെത്രാനാണ് ആധ്യക്ഷ്യംവഹിക്കുക.

3. സംസ്ഥാനതലത്തിൽ, ആകമാന വ്യക്തിസഭാതല (ഉദാ: സീറോ-മലബാർ സഭ) ട്രസ്റ്റ് അസംബ്ലിയിലേക്ക് ഓരോ ഇടവകയും ഓരോ അംഗത്തെ തെരഞ്ഞെടുത്ത് അയയ്ക്കുന്നു (കുടുംബങ്ങളുടെ എണ്ണത്തിലുള്ള വർധനവനുസരിച്ച് പ്രതിനിധികളുടെ എണ്ണം കൂടാം). വ്യക്തിസഭകളുടെ ഭൗതികഭരണ നിർവഹണം ഈ ട്രസ്റ്റ് അസംബ്ലി തെരഞ്ഞെടുക്കുന്ന 101 അംഗങ്ങളുടെ ട്രസ്റ്റ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഈ യോഗത്തിന് ആദ്ധ്യക്ഷ്യം വഹിക്കുന്നത് ആകമാന വ്യക്തിസഭകളുടെ തലവനായിരിക്കും.

ഈ എല്ലാ തലങ്ങളിലും, തെരഞ്ഞെടുക്കപ്പെടുന്ന ആഭ്യന്തര കണക്കുപരിശോധകർ (internal auditors) ഉണ്ടായിരിക്കും. രൂപതാതലത്തിലും വ്യക്തിസഭാതലത്തിലും ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ടും കണക്കുകൾ പരിശോധിപ്പിക്കണം. എല്ലാ തലത്തിലുമുള്ള കണക്കുകൾ സർക്കാർ സെക്രട്ടറിയുടെ പദവിയോടെ ഗവൺമെന്റ് നിയോഗിക്കുന്ന സഭാ കമ്മീഷണർക്ക് സമർപ്പിക്കുകയുംവേണം -ചർച്ച് ആക്ടിന്റെ രത്നച്ചുരുക്കം ഇതാണ്.

ഇങ്ങനെ, ഇടവകതലത്തിലും രൂപതാതലത്തിലും സംസ്ഥാനതലത്തിലും വിശ്വാസിസമൂഹത്തിന്റെ പ്രതിനിധികളുടേതായ ട്രസ്റ്റുകൾ രൂപീകരിക്കണമെന്നും സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണത്തിന് ഈ ട്രസ്റ്റുകളെ ചുമതലപ്പെടുത്തണമെന്നും വ്യവസ്ഥചെയ്തുള്ള ഒരു നിയമനിർമ്മാണ നിർദ്ദേശമാണ് ചർച്ച് ആക്ട് എന്നറിയപ്പെടുന്ന (The Kerala Christian Church Properties and Institutions Trust Bill).

ഇത്രയും പറഞ്ഞതിന്റെ വെളിച്ചത്തിൽത്തന്നെ, നമ്മുടെ പരമ്പരാഗതപള്ളിയോഗസമ്പ്രദായവും നിർദ്ദിഷ്ട ചർച്ച് ആക്ട് വിഭാവനംചെയ്യുന്ന സഭാഭരണസംവിധാനവുംതമ്മിൽ ഒരു താരതമ്യപഠനം നടത്താനും, അവയുടെ അന്തഃസത്തയിൽ കാര്യമായ വ്യത്യാസമൊന്നുമില്ലെന്നു കണ്ടെത്താനും ആർക്കും സാധിക്കും. ഈ സഭയുടെ പൂർവ്വപാരമ്പര്യമായ പള്ളിയോഗഭരണസമ്പ്രദായത്തെ നിയമമായി പ്രഖ്യാപിക്കുന്നു എന്നേയുള്ളു, ഇവിടെ. മുമ്പ്, ഇടവകകളും രൂപതകളും വ്യക്തിസഭകളും ട്രസ്റ്റുകളായി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നില്ലെങ്കിൽ, ഈ നിയമം പ്രാബല്യത്തിലാകുന്നതോടെ അവ ഇനി രജിസ്റ്റർ ചെയ്യപ്പെടും. ഗവൺമെന്റുമായി ബന്ധപ്പെടാൻ ഇനിയൊരു സഭാകമ്മീഷണർ ഉണ്ടാകും എന്നൊരു വ്യത്യാസവുമുണ്ട്. ഉണ്ടാകാൻപോകുന്ന മറ്റൊരു മാറ്റം, മുമ്പ് കുടുംബനാഥന്മാർക്കുമാത്രമേ യോഗാംഗത്വമുണ്ടായിരുന്നുള്ളുവെങ്കിൽ, ഇനിയത് 18 വയ

**KCRM പ്രതിമാസപരിപാടി – പാലാ**

## പാലാ രൂപതയിലെ സാമ്പത്തിക ക്രമക്കേടുകൾ

### ചർച്ചാസമ്മേളനം

**2018 എപ്രിൽ 28, ശനിയാഴ്ച, 2.00 പി.എം. മുതൽ പാലാ ടോംസ് ചേമ്പർഹാളിൽ**

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | **ശ്രീ. സി.വി. സെബാസ്റ്റ്യൻ** (പ്രസിഡന്റ്) |
| വിഷയാവതാരണം | : | **ശ്രീ. പ്രിൻസ് പോൾ മാടപ്പള്ളി** |
| അനുബന്ധ പ്രസംഗങ്ങൾ | : | **ഫാ. ബാർ യൂഹനോൻ റമ്പാൻ (ഗദ്സമെൻ ദയറ, പിറമാടം) ശ്രീ. റോയി ജേക്കബ് പിണക്കാട്ട്, പ്രൊഫ. ഇപ്പൻ, പ്രൊഫ. പി.സി. ദേവസ്യ, ഡോ. എം.കെ. മാത്യു, കെ. ജോർജ് ജോസഫ്** |

ബഹുമാന്യരേ,

എറണാകുളം ഭൂമികുംഭകോണത്തോടുടർന്ന്, മറ്റു രൂപതകളിലെ സാമ്പത്തികക്രമക്കേടുകളും വൻ അഴിമതികളും വിശ്വാസികൾ പുറത്താക്കിക്കൊണ്ടിരിക്കുകയാണ്. പാലാ രൂപതയിൽ നടമാടിക്കൊണ്ടിരിക്കുന്ന നിരവധിയായ സാമ്പത്തികക്രമക്കേടുകളെക്കുറിച്ചും സുതാര്യമല്ലാത്ത നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചും പൊതുവേ എല്ലാവർക്കും അറിവുള്ളതാണെങ്കിലും പരസ്യമായി അവതരിപ്പിക്കപ്പെട്ടിട്ടില്ല. നമ്മുടെ ഇപ്രാവശ്യത്തെ ചർച്ചാപരിപാടി അതേക്കുറിച്ചാണ്. ചർച്ച് ആക്ടിനുവേണ്ടി യാക്കോബായസഭയിൽ ഉണ്ടായിട്ടുള്ള 'MACCABI'-യുടെ പ്രാതിനിധ്യം ഈ യോഗത്തിന്റെ ഒരു പ്രത്യേകതയാണ്.

പാലാ രൂപതയിലെ പല അനധികൃതനിർമ്മാണ പദ്ധതികൾക്കുമെതിരെയുള്ള നിയമപോരാട്ടങ്ങൾക്ക് കുറെ വർഷമായി നേതൃത്വം നൽകിവരുന്ന ശ്രീ. പ്രിൻസ് പോളാണ് ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ നൽകുന്നതും ചർച്ച നയിക്കുന്നതും.

ഈ ചർച്ചാസമ്മേളനത്തിൽ സജീവമായി പങ്കെടുക്കാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം, **ഷാജു ജോസ് തറപ്പേൽ**
(സെക്രട്ടറി, KCRM), ഫോൺ: 9496540448

**KCRM പ്രതിഭാസപരിപാടി – തൊടുപുഴ**

## ചർച്ച് ആക്ട് പ്രവർത്തനങ്ങൾക്കു ഒരു രൂപരേഖ

**29-4-2018 ഞായറാഴ്ച 2 മണിക്ക് തൊടുപുഴ കാലിക്കറ്റ് കോളേജ് ഹാൾ**

പുതിയ ബസ്സ്റ്റാന്റിനടുത്തുള്ള ഐ.എം. എയ്ക്കു സമീപം, വ്യക്തികൾക്ക് ചർച്ച് ആക്ട് പ്രചാരണ പ്രവർത്തനങ്ങളിൽ എന്തെല്ലാം ചെയ്യാനാകും:

**സ്ക്വാഡ് പ്രവർത്തനങ്ങൾ, മൈക്ക് അനൗൺസ്മെന്റ്, പോസ്റ്ററിങ് കോർണർയോഗങ്ങൾ : ഓരോന്നിന്റെയും സാദ്ധ്യതകളും ബാദ്ധ്യതകളും വിലയിരുത്തുന്നു.**

ഏവർക്കും സ്വാഗതം,
**പ്രൊഫ. പി.സി. ദേവസ്യ** (സെക്രട്ടറി) ഫോൺ: 9961255175

സ്സുതികഞ്ഞ എല്ലാ സ്ത്രീ പുരുഷന്മാർക്കും ഉണ്ടാകും എന്നതാണ്.

ആകെമൊത്തം നോക്കുമ്പോൾ, ചർച്ച് ആക്ടിലൂടെ സംഭവിക്കുന്നത്, ഭാരതസഭയ്ക്കു കൈമോശം വന്നിരുന്ന പള്ളിയോഗ സഭാഭരണസമ്പ്രദായത്തിന്റെ കാലാനുസൃതപുനഃസ്ഥാപനംതന്നെയാണ്. ഉദയംപേരൂർ സൂനഹദോസിലൂടെ ഈ സഭയ്ക്കു നഷ്ടപ്പെട്ട ഭാരതീയത്തനിമയുടെ വീണ്ടെടുപ്പുകൂടിയാണിത്. 1599-ലെ ഉദയംപേരൂർ സൂനഹദോസുവരെ പോർട്ടുഗീസുകാർ നടത്തിയ ആധിപത്യശ്രമങ്ങൾക്കെതിരെ ഒരു നൂറ്റാണ്ടുകാലം പൊരുതി പരാജയപ്പെട്ട നമ്മുടെ പൂർവ്വപിതാക്കന്മാർക്ക് നാം നേടിക്കൊടുക്കുന്ന മഹത്തായ ഒരു വിജയമകുടവുമാണിത്. പാശ്ചാത്യരീതിയിലുള്ള സഭാധികാരത്തെ ഇനിമേൽ അനിസരിക്കില്ലെന്ന ശപഥംചെയ്തു നടത്തിയ കൂനൻകുരിശു സത്യത്തെ വഞ്ചിച്ച നമ്മുടെ പിതാമഹന്മാർക്കുള്ള ശാപമോക്ഷവുമാണിത്. ഈ സഭയുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട വിദേശകാനോൻനിയമത്തിലെ അധിശത്വവകുപ്പുകളെ മറികടക്കലാണിത്. അക്രൈസ്തവമായ റോമൻ അധികാരഘടനയെ സഭയിൽനിന്ന് ഉച്ചാടനംചെയ്യലും, യേശുവിന്റെ ശുശ്രൂഷാഘടനയെ സഭയിലേക്ക് ആവാഹിക്കലുമാണിത്...

അതുകൊണ്ട്, ചർച്ച് ആക്ട് നടപ്പിലാക്കാനുള്ള നമ്മുടെ പരിശ്രമങ്ങളെ ആരും വിലകുറച്ചു കാണേണ്ടതില്ല. ചരിത്രത്തിലിടംപിടിക്കുന്ന മഹത്തായ ഒരു സ്വാതന്ത്ര്യസമരമാണത്; സുബോധമുള്ള എല്ലാവരും അണിചേരേണ്ട സ്വാതന്ത്ര്യസമരം!

**- എഡിറ്റർ**



# സഭയെന്നാൽ അച്ചനും മെത്രാനും മാത്രമോ?

**മാർ ജോസഫ് പാംബ്ലാനി**

*[പ്രമുഖ ദൈവശാസ്ത്രജ്ഞനും ബിഷപ്പുമായ മാർ ജോസഫ് പാംബ്ലാനി 'സൺഡേ ശാലോ'മിൽ എഴുതിയ ദീർഘ ലേഖനത്തിൽനിന്ന്, അതിലെ വാദമുഖങ്ങൾ ഉൾക്കൊള്ളുന്ന ഭാഗങ്ങൾമാത്രം എടുത്തുചേർത്തുള്ള സംഗ്രഹമാണ് താഴെ കൊടുത്തിരിക്കുന്നത്. അടിമുടി വൈരുധ്യങ്ങൾ നിറഞ്ഞ ഈ 'നയതന്ത്ര'ലേഖനം നിശിതമായ പ്രതികരണങ്ങൾ അർഹിക്കുന്നു. അതുകൊണ്ട്, ലേഖനത്തെത്തുടർന്ന് രണ്ടു പ്രതികരണങ്ങൾ ഈ ലക്കത്തിൽത്തന്നെ കൊടുക്കുന്നു – ഇപ്പന്റെയും എഡിറ്ററുടെയും. ]*

...സഭയെന്നാൽ മെത്രാനും അച്ചനും മാത്രമാണെന്ന കൊളോണിയൽ സഭാദർശനമാണ് ഇന്നും പലരുടെയും മനസിൽ. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായ ദൈവജനമാണ് തിരുസഭ എന്ന സത്യം ഗ്രഹിക്കുന്നതുവരെ സഭയിലെ ഭിന്നതകൾ അവസാനമില്ലാതെ തുടരും എന്നതാണ് സത്യം...

### തിരുത്തലിന്റെ ഭിന്നമാർഗങ്ങൾ

സഭയിൽ തിരുത്തലുകൾ ആവശ്യമുണ്ട്. എന്നാൽ തിരുത്തലിന്റെ രണ്ട് വ്യത്യസ്ത മാതൃകകൾ നമുക്കു മുന്നിലുണ്ട്. ഫ്രാൻസീസ് അസീസിയും മാർട്ടിൻ ലൂഥറുമാണ് ഈ വിരുദ്ധദൃഷ്ടാന്തങ്ങൾ... സഭാധികാരികളെ സമ്പൂർണമായി അനുസരിച്ചും സുവിശേഷമൂല്യങ്ങളെ സ്വന്തം ജീവിതത്തിൽ അക്ഷരംപ്രതി അനുവർത്തിച്ചുമാണ് ഫ്രാൻസീസ് സഭയെ നവീകരിച്ചത്... മറ്റൊരു പ്രതിസന്ധിഘട്ടത്തിൽ മാർട്ടിൻ ലൂഥർ എന്ന അഗസ്റ്റീനിയൻ വൈദികൻ നവീകരണചിന്തയുമായി മുന്നോട്ടുവന്നു. അദ്ദേഹത്തിന്റെ മാർഗം തികച്ചും വ്യത്യസ്തമായിരുന്നു. സഭാധികാരികളെ വെല്ലുവിളിച്ചും അനുദിനം ആരോപണങ്ങൾ പരസ്യപ്പെടുത്തിയും സഭയുടെ അടിസ്ഥാനമൂല്യങ്ങളെ പരസ്യമായി ലംഘിച്ചും ലൂഥർ നവീകരണലക്ഷ്യവുമായി രംഗത്തിറങ്ങി... സഭയിൽ നവീകരണവും വിശുദ്ധീകരണവും ആവശ്യമാണ്. എന്നാൽ അതിനായി ഫ്രാൻസീസ് മാർഗമാണോ ലൂഥറൻ മാർഗമാണോ സ്വീകരിക്കേണ്ടത് എന്നതാണ് അടിസ്ഥാനപരമായ ചോദ്യം. സഭയുടെ തകർച്ച ആഗ്രഹിക്കുന്നവർ ലൂഥറൻ മാർഗം തേടുമ്പോൾ സഭയുടെ യഥാർത്ഥ വിശുദ്ധീകരണം ആഗ്രഹിക്കുന്നവർ ഫ്രാൻസീസിന്റെ മാർഗമാണ് തേടേണ്ടത്...

### നന്മ-തിന്മയുടെ വൃക്ഷത്തിന്റെ ഫലം തിന്നുന്നവർ

നന്മയുടെ പക്ഷത്ത് നിൽക്കാനുള്ള നിർബന്ധബുദ്ധിയാണ് പലരെയും പ്രതികരിക്കാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ നന്മ-തിന്മയെ വിലയിരുത്തുമ്പോൾ സംഭവിക്കാവുന്ന ആപേക്ഷികതയുടെ അപകടം സഭയ്ക്കും ബാധകമാണ്. സ്ഥാനവും സമയവും തെറ്റിയാൽ ഏതു നന്മയും തിന്മയാകാം... സഭയ്ക്കുള്ളിൽ പറയേണ്ടവ പുറത്തു പറയുമ്പോൾ അതു സ്ഥാനം തെറ്റിയ നന്മയാകാം. കാര്യങ്ങളുടെ സമഗ്രത ഗ്രഹിക്കാതെ സമരത്തിനിറങ്ങുമ്പോൾ അത് സമയംതെറ്റിയ നന്മയ്ക്കുവേണ്ടിയുള്ള മുറവിളിയായി മാറാം... അറിഞ്ഞോ അറിയാതെയോ ഈ വിവാദത്തിൽ പലരും സാത്താന്റെ കൈകളിലെ ഉപകരണങ്ങളായി മാറുന്നുണ്ട്. സാത്താന്റെ ഇടപെടലിന്റെ ഏറ്റവും വലിയ സാക്ഷ്യം വ്യക്തികളിൽനിന്ന് സാധാരണയായ വിവേകംപോലും നഷ്ടപ്പെടുത്തുന്നു എന്നതാണ്. സഭയിൽ സത്യവും നീതിയും സ്ഥാപിക്കാൻ എന്ന വ്യാജേന രംഗത്തിറങ്ങുന്നവർ സഭയെത്തന്നെ തകർക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നത് ഈ വിവേകക്കുറവുമൂലമാണ്. വികാരിയച്ചനോ മെത്രാനോ എതിരെ പ്രതിഷേധിക്കാൻ വിശുദ്ധ കുർബാനയ്ക്ക് പ്ലാക്കാർഡുകളുമായി വരുന്നവരും സ്വാർത്ഥലക്ഷ്യങ്ങളെപ്രതി, വൈദികരെയും മെത്രാന്മാരെയും തിരുക്കർമ്മങ്ങൾക്ക് വന്നാൽ തടയുമെന്ന് ഭീഷണിപ്പെടുത്തുന്നവരെയും നയിക്കുന്നത് സമാനമായ അവിവേകമാണ്. ഇത്തരം അവിവേകങ്ങളെ പ്രതിരോധിക്കാൻ കലഹത്തിന്റെ മാർഗം സ്വീകരിക്കുന്നവരും തിന്മയുടെ ശക്തിയുടെ പിടിയിലാണ്...

### പരിഹാരമാർഗങ്ങൾ

ഒന്നാമതായി, തിരുസഭയെ അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ ക്രിസ്തു സ്ഥാപിച്ചതാണെന്ന സത്യം നാം വിശ്വസിക്കണം. അതായത്, സഭയെ സ്ഥാപിച്ച ക്രിസ്തുതന്നെയാണ് സഭയുടെ ഹയരാർക്കിയെയും ഘടനയെയും സ്ഥാപിച്ചത്. ഈ വിശ്വാസം നഷ്ടമായാൽ സഭ എന്നത് കേവലം സങ്കല്പം മാത്രമാകും. മേജർ ആർച്ചുബിഷപ്പിനെയും മെത്രാപ്പോലീത്തമാരെയും സഹായമെത്രാന്മാരെയും ക്രിസ്തുവാണ് നിയമിച്ചത് എന്ന വിശ്വാസം തകർക്കുന്നത് ആത്മഹത്യാപരമാണ്...

രണ്ടാമതായി, സഭയുടെ പ്രശ്നം സഭയ്ക്കുള്ളി



# പാംബ്ലാനി പിതാവിന്റെ വായി'ച്ചിരി'ക്കേണ്ട ലേഖനം!

ഇപ്പന്‍

**ഒ**രു കുസൃതിച്ചിരിയോടെ നമ്മുടെ 'ചര്‍ച്ച് ആക്ട് ആക്ഷന്‍ കൗണ്‍സില്‍' ചെയര്‍മാന്‍ ജോര്‍ജ് ജോസഫ് സാര്‍ വിളിച്ചു. 'പാംബ്ലാനിപ്പിതാവിന്റെ 'പണ്ഡിതോചിതമായ' ഒരു ലേഖനം തടഞ്ഞിട്ടുണ്ട്. ചര്‍ച്ച് ആക്റ്റ് ഗ്രൂപ്പിലിടണോ എന്ന തര്‍ക്കത്തിലാണു ഞാന്‍. നമ്മുടെ ശക്തരായ അണികളെപ്പോലും അതു മാനസാന്തരപ്പെടുത്തിയെന്നു വരാം.' ഞാന്‍ പറഞ്ഞു, 'സാറ് എനിക്കുവേണ്ടി അതു കണിശ്ശമായും ഇടണം. സഭയെപ്പോലെ നവീകരണക്കാരും പുതിയ ആശയങ്ങളെ ഭയപ്പെട്ടാലോ? പാംബ്ലാനിപ്പിതാവിന്റെ ആശയങ്ങളാണു ശരിയെങ്കില്‍ നാളെമുതല്‍ എനിക്ക് അതു പ്രചരിപ്പിക്കാനിറങ്ങി തല്ലുകൊള്ളാമല്ലോ. കഥയിലെ കുടിയന്റെ ഭാര്യയപ്പോലെ, എനിക്കിപ്പോള്‍ തല്ലുകൊള്ളാതെ ഉറക്കം വരില്ലെന്നായിട്ടുണ്ട്. ഉറക്കെച്ചിരിച്ച് ആ നര്‍മ്മം ആസ്വദിച്ചുകൊണ്ടു സാറു പറഞ്ഞു, 'ഇന്നാ പിടിച്ചോ, ഇട്ടിരിക്കുന്നു.'



പീയൂസ് ഏഴാമന്‍ നെപ്പോളിയനോടു പറഞ്ഞ കത്തോലിക്കാ നത്തോലി ഫലിതം ഉദ്ധരിച്ചുകൊണ്ടാണ് ലേഖനാരംഭം. പുരോഹിതവര്‍ഗ്ഗം 17 നൂറ്റാണ്ട് അരിയസു മുക്കി ശ്രമിച്ചിട്ട് സഭയെ തകര്‍ക്കാനായില്ലത്രേ! നവീകരണക്കാരെ സംബന്ധിച്ച് യേശുവിന്റെ ആശയലോകമാണ് സഭ. അതിനെ തകര്‍ക്കാന്‍ നെപ്പോളിയന്‍ മാത്രമല്ല, പീയൂസ് വിചാരിച്ചാലും സാധിക്കില്ല. യേശുവിന്റെ ആശയലോകത്തിന്റെ പ്രയോഗസാക്ഷ്യമായ ആദിമസഭയെ തകര്‍ക്കാന്‍ കോണ്‍സ്റ്റന്റൈന്റെ സഹായത്തോടെ അവര്‍ക്ക് താല്‍ക്കാലികമായി സാധിച്ചു എന്നു സമ്മതിക്കുന്നു. പ്രാചീന ലോകത്ത് രാജാവും മന്ത്രവാദിയും വൈദ്യനും ഒരാള്‍തന്നെ ആയിരുന്നു. നെപ്പോളിയന്‍ രാജാവു മാത്രമായിരുന്നു. അക്കാലത്ത് പോപ്പിനും ബിഷപ്പുമാര്‍ക്കും സൈന്യങ്ങളുണ്ടായിരുന്നു. പോപ്പ് മന്ത്രവാദിയായ രാജാവായിരുന്നു എന്നു ചുരുക്കം. മന്ത്രവാദത്തെ ഭയമില്ലാതിരുന്ന നെപ്പോളിയന്‍ ചട്ടമ്പി ചട്ടമ്പിപ്പോപ്പിനെ അടിച്ചുവീഴ്ത്തി. മലക്കിടപ്പില്‍ കിടന്ന പോപ്പ് പറഞ്ഞ വീരവാദമായി ഈ ദയനീയ ഫലിതത്തെ കണ്ടാല്‍ മതി. തല്ലുകൊണ്ടു സുല്ലിടുമ്പോഴും ചട്ടമ്പിമാര്‍ പറയാറുണ്ടല്ലോ, 'നീയല്ല നിന്റെ തന്ത വിചാരിച്ചാലും എന്റെ ഒരു രോമത്തെപ്പോലും തൊടാനൊക്കില്ലെ'ന്ന്.

സഭ ക്രിസ്തുവിന്റെ ശരീരമായതുകൊണ്ട് സഭയെ തോല്പിക്കാനാവില്ലെന്നാണ് പിതാവിന്റെ അടുത്ത വാദം. പിതാവേ, കോണ്‍സ്റ്റന്റൈന്റെ സഹായത്തോടെ യേശുവിന്റെ കാരുണ്യദര്‍ശനത്തെ അട്ടിമറിച്ച സഭയും യേശുവുമായി കടലും കടലാടിയുമായുള്ള ബന്ധം പോലുമില്ല. പിതാവീ പറയുന്ന സഭ തന്റെ ശരീരം പോയിട്ട് വിസര്‍ജ്യമെങ്കിലുമാണെന്ന് ആരെങ്കിലും പറഞ്ഞാല്‍

---

ലാണ് പരിഹരിക്കേണ്ടത്. ഏതെങ്കിലും രൂപതയുടെ ആഭ്യന്തര പ്രശ്നമാണെന്നു വാദിക്കാന്‍വേണ്ടിപോലും പലരും കോര്‍പറേറ്റു ചാനലുകളുടെ പൊതുവേദിയാണ് പ്രയോജനപ്പെടുത്തുന്നത് എന്നത് വിരോധാഭാസമാണ്. നിങ്ങള്‍ക്കിടയിലെ പ്രശ്നം തീര്‍ക്കാന്‍ കഴിവുള്ള ഒരാള്‍പോലും നിങ്ങള്‍ക്കിടയിലില്ലേ എന്ന ശ്ലീഹായുടെ ചോദ്യം (1 കോറി. 6:6) നമുക്കും ബാധകമല്ലേ? സഭയിലെ പ്രതിസന്ധികളെ കോടതിവ്യവഹാരങ്ങളാക്കി മാറ്റുമ്പോള്‍ വചനത്തെക്കാളും വലുത് നമുക്ക് പീനല്‍കോഡും ക്രിസ്തുവിനെക്കാളും വലുത് ന്യായാധിപനുമായി മാറുന്നു. നീതിപീഠങ്ങളെ സമീപിക്കാനുള്ള പൗരസ്വാതന്ത്ര്യത്തെയും നീതിപീഠങ്ങളെ സഭാനിന്ദയ്ക്കുവേണ്ടി ദുരുപയോഗപ്പെടുത്തുന്നതിനെയും വേര്‍തിരിച്ചു കാണാന്‍ നമുക്ക് കഴിയണം. സഭയുടെ ആഭ്യന്തര പ്രശ്നങ്ങള്‍ സഭാസംവിധാനങ്ങളിലൂടെ പരിഹരിക്കാന്‍ നാം തയ്യാറാവണം... കോടതിവ്യവഹാരങ്ങള്‍ അടിയന്തിരമായി അവസാനിപ്പിച്ച് സഭയുടെ മേശയ്ക്ക് ചുറ്റുമിരിക്കാന്‍ എല്ലാവരും തയാറാണം. സഭാനേതൃത്വത്തിന്റെ നിര്‍ദേശം എല്ലാവരും അനുസരിക്കണം.

മൂന്നാമതായി, പ്രശ്നപരിഹാരത്തിനുവേണ്ടത് സി.എ.ജിയെ വെല്ലുന്ന ഓഡിറ്റു റിപ്പോര്‍ട്ടു തയാറാക്കുന്ന കഴിവുള്ളവരെയോ വാക്‌വിലാസത്തിന്റെ പ്രവാചകരെയോ നീതിയുടെ ഖഡ്ഗം ചുഴറ്റുന്നവരെയോ അല്ല; സഭയെ സ്നേഹിക്കുന്നവരെയാണ്. അതിനാല്‍ സി.എ.ജിമാരും പ്രവാചകന്മാരും തല്‍ക്കാലം നിശ്ശബ്ദത പാലിക്കണം...

നാലാമതായി, സീറോ-മലബാര്‍ സഭയിലെ പ്രഥമ വൈദികകൂട്ടായ്മയായ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികകൂട്ടായ്മ അതിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തിന് ചേര്‍ന്ന ഔന്നത്യം ഉചിതമായ സമയത്ത് പ്രകടമാക്കും എന്ന കാര്യത്തില്‍ ആര്‍ക്കും സംശയം വേണ്ട. സഭയുടെ പ്രതിസന്ധിഘട്ടങ്ങളിലൊക്കെയും ചരിത്രപരമായ ദൗത്യം നിര്‍വഹിച്ച പാരമ്പര്യമാണ് അതിരൂപതയിലെ വൈദികര്‍ക്കുള്ളത്... നഷ്ടമായ

യേശു വീണ്ടും ചമ്മട്ടിയെടുക്കാൻ സാധ്യതയുണ്ട്.

ഫ്രാൻസീസ് അസ്സീസിയെയും മാർട്ടിൻ ലൂഥറിനെയും താരതമ്യപ്പെടുത്തി ഫ്രാൻസീസിന്റെ മഹത്വം പിതാവ് തിളക്കിക്കാട്ടുന്നു. ഫ്രാൻസീസിനെ ഞങ്ങൾക്കും ഇഷ്ടമാണ്. നിങ്ങൾ അമ്പത്തഞ്ചംബാനിമാരുടെ കൂട്ടത്തിലുമുണ്ട് ഒരു ഫ്രാൻസീസ്. സ്വന്തം വൃക്ക അന്യസമുദായക്കാരനു ദാനം ചെയ്ത മുരിക്കൻപിതാവ്. പക്ഷേ, അദ്ദേഹത്തെക്കാളും ഞാൻ ഇഷ്ടപ്പെടുന്നത് യാക്കോബായക്കാരുടെ കൂട്ടത്തിലുള്ള ആ സുന്ദരനായ കൂറീലോസ് മെത്രാനെയാണ്. ഫ്രാൻസീസ് പാപ്പായെപ്പോലെ അദ്ദേഹവും തന്റെ സ്വർണ്ണക്കൂട്ടിലിരുന്നുകൊണ്ട് സ്വന്തം സഭയിലെ ജീർണ്ണതകൾക്കെതിരെ ദുർബലമായ ചിറകുകൾകൊണ്ടാണെങ്കിലും ആഞ്ഞടിക്കുന്നു. ഹയരാർക്കിയുടെ 'ഹൈറ്റി'നെക്കുറിച്ച് ഊറ്റംകൊള്ളുന്ന പാംബ്ലാനിപ്പിതാവ്, ഫ്രാൻസിസ് പാപ്പാ ഫ്രാൻസീസ് അസ്സീസിയുടെ ശൈലിയല്ല സ്വീകരിച്ചിരിക്കുന്നതെന്ന കാര്യം വിസ്മരിക്കുന്നു. പാപ്പായുടെ രണ്ടു പ്രസ്താവനകൾ ഞാൻ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. 'നിങ്ങൾ രൂപതകളിൽ പ്രശ്നമുണ്ടാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.' 'നിങ്ങൾ പുരോഹിതാധിപത്യത്തെ നിർമ്മാർജ്ജനം ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.' ഇതൊക്കെപ്പറഞ്ഞ ഫ്രാൻസീസ് എവിടെ, പന്നിക്കൂട്ടിൽപോയി സുവിശേഷം പ്രസംഗിക്കാൻ പറഞ്ഞ പോപ്പിനെ താണുവണങ്ങിനിന്ന ഫ്രാൻസീസ് എവിടെ? ദേവാലയത്തിനുള്ളിൽ കയറി ലാത്തിച്ചാർജ്ജു നടത്തിയ യേശുവിന്റെ 'ധിക്കാര'ത്തിന് ചരിത്രത്തിൽ സമാനസാക്ഷ്യങ്ങളുണ്ടോ? അതിനുള്ള പ്രതികാരമായിരുന്നു അവിടുത്തേക്കു ലഭിച്ച വധശിക്ഷ. പിതാവേ, മാർട്ടിൻലൂഥറിന്റെ പോരാട്ടങ്ങളെ വിലകുറച്ചു കാണുന്ന അങ്ങ് പൊരുതി മരിച്ച യേശുവിനെ കാണുന്നില്ലേ? അങ്ങേക്ക് ആനയെ കാണാനും വെള്ളെഴുത്തോ? യേശുവിന്റെ പോരാട്ടവും മരണവും യഹൂദമതത്തിൽനിന്നും വ്യത്യസ്തമായ ഒരു മതം ഉരുത്തിരിയാൻ കാരണമായി. അതിന്റെ ശാന്തി മൂന്നു നൂറ്റാണ്ടു കാലം ആദിമസഭയിൽ നിലനിന്നു. ഇന്നും നവീകരണത്തിനിറങ്ങുന്നവരെ സ്വാധീനിക്കുന്നത് യേശുവിന്റെ ആശയങ്ങളല്ലാതെ മറ്റൊന്നുമല്ല. സഭാചരിത്രത്തെമാത്രമല്ല, യൂറോപ്യൻ ചരിത്രത്തെയും ഗണ്യമായി സ്വാധീനിക്കാൻ ലൂഥറിനു കഴിഞ്ഞു. അസ്സീസിയിലെ ഫ്രാൻസീസ് മന്ദമാരുതനായിരുന്നെങ്കിൽ ലൂഥർ പ്രചണ്ഡമായ കൊടുങ്കാറ്റായിരുന്നു. ലൂഥറിന്റെ പ്രവർത്തനം പ്രൊട്ടസ്റ്റന്റ് സഭയുടെ രൂപീകരണത്തിനും സഭയുടെ പിളർപ്പിനും കാരണമായെന്നു കുറ്റപ്പെടുത്തുന്ന പിതാവ്, ക്രിസ്തുവിന്റെ പ്രവർത്തനങ്ങൾ യഹൂദമതത്തിന്റെ പിളർപ്പിനും ക്രിസ്തുമതത്തിന്റെ രൂപീകരണത്തിനും കാരണമായെന്ന സത്യം വിസ്മരിക്കുന്നു.

പിതാവ് നമ്മെ ഉപദേശിക്കുന്നു. നവീകരണക്കാരേ, നിങ്ങളെല്ലാവരും അസ്സീസിയിലെ ഫ്രാൻസീസിനെപ്പോലെ ചാക്കുടുക്കുക. പന്നിത്തവിടു തിന്നുക. കമ്പ്യൂട്ടറുകളെല്ലാം ത്യജിക്കുക. ഞങ്ങളമ്പത്തഞ്ചംബാനിമാർക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുക.

നവീകരണക്കാരുടെ സ്വതന്ത്രചിന്തയെ കഴുത്തുഞെരിച്ചു കൊല്ലുന്നതിന് പിതാവ് പറുദീസയിലെ കല്പവൃക്ഷക്കഥയ്ക്ക് ന്യൂജനറേഷൻ വ്യാഖ്യാനം കൊടുക്കുന്നു. ആ കഥയ്ക്ക് നന്മയും തിന്മയും നാം സ്വയം തീരുമാനിച്ച് സ്വീകരിക്കരുതെന്നാണർത്ഥമത്രേ!

'സത്തർക്കു സംശയനിവാരണയിൽ, പ്രമാണം

സ്വത്ത്വഹൃദയപ്രതിപത്തിയത്രേ.'

നല്ല മനുഷ്യർ നന്മതിന്മകളെക്കുറിച്ച് സംശയമുണ്ടാകുമ്പോൾ സ്വന്തം മനസ്സാക്ഷിയോടു ചേദിച്ചു നോക്കുന്നു. അതേ ഭാരതീയ കവി തുടരുന്നു. 'മൂഢഃ പരപ്രത്യയനേയബുദ്ധിഃ' മണ്ടന്മാർ മറ്റുള്ളവരുടെ വിശ്വാസങ്ങൾക്കനുസരിച്ചു ജീവിക്കുന്നവരാണ്. പാംബ്ലാനിപ്പിതാവിന്റെ ഉള്ളിലി

---

കോടികൾക്കും കോടതിവിധികൾക്കും മുകളിൽ അവർ ദൈവഹിതം നടപ്പിലാക്കും.

അഞ്ചാമതായി, കോടതിവ്യവഹാരങ്ങളും പരസ്യമായ വിഴുപ്പലക്കലുകളും ആത്യന്തികമായി ഭരണനവീകരണ കമ്മീഷനുവേണ്ടി ജസ്റ്റീസ് കൃഷ്ണയ്യർ നിർദേശിച്ച ചർച്ച് ആക്ടിന്റെ നടത്തിപ്പിന് വഴിയൊരുക്കിക്കൊടുക്കുകയാണ്. ചർച്ച് ആക്ടിനെ വരവേൽക്കാൻ കോപ്പുകൂട്ടുന്നവർ എലിയെ കൊല്ലാൻ ഇല്ലം ചുടണമെന്ന് വാദിക്കുന്നവരാണ്. ഒരു വ്യവഹാരത്തിലെ അപര്യാപ്തത പരിഹരിക്കാൻ സർവസ്വത്തും സർക്കാരിന് അടിയറ വയ്ക്കേണ്ട സാഹചര്യം നാമായിട്ട് ഒരുക്കരുത്. പിടിയരിയുടെയും പിരിവിന്റെയും വിലാപങ്ങൾ എന്നേക്കുമായി അപ്രസക്തമായി സഭതന്നെ അന്യാധീനപ്പെടുന്നഅവസരമൊരുക്കാതെ നോക്കാൻ നമുക്ക് ചരിത്രപരമായ ഉത്തരവാദിത്വമുണ്ട്. കൂടാതെ, രാജ്യനിയമവുമായി ഒത്തുപോകുന്ന കാനൻനിയമത്തെ നിക്ഷിപ്ത താൽപര്യങ്ങളോടെ കോടതികളിൽ അപഹസിക്കാൻ അവസരമൊരുക്കരുത്. ദൂരവ്യാപകമായ പ്രത്യാഘാതമുളവാക്കുന്ന ഇത്തരം അക്ഷന്തവ്യമായ അപരാധങ്ങൾ ആവർത്തിക്കാതിരിക്കാൻ നമുക്ക് കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കാം.

അവസാനമായി, കേവലം ശ്രദ്ധക്കുറവിനും സാങ്കേതിക വീഴ്ചകൾക്കും ഉപരിയായി സഭാതലവന്റെ ഭാഗത്തുനിന്ന് വ്യക്തിപരമായ ഗൂഢലക്ഷ്യങ്ങളൊന്നും ഇല്ലായിരുന്നുവെന്നത് എത്ര കടുത്ത വിമർശകർപോലും സമ്മതിക്കുന്ന സത്യമാണ്. അതിനാൽ അനാവശ്യ ചർച്ചകളിലൂടെയും നിയമപോരാട്ടങ്ങളിലൂടെയും സഭാപിതാക്കന്മാരെയും സഭയെയും സംശയത്തിന്റെ പുകമറയിൽ നിർത്തുന്ന പ്രവണത അവസാനിപ്പിക്കാൻ നമുക്ക് ഒരു മനസോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

●

രുപ്പിതാണ്. മണ്ടന്മാരേ, നിങ്ങളുടെ നന്മയും തിന്മയുമൊക്കെ എന്താണെന്ന് ഞങ്ങൾ, മെത്രാൻ സിനഡ് പറഞ്ഞു തരാം. നേർച്ചയിട്ടോളുക. മിണ്ടാതിരുന്നുകൊള്ളുക. ഇതു വായിച്ചപ്പോൾ, മറ്റൊരു മെത്രാൻ വെള്ളാന്തടത്തിലച്ചനോട് പറഞ്ഞതാണ് ഓർമ്മ വന്നത്: 'Who are you to think when we are here'. ഇത്തരം പൊട്ടാസുകളുടെയും ഏറുപടക്കങ്ങളുടെയും മാലപ്പടക്കങ്ങളുടെയും ഗുണ്ടുകളുടെയും ഇടയ്ക്ക് പിതാവ് ഒരു അഞ്ചുനില അമിട്ടു പൊട്ടിക്കുന്നുണ്ട്. അതാണ് 'സ്കൊളാസ്റ്റിക് തത്വചിന്ത! സ്ഥാനവും സമയവും തെറ്റിയാൽ ഏതു നന്മയും തിന്മയുമാകാമത്രേ! പ്രത്യേകിച്ച്, സഭയ്ക്കുള്ളിൽ പറയേണ്ട കാര്യങ്ങൾ പുറത്തു പറയുമ്പോൾ. യേശു തന്റെ യഹൂദമതത്തിനെതിരെ പറഞ്ഞ കാര്യങ്ങൾ എത്ര പേരാണ് വായിച്ചത്? ചരിത്രത്തിലിന്നോളം ഏറ്റവും അധികം വിറ്റഴിഞ്ഞ പുസ്തകം ബൈബിളാണ്.

അടുത്തത് ഒരു ഗർഭം കലക്കി അമിട്ടാണ്. ഈ ലോകത്തിലെ എല്ലാ ഭിന്നതകളും ദൈവവും സാത്താനും തമ്മിലുള്ള സനാതനസംഘർഷത്തിന്റെ ഭാഗമാണത്രേ! ഭിന്ന നിലപാടുകൾ ഉള്ളവരെല്ലാം സാത്താന്മാരാണെന്നു വ്യംഗ്യം. ഈ ആശയത്തിന്റെ പേറ്റൻസി സെന്റ് അഗസ്റ്റിനാണ്. ഭിന്നതകളുണ്ടാവുമ്പോൾ പുരോഗമനം കൊതികാവ്യശകലം ഉദ്ധരിക്കാനുള്ള യോഗ്യത മെത്രാന്മാർക്കല്ലാ, ഞങ്ങൾക്കാണ്.

വിസ്തരിച്ചൊരു ചിരിക്കുള്ള വട്ടം പിതാവ് ഒരുക്കിയിരിക്കുന്നതു കാണുക. സഭയെ നശിപ്പിക്കാൻ ശത്രുക്കൾ കോർപ്പറേറ്റ് മാധ്യമങ്ങളെയും ചാനലുകളെയും കൂട്ടുപിടിച്ചിരിക്കുന്നുവത്രേ! മഴയടുക്കുമ്പോൾ മാക്രികൾ ഒന്നിച്ചുകൂടി പോക്രോം പോക്രോം എന്നു വിലപിക്കും. ഇതാ തങ്ങളുടെ അത്യാസന്നമായ നാശം മുൻകൂട്ടികണ്ട് സീറോ-മലബാർ കോർപ്പറേറ്റ് നീലത്തിമിംഗലഭീമന്റെ അമ്പത്തഞ്ചു ഡയറക്ടർമാരും, 'കോർപ്പറേറ്റ്' 'കോർപ്പറേറ്റ്' എന്നു ജല്പിക്കാൻ തുടങ്ങിയിരിക്കുന്നു. മലയാളത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റ് മാധ്യമമായ മനോരമ വാൽ ആസനപര്യന്തം ചുളിച്ച് നാവുനീട്ടി കൊതിയോടെ തങ്ങളുടെ വിരുന്നുമേശയ്ക്കടിയിൽ കിടക്കുന്നതിനുനേരെ പിതാവ് കണ്ണടയ്ക്കുന്നു. ആവശ്യം വരുമ്പോൾ മാർക്സിസ്റ്റുകാരുടെയും മാർക്സിസ്റ്റു ലെനിനിസ്റ്റുകാരുടെയും മാർക്സിസ്റ്റു ലെനിനിസ്റ്റ് മാവോയിസ്റ്റുകളുടെയും ഭാഷയിൽ പിതാക്കന്മാർ സംസാരിച്ചുകളയും.

പിതാവിന്റെ അടുത്ത മതബോധനം വായിക്കുന്നതിനുമുമ്പ് വായനക്കാർ മുൻകൂർ ജാമ്യം എടുത്തില്ലെങ്കിലും മൂക്കത്തുവിരൽ വെക്കണം. മേജർ ആർച്ചുബിഷപ്പിനെയും മെത്രാപ്പോലീത്താമാരെയും സഹായമെത്രാന്മാരെയും ക്രിസ്തുവാണത്രേ നിയമിച്ചത്! അതുകൊണ്ട് ഞങ്ങളെന്തു ചെറ്റത്തരം കാണിച്ചാലും നിങ്ങൾ കോടതികളിൽ പോകരുത്. പകരം, ഞങ്ങൾക്കുവേണ്ടി നിങ്ങൾ ക്രിസ്തുവിനോടു പ്രാർത്ഥിച്ചുകൊള്ളുക. പരസ്യമായ പ്രതിഷേധങ്ങൾക്കു പോവുകയേ ചെയ്യരുത്. നിങ്ങൾക്ക് പരമാവധി ചെയ്യാവുന്നത് ഞങ്ങളുടെ മേശയ്ക്കു ചുറ്റുംനിന്ന് ചർച്ചചെയ്യുക എന്നതാണ്. ഞങ്ങൾ നിങ്ങൾക്ക് മേൽത്തരം കശുവണ്ടി വറുത്തതും കൊഴുത്ത ചായയും തരാം. 'എന്റെ പിതാവേ, വത്തിക്കാനിൽനിന്നുള്ള വെടക്കു നാറ്റം ഇങ്ങ് ആവിലാവരെയെത്തുന്നു' എന്ന് ഉറക്കെ നിലവിളിച്ച അമ്മത്രേസ്യാ പുണ്യവതിയാണ് ഞങ്ങളുടെ മാതൃക.

അവസാനം പിതാവിന്റെ സഞ്ചിയിൽനിന്നു പൂച്ച വെളിക്കു ചാടി. എല്ലാ വഴികളും റോമിലേക്ക് എന്നു പറഞ്ഞതുപോലെ, എല്ലാ വിഴുപ്പലക്കലുകളും ചർച്ച് ആക്റ്റിലേക്ക് നയിക്കുമത്രേ! അത് എലിയെ പേടിച്ച് ഇല്ലം ചുടലാണ്. എല്ലാം സ്വത്തും സർക്കാരിനു കൊണ്ടുപോയി സമർപ്പിക്കലാണ്. ഏതായാലും ചർച്ച് ആക്റ്റ് ആക്ഷൻ കൗൺസിലിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ സഫലമായി.

ഒരു പിതാവെങ്കിലും തിരുവാ തുറന്നല്ലോ. പിതാവു പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. ഭൂമികുംഭകോണം അറ്റകൈയ്ക്ക് ദൈവം സ്വർഗ്ഗത്തിൽനിന്നിട്ട ആറ്റംബോംബാണ്. വിശ്വാസികളുടെ അലസമായ ചിന്താശക്തിയെ തൊഴിച്ചുണർത്തി ചർച്ച് ആക്ടിലേക്കു നയിക്കാൻ ഭൂമികുംഭകോണം ഒരു ഷോക് ട്രീറ്റ്മെന്റ്പോലെ ഉതകി. നല്ല അടി കിട്ടുമ്പോൾ സുബോധം തിരിച്ചു കിട്ടുന്നതായി ചിത്രീകരിച്ചിട്ടുള്ള സിനിമകൾ നമ്മൾ കണ്ടിട്ടുണ്ടല്ലോ. ഇല്ലം ചുടലല്ല, ഇല്ലം വൃത്തിയാക്കലാണ് ചർച്ച് ആക്ടിന്റെ ലക്ഷ്യം. പഴഞ്ചൊല്ലുപയോഗിച്ച പിതാവ് പ്രശ്നക്കാരനായ ഒരു എലിയുണ്ടെന്നു സമ്മതിക്കുന്നു. അത് ആലഞ്ചേരിയാണോ എടയന്ത്രത്താണോന്നു വ്യക്തമാക്കുന്നില്ലെന്നേയുള്ളു. ചർച്ച് ആക്ട് ഒരു എലിപ്പെട്ടിയാണ് - മക്കൾക്കുള്ള അപ്പം കട്ടുതിന്നുന്ന എലിയെമാത്രം പിടിക്കുന്ന പെട്ടി. ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ വിതരണം ചെയ്യുന്ന 'ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബില്ലി'ന്റെ ഡ്രാഫ്റ്റ് ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ തയ്യാറാക്കിയത്, പിതാവ് മനസ്സിരുത്തി വായിക്കണം. സഭാസ്വത്ത് സർക്കാരിനു കൊണ്ടുപോയി സമർപ്പിക്കുന്ന കാര്യം അതിൽ പറഞ്ഞിട്ടേയില്ല. ഇടവകതലത്തിലും രൂപതാതലത്തിലും സംസ്ഥാനതലത്തിലും സഭാസ്വത്തുഭരണം വിശ്വാസികൾ തെരഞ്ഞെടുക്കുന്ന സമിതിക്കു കൈമാറണം. കാശിനു കണക്കു വേണം. കണക്കു പരിശോധിക്കണം. ഇതൊക്കെയേ പറയുന്നുള്ളൂ. ഇതിലെവിടെ അനീതി? ഇത്രയുംകാലവും നിങ്ങളുടെ കാവൽ നായ്ക്കളായിരുന്ന സർക്കാരുകൾ ചർച്ച് ആക്ട് പാസാക്കുന്നതു മുതൽ നിങ്ങളിലെ കള്ളന്മാരായ എലികളെ മണത്തു പിടികൂടുന്ന പോലീസ് നായ്ക്കളായി മാറും. അതിനെന്തു കുഴപ്പം? നിങ്ങളും ഞങ്ങളും എല്ലാവരുംകൂടി തെരഞ്ഞെടുക്കുന്നതല്ലേ സർക്കാരിനെ? അങ്ങനെ ചർച്ച് ആക്ട് യേശുവിന്റെ കാരുണ്യദർശനസാക്ഷാത്ക്കാരത്തിലേക്കുള്ള ഒന്നാമത്തെ പടിയായി മാറും.

ഫോൺ: 9446561252

# സ്വന്തം ഉൾക്കാഴ്ചയെ കാറ്റിൽപ്പറത്തുന്ന ബിഷപ്പ് പാംബ്ലാനി!



**എ**റണാകുളം – അങ്കമാലി അതിരൂപതാ ഭൂമികുംഭകോണത്തോടും അതു സഭാസമൂഹത്തിലുണ്ടാക്കിയ വൻവിവാദങ്ങളോടും സ്വന്തം നിലയിൽ പ്രതികരിക്കാൻ ഒരു മെത്രാനും ഇതുവരെ തയ്യാറാകാത്ത സാഹചര്യത്തിൽ, ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി അതിനു തയ്യാറായി എന്നത് അങ്ങേയറ്റം സ്വാഗതാർഹമാണ് എന്ന് ആദ്യമേ പറയട്ടെ. സഭയിൽ ഭിന്നതകളുണ്ടാകുന്നതിന്റെ അടിസ്ഥാനകാരണം കൃത്യമായി ചൂണ്ടിക്കാട്ടാൻ അദ്ദേഹത്തിനു കഴിഞ്ഞിരിക്കുന്നു എന്നതും ശ്ലാഘനീയമാണ്. **"ദൈവജനമാണ് തിരുസഭ എന്ന സത്യം ഗ്രഹിക്കുന്നതുവരെ സഭയിലെ ഭിന്നതകൾ അവസാനമില്ലാതെ തുടരും"** എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഏതു സഭാപ്രശ്നത്തെ അപഗ്രഥിക്കുന്നതിലും പരിഹരിക്കുന്നതിലും ആവശ്യമായ ഉൾക്കാഴ്ച നൽകാൻ പോരുന്നതാണ്.

എന്നാൽ തുടർന്നുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഈ ഉൾക്കാഴ്ചയോടു ചേർന്നുപോകുന്നില്ല എന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. ഉദാഹരണത്തിന്, ദൈവജനമാണ് തിരുസഭ എന്നംഗീകരിക്കാത്ത സഭാധികാരികളെയും സമ്പൂർണ്ണമായി അനുസരിക്കണമെന്ന ഒരു വാദഗതിയാണ് ഫ്രാൻസീസ് അസ്സീസിയുടെ നവീകരണ മാർഗ്ഗത്തെ ചൂണ്ടിക്കാട്ടി അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്! ക്രിസ്തുവിനെ ഉൾക്കൊണ്ടുകഴിഞ്ഞ ഒരു വിശ്വാസിക്ക് തന്നിലെ ക്രിസ്തുവിനെയല്ലാതെ, തന്നിലെ ദൈവികതയെയല്ലാതെ, മറ്റാരെയാണ് അനുസരിക്കാൻ കഴിയുക? പിതാവായ ദൈവത്തെ ഉൾക്കൊണ്ട് കയ്യാഫാസിനെ അനുസരിക്കാതിരുന്ന യേശുവാണ്, ക്രൈസ്തവർക്ക് മാതൃകയാകേണ്ടത്; അല്ലാതെ, ഫ്രാൻസീസ് അസ്സീസിയോ മാർട്ടിൻ ലൂഥറോ അല്ല. ഫ്രാൻസീസ് അസ്സീസി യേശുവിന്റെ സ്നേഹദർശനത്തെയും ലാളിത്യത്തെയുമാണ് പ്രതിനിധാനം ചെയ്യുന്നത്; ധീരതയെയോ നീതിബോധത്തെയോ പ്രവാചകത്വത്തെയോ അല്ല. ലൂഥർ യേശുവിന്റെ ധീരതയെമാത്രമാണു പ്രതിനിധാനംചെയ്യുന്നത്. സഭയുടെ അടിസ്ഥാനമൂല്യങ്ങളെ ആധികാരികഭാവത്തോടെ തകർത്തു മുന്നേറിയ അന്നത്തെ സഭാധികാരത്തെ ബദൽവാദമുഖങ്ങളും ദൈവശാസ്ത്രവുമുയർത്തി പ്രതിരോധിക്കാൻ അദ്ദേഹം ധീരതകാട്ടി. ഈ രണ്ടു രീതികളിലുമുള്ള ഭാഗികശരികൾമാത്രമാണ് സ്വീകാര്യം. 15,16 നൂറ്റാണ്ടുകളിലെ അക്രൈസ്തവവും ക്രൂരവും ദൈവനിന്ദാപരവുമായിരുന്ന കത്തോലിക്കാനിലപാടുകളും നടപടികളും ശരിയായിരുന്നുവെന്ന് ബിഷപ്പ് പാംബ്ലാനി ഇന്നും കരുതുന്നതുപോലെ തോന്നുന്നു, അദ്ദേഹത്തിന്റെ ലൂഥർ വിമർശനത്തിൽനിന്ന്.

സ്ഥാനവും സമയവും തെറ്റിയാൽ ഏതു നന്മയും തിന്മയാകാനിടയുണ്ട് എന്നു പറഞ്ഞുകൊണ്ട്, സഭയ്ക്കുള്ളിൽ പറയേണ്ടവ പുറത്തു പറയുന്നതും കാര്യങ്ങൾ സമഗ്രമായി ഗ്രഹിക്കാതെ സമരത്തിനിറങ്ങുന്നതും ശരിയല്ലെന്ന ഒരു വാദവും അദ്ദേഹം മുന്നോട്ടുവയ്ക്കുന്നു. ഇവിടെ ബിഷപ്പ് പാംബ്ലാനി ഒന്നു രണ്ടു കാര്യങ്ങൾക്കു മറുപടി പറയാൻ ബാധ്യസ്ഥനാണ്. അഭിപ്രായവ്യത്യാസങ്ങൾ അവതരിപ്പിക്കാനും കാര്യങ്ങൾ സ്വതന്ത്രമായി ചർച്ചചെയ്യാനും ഇന്നത്തെ സഭാസംവിധാനം എവിടെയാണ് വേദിയൊരുക്കിയിട്ടുള്ളത്? വാടകയ്ക്കെടുത്ത ഹാളുകളിൽപ്പോലും ഗുണ്ടകളെ അയച്ച് ദൈവജനം നടത്തുന്ന ചർച്ചകൾ തടസ്സപ്പെടുത്തുന്ന സഭാധികാരികളാണോ സഭയ്ക്കുള്ളിൽ കാര്യങ്ങൾ അവതരിപ്പിക്കാനും ചർച്ചചെയ്യാനും വേദിയൊരുക്കാൻ പോകുന്നത്?

അതുപോലെതന്നെ, ദൈവജനത്തിന് കാര്യഗ്രഹണശേഷിയില്ലെന്ന് എന്തുകൊണ്ട് മുൻകൂറായി തീരുമാനിക്കുന്നു? അങ്ങനെയെങ്കിൽ, എന്തുകൊണ്ട് എല്ലാമറിയാവുന്ന സഭാമേലദ്ധ്യക്ഷന്മാർ കാര്യങ്ങൾ തുറന്നു പറയാതിരിക്കുന്നു? എങ്കിലല്ലേ, കാര്യങ്ങൾ ശരിയായി ഗ്രഹിക്കാനാകൂ? ഭൂമി കുംഭകോണവിഷയത്തിലും സഭാതലവൻ പുലർത്തിയ മൗനമല്ലേ എല്ലാ പ്രശ്നങ്ങൾക്കും കാരണമായത്? കാര്യം ഗ്രഹിക്കാതെയാണ് സമരത്തിനിറങ്ങിയതെങ്കിൽ, അതിനു കാരണക്കാർ കാര്യങ്ങൾ രഹസ്യമാക്കി വച്ചവരല്ലാതെ മറ്റാരാണ്?

ഇവിടെയെല്ലാം ബിഷപ്പ് പാംബ്ലാനി പുലർത്തുന്ന ഇരട്ടത്താപ്പിനു കാരണം, 'ദൈവജനമാണ് തിരുസഭ' എന്ന സത്യത്തിൽ, അത് ഊന്നിപ്പറഞ്ഞ അദ്ദേഹംതന്നെ ഉറച്ചുനിൽക്കുന്നില്ല

എന്നതാണ്. അദ്ദേഹം മാത്രമല്ല, കത്തോലിക്കാ സഭയിലെ ഒരു മെത്രാൻപോലും ഹൃദയത്തിൽ ഈ സത്യം ഉൾക്കൊണ്ടിട്ടില്ല. നയതന്ത്രപ്രസംഗങ്ങളാണ് ഇവരെല്ലാം നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഒരു കാര്യവുമില്ല. വിശ്വാസികൾ പ്ലാക്കാർഡുകളുമായി കുർബാനയ്ക്കു വരാനും സമരത്തിനിറങ്ങാനും കോടതികൾ കയറാനുമൊക്കെ നിർബന്ധിതരാകുന്നതിന്റെ കാരണം മറ്റൊന്നുമല്ലെന്ന് ബിഷപ്പ് പാംബ്ലാനിക്കും മറ്റു മെത്രാൻമാർക്കും, മന്ദബുദ്ധികളല്ലാത്ത കൊച്ചച്ചന്മാർവരെയുള്ള എല്ലാ പുരോഹിതർക്കും അറിയാം. പക്ഷേ, അതു സമ്മതിക്കാനുള്ള എളിമയോ സത്യസന്ധതയോ ധാർമ്മികധീരതയോ അവർക്കില്ല. കാരണം, 'ദൈവജനമാണ് സഭ' എന്നംഗീകരിച്ചാൽ, അവരെ കേൾക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടിവരും; അവരെ അനുസരിപ്പിക്കാനും ചൂഷണം ചെയ്യാനും ഇപ്പോഴത്തെപ്പോലെ സാധിക്കാതെ വരും. അതുകൊണ്ടാണ് അവരുടെ ഒപ്പമാണെന്നു തോന്നിപ്പിക്കാൻ നയതന്ത്രപ്രസംഗങ്ങളും അവരെ ഒതുക്കാൻ പുരോഹിതനിർമ്മിത ദൈവശാസ്ത്രങ്ങളും നിയമങ്ങളും ഒരുമിച്ചു പ്രയോഗിച്ച് തങ്ങളുടെ പരസ്പരവിരുദ്ധമായ ഇരട്ടമുഖജീവിതത്തെത്തന്നെ അവർ അഭയംപ്രാപിക്കുന്നത്.

നിലപാടിലെ ഈ പരസ്പരവൈരുദ്ധ്യമാണ്, ബിഷപ്പ് പാംബ്ലാനിയുടെ എല്ലാ പരിഹാരനിർദ്ദേശങ്ങളെയും പരിഹാസ്യമാക്കുന്നത്. 'ദൈവജനമാണു തിരുസഭ' എന്ന് ഉറപ്പുള്ള അദ്ദേഹംതന്നെ പറയുന്നു. "...ക്രിസ്തുതന്നെയാണ് സഭയുടെ ഹയരാർക്കിയെയും ഘടനയെയും സ്ഥാപിച്ചത്" എന്നു നാം വിശ്വസിക്കണമെന്ന്! യേശുവിനേത്തുടർന്നുണ്ടായ ആദിമസഭയാണല്ലോ യേശു സ്ഥാപിച്ചതായി പറയാവുന്നത്. അവിടെ ഇന്നത്തെ മാതിരി ശ്രേണീബദ്ധമായ അധികാരഘടന (hierarchical structure) ഉണ്ടായിരുന്നുവെന്നു സ്ഥാപിക്കാൻ ബിഷപ്പ് പാംബ്ലാനിക്കു കഴിയുമോ? തീർച്ചയായും ഇല്ല. പിന്നെ എന്തിനാണദ്ദേഹം കോൺസ്റ്റന്റൈന്റെനേത്തുടർന്ന് സാമ്രാജ്യത്വ ഘടനയിലേക്കു രൂപമാറ്റം നടത്തിയ സഭയുടെയും സഭാഘടനയുടെയും സ്ഥാപകൻ യേശുവാണെന്ന് വിശ്വസിക്കണമെന്നു പറയുന്നത്? കോൺസ്റ്റന്റൈൻ ചക്രവർത്തിയെ ചൂണ്ടിക്കാട്ടി അത് യേശുവാണെന്ന് പറയുന്നതുപോലുള്ള കളവല്ലേ, അത്?

സഭയ്ക്കുള്ളിൽ പരിഹരിക്കേണ്ട പ്രശ്നം കോർപ്പറേറ്റു ചാനലുകളുടെ പൊതുവേദികളിൽ ചർച്ചാവിഷയമാക്കുന്നതും ശരിയല്ലത്രെ! കോർപ്പറേറ്റു പത്രങ്ങളെ സ്വാധീനിച്ചും ഭീഷണിപ്പെടുത്തിയും സഭാവിഷയങ്ങളിൽ ഒരു വാർത്തപോലും വരാതെനോക്കുന്ന മെത്രാന്മാർതന്നെ ഇതു പറയണം! നീതിനിഷേധം നടത്തിയിട്ട്, അതിൽ ഒരു ചർച്ചപോലും നടത്താൻ തയ്യാറാകാത്ത പുരോഹിതധാർഷ്ട്യത്തെ കോടതിയിൽ ചോദ്യംചെയ്താൽ അത് സഭാനിന്ദയാണുപോലും! കോടതിവ്യവഹാരങ്ങൾ അടിയന്തിരമായി അവസാനിപ്പിച്ച് സഭയുടെ മേശയ്ക്കുചുറ്റുമിരിക്കാൻ എല്ലാവരും തയ്യാറാകണമത്രെ! ചുറ്റുമിരിക്കാൻ തയ്യാർ. പക്ഷേ, എവിടെയാണാ മേശ?

ബിഷപ്പിനെ ഏറ്റവും വിഷമിപ്പിക്കുന്നത് ചർച്ച് ആക്ട് നടപ്പായേക്കുമോ എന്ന ഭയമാണ്. അത് എലിയെ കൊല്ലാൻ ഇല്ലം ചുടുന്നതിനു തുല്യമാണെന്നാണദ്ദേഹം വാദിക്കുന്നത്. 'സഭയുടെ സർവ്വസ്വത്തും സർക്കാരിന് അടിയറവയ്ക്കേണ്ട സാഹചര്യം നാമായിട്ട് ഒരുക്കരുത്' എന്നാണദ്ദേഹത്തിന്റെ അഭ്യർത്ഥന. അത് സഭയെത്തന്നെ അന്യാധീനപ്പെടുത്തലായിരിക്കുമത്രെ!

ചർച്ച് ആക്ടിനെക്കുറിച്ച് ഇത്രയും വിധിപ്രസ്താവങ്ങൾ നടത്തുന്നതിനുമുമ്പ്, ഏതാനും പേജുകൾ മാത്രമുള്ള അതൊന്നെടുത്ത് ഇദ്ദേഹം വായിച്ചിരുന്നെങ്കിൽ എന്നോർത്തുപോകുന്നു. അതിനകത്തെ, ഏതു വകുപ്പുകളാണാവോ, സഭാസ്വത്തുക്കൾ സർക്കാരിന് അടിയറവയ്ക്കണമെന്നു നിഷ്കർഷിക്കുന്നത്? ചർച്ച് ആക്ടിലൂടെ സഭ അന്യാധീനപ്പെടുന്നതെങ്ങനെയാണാവോ? ശരിയാണ്, 'സഭയെന്നാൽ മെത്രാനും അച്ചനും മാത്രമാണെന്ന കൊളോണിയൽ സഭാദർശനം' പുലർത്തുന്ന മെത്രാന്മാർക്കും പുരോഹിതൻമാർക്കും സഭാസ്വത്തുക്കൾ അന്യാധീനപ്പെടും എന്നു തോന്നാനിടയുണ്ട്. പക്ഷേ, 'ദൈവജനമാണ് തിരുസഭ' എന്നു കരുതുന്ന ബിഷപ്പ് പാംബ്ലാനിക്ക് അങ്ങനെ തോന്നേണ്ട ഒരു കാര്യവുമില്ല. കാരണം, ചർച്ച് ആക്ട് പ്രകാരം, ദൈവജനമാകുന്ന ഈ തിരുസഭയുടെ കൈകളിലേക്കാണല്ലോ, ഇപ്പോൾ മെത്രാന്മാർ സ്വകാര്യസ്വത്തുപോലെ കൈകാര്യം ചെയ്യുന്ന സ്വത്തുവകകളുടെ ഭരണാവകാശം കൈമാറാൻ പോകുന്നത്. ഓരോ ഇടവകയും രൂപതയും വ്യക്തിസഭയും ട്രസ്റ്റുകളായി രജിസ്റ്റർ ചെയ്യുകയും, ഇടവകകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവർചേർന്ന ട്രസ്റ്റ് അസംബ്ലികളും അവ രൂപം കൊടുക്കുന്ന ട്രസ്റ്റ് കമ്മറ്റികളും ഈ ഓരോ തട്ടിലും ചർച്ചകളും കൂടിയാലോചനകളുംവഴി സുതാര്യമായി ഭരണനിർവ്വഹണം നടത്തുകയും ചെയ്യുമ്പോൾ സഭ എങ്ങനെയാണ് അന്യാധീനപ്പെടുന്നത്? വാസ്തവത്തിൽ, ഭരണഘടനാവിരുദ്ധമായി മാർപാപ്പയിലേക്കും മെത്രാന്മാരിലേക്കും അന്യാധീനപ്പെട്ടുപോയ സഭാസ്വത്തുക്കളുടെയും അവയുടെമേലുള്ള ഭരണാവകാശത്തിന്റെയും അന്തസാർന്ന വീണ്ടെടുപ്പാണ്, അതിലൂടെയുള്ള ദൈവജനത്തിന്റെ സ്വാതന്ത്ര്യമാണ്, ചർച്ച് ആക്ടിലൂടെ സംഭവിക്കുന്നത്. ആദിമസഭയിൽ 3 നൂറ്റാണ്ടും കേരളസഭയിൽ 16 നൂറ്റാണ്ടും നിലനിന്നിരുന്ന പള്ളിയോഗസമ്പ്രദായത്തിന്റെ വീണ്ടെടുപ്പും സഭയിൽ യേശുവിന്റെ പുനരാഗമനവുമാണ് ഇതിലൂടെ സംഭവിക്കാൻ പോകുന്നത്.

രാജ്യനിയമവുമായി ഒത്തുപോകുന്നതാണത്രേ കാനോൻനിയമം! ബലേ ഭേഷ്! ഇന്ത്യയിലെ പള്ളിസ്വത്തുക്കൾ ഇന്ത്യയറിയാതെ വത്തിക്കാൻ രാഷ്ട്രത്തലവനായ മാർപാപ്പയുടേതാക്കുന്നത്, രാജ്യനിയമത്തോടുള്ള ആദരവുകൊണ്ടാണെന്നു നമുക്കു വിശ്വസിക്കാം! 'രാജ്യത്തെ ഏറ്റവും ഉയർന്ന സിവിൽ അധികാരികൾക്കെതിരെവരെ നടപടിയെടുക്കാൻ മാർപാപ്പയ്ക്ക് അധികാരമുണ്ടെന്നു വ്യവസ്ഥചെയ്യുന്ന 1060–ാം വകുപ്പ്, രാജ്യനിയമത്തിനൊത്തു പോകുന്നതാണെന്നും നമുക്ക് അന്ധമായി വിശ്വസിക്കാം.'

യേശുവിലും സുവിശേഷത്തിലുമുള്ള വിശ്വാസത്തേക്കാൾ മാർപാപ്പയിലും കാനോൻനിയമത്തിലും വിശ്വസിക്കുന്ന ബിഷപ്പ് ജോസഫ് പാംബ്ലാനിയെയും മറ്റു മെത്രാന്മാരെയും അവരുടെ വിശ്വാസം രക്ഷിക്കട്ടെ! ●

# ക്രൈസ്തവരുടെ സമൂഹസമ്പത്ത് ഭരിക്കാൻ നിയമം ആവശ്യം (2-ാം ഭാഗം)



**ജോസഫ് പുലിക്കുന്നേൽ**

*[ഫെബ്രുവരി ലക്കത്തിൽനിന്നുള്ള തുടർച്ച. അതിൽ, നമ്മുടെ പള്ളിയോഗസമ്പ്രദായത്തെക്കുറിച്ചുള്ള റവ. ഡോ. സേവ്യർ കൂടപ്പുഴയുടെ ഉദ്ധരണികളായിരുന്നു അവസാനം കൊടുത്തിരുന്നത്. ഇതിൽ മാർ ജോസഫ് പൗവ്വത്തിലിന്റെ ഉദ്ധരണിയിൽ തുടങ്ങുന്നു.]*

## മാർ ജോസഫ് പൗവ്വത്തിൽ

**"എങ്ങനെയാണ് തനിമ നഷ്ടപ്പെട്ടത്?**

പാശ്ചാത്യദേശത്തുനിന്നെത്തിയ പദ്രുവാദോ, പ്രൊപ്പഗാന്താ മെത്രാന്മാർ 16-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സ്ഥാനംപിടിച്ചു. അത് കൊളോണിയൽ വികസനത്തിന്റെ കാലമായിരുന്നു. സഭാപരമായ സംസർഗ്ഗം പരസ്പരം അംഗീകരിച്ചു. പക്ഷേ, ഒരു നൂറ്റാണ്ടിനകം ലത്തീൻസഭ തോമസ് ക്രിസ്ത്യാനിയുടെ അധികാരസംവിധാനം നഷ്ടപ്പെടുത്തുകയും, അവരുടെ ആരാധനാസമ്പ്രദായത്തെ വികലീകരിക്കുകയും പാശ്ചാത്യരീതിയിലുള്ള ദൈവശാസ്ത്രവും ആത്മീയരൂപവൽക്കരണവും നടത്തുകയും ചെയ്തു. അതിന്റെ ഉദ്ദേശ്യം, കുറച്ച് സഭാനേതാക്കന്മാരിലെങ്കിലും ലത്തീൻ സമ്പ്രദായം ഉൾപ്രവേശിപ്പിക്കുകയായിരുന്നു. ഇത് നിർഭാഗ്യവശാൽ ഇന്നും തുടരുന്നു. പാശ്ചാത്യദേശത്തുനിന്നുള്ള മെത്രാന്മാർ ഇവിടെ നടപ്പിലാക്കിയ ഈ കൃത്രിമമായ ഘടകങ്ങൾക്കുവേണ്ടിയുള്ള കൊതി അടുത്ത ഭൂതകാലത്തു നമുക്കുണ്ടായിരുന്ന മാനസികഅടിമത്തത്തിന്റെ തെളിവാണ്..."

"അവരുടെ (ഭാരതക്രിസ്ത്യാനികളുടെ) പ്രത്യേകമായ ദൈവശാസ്ത്രപൈതൃകത്തിന്റെ കാതൽ മാർത്തോമ്മായുടെ നിയമം (മാർ തോമ്മായുടെ മാർഗ്ഗം) എന്ന പദസമുച്ചയത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. അവരുടെ സഭാജീവിതശൈലിയിൽ പ്രത്യേകം പ്രകടമാകുന്ന മുഴുവൻ ക്രൈസ്തവപൈതൃകവും അതിൽ അന്തർലീനമാണ്. ജീവിക്കുന്ന ഒരു ദൈവശാസ്ത്രത്തിന്റെ ചലനാത്മകമായ ആവിഷ്കാരമാണ് 'തോമ്മായുടെ മാർഗ്ഗം...".

"അവർക്ക് (തോമസ് ക്രിസ്ത്യാനികൾക്ക്), അവരുടേതായ സഭാസമ്പ്രദായം ഉണ്ടായിരുന്നു. അതിൽ പ്രാദേശികസഭയെക്കുറിച്ചുള്ള ദൈവശാസ്ത്രം ഒരു ജീവിക്കുന്ന യാഥാർത്ഥ്യമായിരുന്നു. പ്രാദേശികവൈദികരുടെ നേതൃത്വത്തിലുള്ള പള്ളിയോഗം സഭ ദൈവജനമാണെന്ന ആശയത്തിന്റെ സഭാശാസ്ത്രപരമായ യാഥാർത്ഥ്യമായിരുന്നു... അത് ഒരു ഭരണസംവിധാനം മാത്രമായിരുന്നില്ല. പ്രാദേശികപള്ളിയോഗങ്ങളുടെ രൂപീകരണത്തിൽ മൺറം എന്നറിയപ്പെട്ടിരുന്ന ദ്രാവിഡസംഘങ്ങളുടെ സ്വാധീനം ഉണ്ടായിരുന്നിരിക്കാം. പള്ളിയോഗം പരസ്പരം പങ്കുവയ്ക്കുന്ന സമൂഹത്തിന്റെ പ്രകാശനമാണ്....."

"......പ്രാദേശികസഭകളുടെ ഭരണം പ്രായപൂർത്തിയായ പുരുഷന്മാരും പുരോഹിതരും ഉൾക്കൊള്ളുന്ന യോഗത്തിൽ നിക്ഷിപ്തമായിരുന്നു. പ്രായം ചെന്ന വൈദികനായിരുന്നു യോഗത്തിന്റെ അധ്യക്ഷത വഹിച്ചിരുന്നത്.. തോമസ് ക്രിസ്ത്യാനികളുടെ സഭാസംവിധാനം അവരുടെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരികപശ്ചാത്തലത്തിൽ വികസിപ്പിച്ചെടുത്തതായിരുന്നു"(Acts of the Synod of Bishops of the Syro-Malabar Church-പേജ്, 65,71,72,74,75).

## ഡോ. ജോസ് കുറിയേടത്ത്

"വൈദികരും അൽമായരുമായിരുന്നു യോഗത്തിലെ അംഗങ്ങൾ. ഇടവകയിലെ പ്രായംചെന്ന വൈദികനായിരുന്നു അധ്യക്ഷൻ. മറ്റു വൈദികരും അൽമായരും ആയിരുന്നു അംഗങ്ങൾ. പൊതുയോഗത്തിൽ ആർച്ചു ഡീക്കൻ അധ്യക്ഷനായിരുന്നു. അത്മായരായ അംഗങ്ങളെക്കുറിച്ച് ചില രേഖകൾ ഇടവകയിലെ ബഹുമാന്യരായ അംഗങ്ങൾ എന്നും, ചിലവയിൽ ചന്തയിലെ മുതിർന്നതെന്നും വിവരിക്കുന്നു...... എങ്കിലും ചില രേഖകൾ എല്ലാ പുരുഷഅംഗങ്ങളും യോഗത്തിൽ പങ്കെടുത്തിരുന്നു എന്നു പറയുന്നു. ഭരണനിർവഹണസമിതി എന്ന നിലയിൽ, തോമസ് ക്രിസ്ത്യാനികളുടെ ഇടയിൽ യോഗം ഇന്നും നിലനിൽക്കുന്നു. പക്ഷേ വളരെയധികം വ്യത്യാസങ്ങൾ ഇന്നു വന്നുചേർന്നിരിക്കുന്നു. ദീർഘപാരമ്പര്യത്തെ സംബന്ധിച്ചുള്ള തെളിവുകളിൽനിന്നും, മുൻകാലയോഗങ്ങളെക്കുറിച്ച് ഉറപ്പായി പറയാവുന്ന ചില കാര്യങ്ങൾ താഴെ കൊടുക്കുന്നു:

നിശ്ചയമായും അത് പുരുഷന്മാരുടേതു മാത്രമായുള്ള, അതും ഭൂരിപക്ഷവും പ്രായംചെന്നവരുടെ, ഒരു സമിതിയായിരുന്നു. അക്കാലത്തെ കുടുംബങ്ങൾ വിഭജിതമാകാതെ ദീർഘകാലം നിലനിന്നിരുന്നു, സ്വാഭാവികമായും കുടുംബത്തലവന്മാർ പ്രായം വളരെ കവിഞ്ഞവരായിരുന്നു. ആധുനികകാലത്തുപോലും ചില ആഭിജാതകുടുംബങ്ങൾ വച്ചുപുലർത്തുന്ന പദവിബോധവും കുലീനവർഗ്ഗമെന്ന വിചാരവും കണക്കിലെടുത്താൽ, കുലീനവിഭാഗങ്ങളിൽപ്പെട്ട തറവാടുകളിലെ കുടുംബത്തലവന്മാരുടേതായ ഒരു സമിതിയായിരുന്നു അക്കാലത്തെ യോഗം എന്ന് ഏതാണ്ട് തീർച്ചയായിത്തന്നെ പറയാം.

"എന്തായാലും, അവർ പള്ളിക്കാര്യങ്ങൾ വൈദികർക്കുമാത്രമായി വിട്ടുകൊടുത്തില്ല എന്ന്, ഈ സമുദായത്തിന്റെ പൂർവികരെപ്പറ്റി, അവരർഹിക്കുന്ന ബഹുമാനത്തോടെ പറയേണ്ടിയിരിക്കുന്നു. ഭരണകാര്യങ്ങളിൽ

ജനങ്ങളിൽ ഒരു വിഭാഗത്തിന്റെയെങ്കിലും മതിയായ പങ്കാളിത്തമുണ്ടായിരുന്നു. ആധുനിക ജനാധിപത്യ തത്വങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും സമത്വാധിഷ്ഠിതപങ്കാളിത്തം പ്രതീക്ഷിക്കുകയെന്നാൽ അതു തീർത്തും യാഥാർത്ഥ്യബോധമില്ലായ്മയായിരിക്കും; പ്രത്യേകിച്ചും, അത്തരം ആദർശങ്ങൾ ഇന്നുപോലും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ"(Authority in the Catholic Community in Kerala- പേജ്, 92, 93- സ്വതന്ത്ര തർജമ).

## റവ.ഡോ. ജേക്കബ് കൊല്ലാപറമ്പിൽ

"സഭയുടെ ഐഹികകാര്യങ്ങൾ നിയന്ത്രിച്ചു നടത്തുന്നതിന് അവർക്ക് അവരുടേതായ ഒരു സമ്പ്രദായമുണ്ടായിരുന്നു. ഓരോ പള്ളിയുടെയും സ്വത്തുക്കൾ ഭരിച്ചിരുന്നത്, തദ്ദേശീയസമുദായത്തിലെ എല്ലാ പുരുഷന്മാരും ഉൾപ്പെട്ടയോഗം തിരഞ്ഞെടുക്കുന്ന ഒരു സമിതിയായിരുന്നു. തദ്ദേശവൈദികരുടെ പരിപാലനത്തിനുള്ള ഉത്തരവാദിത്വം യോഗത്തിനായിരുന്നു. ഇതിനുവേണ്ടിയുള്ള സഞ്ചിതധനം, സാധാരണയായി, യോനായുടെപേരിലുള്ള മൂന്നുനോമ്പുദിനങ്ങളിലും, വലിയനോമ്പുകാലത്തും, മറ്റവസരങ്ങളിലുമായി വിശ്വാസികളിൽനിന്നു ശേഖരിക്കുകയാണ് ചെയ്തിരുന്നത്...."

"മെത്രാൻശുശ്രൂഷ നൽകാനെത്തിയ മെത്രാന്മാരോടൊപ്പവും, മലബാർ സഭയുടെ ഈ സഹജമായ ഭരണസമ്പ്രദായം അഭംഗുരം തുടർന്നു. മെത്രാപ്പോലീത്തായുടെ കീഴിൽ, സഭയുടെ ഏറ്റം ഉൽകൃഷ്ടപദവിയിലുള്ളത് അർക്കദിയാക്കോനായിരുന്നു. ഭരണം സംബന്ധിച്ച മുഖ്യകാര്യങ്ങൾ അദ്ദേഹമാണ് നിർവഹിച്ചിരുന്നത്. പ്രാദേശിയസമുദായങ്ങൾ തങ്ങളുടെ യോഗങ്ങളിലൂടെ പ്രാദേശികകാര്യങ്ങൾ നിർവഹിക്കുന്നു. എല്ലാ തദ്ദേശവൈദികരും അവർ വികാരിയുടെയോ ഇടവകവൈദികന്റെയോ ചുമതല വഹിക്കാതെതന്നെ, തങ്ങളുടെ വൈദികവേതനവും മേൽവരവുകളും പങ്കുവെച്ചുകൊണ്ട്, വൈദികശുശ്രൂഷയിൽ തുല്യമായി പങ്കുവഹിച്ചിരുന്നു. തദ്ദേശസമുദായത്തിന്റെ വരുമാനസ്രോതസ്സുകൾ, ഏറിയോ കുറഞ്ഞോ മുമ്പിലത്തേതുപോലെതന്നെ നിലനിന്നു"(സ്വതന്ത്ര തർജമ, The St. Thomas Christians Revolution in 1653 - പേജ് : 23,24).

പ്രശസ്തരായ ചരിത്രകാരന്മാരും, ചരിത്രകാരന്മാരായ മെത്രാന്മാരും ഭാരതസഭയ്ക്ക് അതിന്റേതായ സഭാഭരണസമ്പ്രദായമുണ്ടായിരുന്നു എന്ന് ചരിത്രവസ്തുതകൾ നിരത്തിവെച്ച് തറപ്പിച്ചുപറയുന്നു.

എന്നാൽ ഈ തനിമയാർന്ന സഭാസമ്പ്രദായം, വിദേശീയരായ പോർട്ടുഗീസുകാരും യൂറോപ്യൻ സഭാനേതൃത്വവും തകർത്തുകളഞ്ഞു. മുൻ ഉദ്ധരിച്ച മാർ ജോസഫ് പൗവ്വത്തിലിന്റെ പ്രസ്താവനയിൽ പറഞ്ഞ ഭാഗം വീണ്ടും ഇവിടെ എടുത്ത് ഉദ്ധരിക്കട്ടെ : "അതികേന്ദ്രീകൃതമായ ഭരണവ്യവസ്ഥയുള്ള പാശ്ചാത്യസഭയുടെ അംഗങ്ങളായി യൂറോപ്പിൽനിന്നും ഇവിടെയെത്തിയ പോർട്ടുഗീസുമിഷനറിമാർക്ക്, റോമൻ പാരമ്പര്യങ്ങളിൽനിന്നും വ്യത്യസ്തമായ, സഭാപാരമ്പര്യങ്ങൾ മനസ്സിലാക്കാനായില്ല......"

ഭാരതത്തിൽ കോളണി സ്ഥാപിക്കാനെത്തിയ പാശ്ചാത്യരാഷ്ട്രങ്ങളെപിൻപറ്റി ഇവിടെ എത്തിയ പാശ്ചാത്യമിഷണറിമാരാണ് (LATER) ഭാരതസഭയുടെ പൗരാണികപാരമ്പര്യത്തെ നശിപ്പിച്ചത് എന്ന മാർ പൗവ്വത്തിലിന്റെ പ്രസ്താവന ഇവിടുത്തെ ഗവണ്മെന്റുകളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.

ചരിത്രകാരനായ റവ.ഡോ. കൂടപ്പുഴ എഴുതുന്നു:

## "സഭാവിഭാഗങ്ങൾ

ഇന്ന് കേരളത്തിൽ വിവിധ സഭാസമൂഹങ്ങളുണ്ട്. ഈ സഭാസമൂഹങ്ങൾക്ക് വ്യത്യസ്തമായ വിശ്വാസആചാരക്രമങ്ങൾ ഉണ്ട്. എങ്കിലും അവർക്കെല്ലാം പൊതുപൈതൃകമായുള്ളത്, ബൈബിളും, ക്രിസ്തുവിന്റെയും അപ്പോസ്തലന്മാരുടെയും പഠനങ്ങളുമാണ്. ക്രൈസ്തവവിശ്വാസം ലോകത്തിലെ വിവിധ ജനതകളിൽ പ്രചരിക്കയും അവിടവിടങ്ങളിൽ, അവിടുത്തെ സമൂഹസമ്പ്രദായങ്ങളും ദേശീയസംസ്കാരവും ക്രൈസ്തവർ സ്വീകരിക്കയും ചെയ്തു.

ഭാരതത്തെ സംബന്ധിച്ചിടത്തോളം എല്ലാ ക്രൈസ്തവർക്കും, ബൈബിൾ അടിസ്ഥാനത്തിൽ, ദേശീയ സംസ്കാരത്തിന്റെ ഭൂമികയിൽ വളർത്തിയെടുത്ത സമൂഹസമ്പ്രദായം ഭാരതത്തിലെ ക്രൈസ്തവരുടെ പൊതുപൈതൃകമാണ്. ആ പൊതുപൈതൃകത്തിന്റെ അടിസ്ഥാനശില, പ്രാദേശികസഭകളുടെ സ്വയംഭരണാധികാരമാണ്. ഈ സ്വയംഭരണാവകാശങ്ങളിൽ രണ്ടു സ്രോതസ്സുകളുണ്ട്. (1) ഭൗതികവസ്തുക്കളുടെ ഭരണം (2) ആദ്ധ്യാത്മികപ്രബോധനവും ആചാരക്രിയകളും.

അപ്പോസ്തലകാലം മുതൽ ഈ വിഭജനം സഭയിൽ ഉണ്ടായിരുന്നു. ഭാരതസഭയിലും അഭംഗുരം അതു തുടർന്നു.

16-ാം നൂറ്റാണ്ടിലാണ് പാശ്ചാത്യകൊളോണിയൽ മേധാവികൾ ഇവിടെ എത്തിയത്. ഭാരതത്തിന്റെമേൽ കൊളോണിയൽ ആധിപത്യം സ്ഥാപിച്ച യൂറോപ്യൻ രാഷ്ട്രങ്ങളെല്ലാംതന്നെ സ്വയം ക്രൈസ്തവർ എന്ന് വിവരിച്ചവരായിരുന്നു. എങ്കിലും ഈ കൊളോണിയൽ രാഷ്ട്രങ്ങളെല്ലാം ക്രൈസ്തവസഭയിലെ വ്യത്യസ്തങ്ങളും പരസ്പരം പോരടിച്ചിരുന്നതുമായ സഭകളുടെ പ്രതിനിധികളായിരുന്നു. പോർട്ടുഗീസുകാർ കത്തോലിക്കരായിരുന്നു. ഫ്രാൻസ്, എല്ലാ ക്രൈസ്തവസഭകളും സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന രാഷ്ട്രമായിരുന്നു. ഡച്ചുകാരും ബ്രിട്ടീഷുകാരും പ്രോട്ടസ്റ്റന്റുകാരായിരുന്നു.

രാഷ്ട്രീയ കൊളോണിയലിസത്തോടൊപ്പം, അതത് രാഷ്ട്രങ്ങളിലെ സഭകളുടെ കൊളോണിയൽ ആധിപത്യം ഇന്ത്യയിലേക്കു വ്യാപിപ്പിക്കാൻ ഈ രാഷ്ട്രങ്ങൾ പരിശ്രമിച്ചു.

ഇന്ത്യയിൽ ആദ്യമായി എത്തിയ കൊളോണിയൽ രാഷ്ട്രം കത്തോലിക്കാസഭയുടെ ശക്തികേന്ദ്രമായ

പോർട്ടുഗൽ ആയിരുന്നു. പോർട്ടുഗീസുകാർ, ഇവിടുത്തെ പുരാതനക്രൈസ്തവരിൽ അവരുടെ ആധിപത്യം ഉറപ്പിക്കുന്നതിനും അവരുടെ സഭാഘടനാരീതി അംഗീകരിപ്പിക്കുന്നതിനും പരിശ്രമിച്ചു. 1599-ൽ ഗോവായിലെ ആർച്ചുബിഷപ്പായ അലക്സിസ് മെനസ്സിസ് കൊച്ചി രാജാവിന്റെ പിന്തുണയോടെ ഒരു അനധികൃത സൂനഹദോസു വിളിച്ചുകൂട്ടി. കേരളത്തിലെ ക്രൈസ്തവരെ റോമാ മാർപ്പാപ്പായ്ക്ക് കീഴിലാക്കി (കാണുക Synod of Diamper, Mar Thomas Tyaliuathm Bishop oif Rajkot). തുടർന്ന്, പാശ്ചാത്യസഭാസമ്പ്രദായമനുസരിച്ച് പള്ളികൾ പിടിച്ചെടുക്കാൻ ആരംഭിച്ചു. കേരളത്തിലെ ക്രിസ്ത്യാനികൾ ഒറ്റക്കെട്ടായി ഈ വിദേശമത കൊളോണിയലിസത്തെ എതിർക്കുകയും 1653-ൽ പള്ളിപ്രതിനിധികൾ മട്ടാഞ്ചേരിയിലെത്തി "തങ്ങളും തങ്ങളുടെ വരുംതലമുറകളും പാശ്ചാത്യരുടെ (പൗലസ്ത്യർ) കീഴിൽ ഇരിക്കയില്ലെന്ന് സത്യം ചെയ്തു. ചരിത്രത്തിൽ കൂനൻകുരിശു സത്യമെന്നറിയപ്പെടുന്ന ഈ പ്രക്ഷോഭണമാണ് ഇന്ത്യയിൽ വിദേശികൾക്കെതിരെ നടത്തിയ ആദ്യത്തെ സ്വാതന്ത്ര്യസമരം.

കൂനൻകുരിശുസത്യത്തെത്തുടർന്ന് പോർട്ടുഗീസുകാർ കേരളം വിട്ടെങ്കിലും, പുറംവാതിലിലൂടെ ഇറ്റലിയയിൽനിന്നെത്തിയ വിദേശമിഷണറിമാർ കേരളക്രൈസ്തവരുടെമേൽ ആധിപത്യം നേടുന്നതിനു പരിശ്രമിച്ചുപോന്നു.

പാശ്ചാത്യർ ഈ ക്രൈസ്തവരുടെമേൽ നടത്തിയ കൈയേറ്റത്തെയാണ് മാർ പൗവ്വത്തിൽ ലത്തീനീകരണം എന്നു വിവരിക്കുന്നത്.

കൂനൻ കുരിശുസത്യത്തിൽവെച്ച് ക്രൈസ്തവസമുദായം രണ്ടായി വിഭജിക്കപ്പെട്ടു. കൂനൻകുരിശു സത്യത്തിൽ ഉറച്ചുനിന്നവരാണ് ഇന്നത്തെ ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ സഭയിലെ അംഗങ്ങളുടെ പൂർവികർ. പക്ഷേ, ഈ സഭകളിലും കേന്ദ്രീകൃതമായ സഭാഭരണമാണ് ഏറ്റക്കുറച്ചിലുകളോടെ നിലനിൽക്കുന്നത്.

കത്തോലിക്കാ മിഷണറിമാർ ഇവിടെ മാനസാന്തരപ്പെടുത്തിയ വിഭാഗങ്ങളെ ഇന്നും ലത്തീൻകാർ എന്ന് വിവരിക്കുന്നു. അവരും അക്രൈസ്തവമായ പാശ്ചാത്യസഭാഘടനാസമ്പ്രദായം സ്വീകരിക്കാൻ നിർബന്ധിതരായി.

ഈ ക്രൈസ്തവസമൂഹങ്ങളുടെ സമ്പത്ത് ഇന്ന് പുരോഹിതകേന്ദ്രീകൃതമായ പാശ്ചാത്യസഭാപാരമ്പര്യങ്ങളിലാണ് കൈ ഊന്നുന്നത്. ഈ വിദേശസഭാനിയമത്തിന്റെ അടിസ്ഥാനത്തിൽ ഇടവകപ്പള്ളികളുടെമേൽ ജനങ്ങൾക്കുണ്ടായിരുന്ന എല്ലാ അവകാശങ്ങളും നഷ്ടപ്പെട്ടു.

ഹിന്ദുസമൂഹത്തിൽ ഒരുകാലത്തു നിലനിന്ന ബ്രാഹ്മണാധിപത്യവും, ഇസ്ലാം സമുദായത്തിൽ നിലനിന്ന ഘാസി-ഇമാം സമ്പ്രദായവും, സിക്കുകാരുടെ ഇടയിൽ നിലനിന്ന മഹന്തുസമ്പ്രദായവും കൂടുതൽ രൂക്ഷമായി ഇന്ന് ഇന്ത്യയിലെ ക്രൈസ്തവസമൂഹത്തിൽ നിലനിൽക്കുന്നു.

ഭാരതസഭയ്ക്കുണ്ടായിരുന്ന ഈ തനിമയാർന്ന സഭാഘടനാരീതിയെ പാശ്ചാത്യ മതകൊളോണിയലിസം തകർക്കുകയാണുണ്ടായത്.

സഭയുടെ ഈ ആപ്പസ്തോലപാരമ്പര്യത്തിന്റെ പുനരുജ്ജീവനമാണ് ഒരു ക്രിസ്ത്യൻ നിയമംകൊണ്ടു നടപ്പിലാക്കേണ്ടത്.

ആ നിയമത്തിൽ, ഭാരതസഭയുടെ പൂർവപാരമ്പര്യമനുസരിച്ച് പള്ളിസ്വത്തുക്കളുടെ ഭരണം പള്ളിയോഗത്തിൽ നിക്ഷിപ്തമാക്കണം. പള്ളിയുടെയും പള്ളിവക സ്ഥാപനങ്ങളുടെയും ഉടമാവകാശം അതത് ഇടവകജനങ്ങളുടെ പൂർണ്ണഅധികാരത്തിലുള്ള ഒരു ട്രസ്റ്റിൽ നിക്ഷിപ്തമായിരിക്കണം. ആത്മീയ ശുശ്രൂഷകർക്ക് ഭൗതികസമ്പത്തിന്റെ ഭരണത്തിൽ പങ്കുണ്ടായിരിക്കരുത്. (ദൈവത്തിനുള്ളത് ദൈവത്തിനും, സീസറിനുള്ളത് സീസറിനും എന്ന ക്രിസ്തുവിന്റെ നിർദ്ദേശം ഓർക്കുക).

(2) ഇപ്പോൾ രൂപതയുടെ ഒരു ഭരണവിഭാഗമായാണ് ഇടവകകളെ കണക്കാക്കുന്നത്. എന്നാൽ സ്വതന്ത്ര ഇടവകകളുടെ കൂട്ടായ്മയാണ് രൂപത. എന്ന കാഴ്ചപ്പാടിലായിരിക്കണം നിയമം ഉണ്ടാക്കേണ്ടത്. രൂപതയുടെ ആദ്ധ്യാത്മികശുശ്രൂഷകനായ മെത്രാന്, പള്ളികളുടെ സാമ്പത്തികകാര്യങ്ങളിൽ ഒരു അധികാരവും ഉണ്ടാകാൻ പാടില്ല. രൂപതകൾ സ്വമേധയാ നൽകുന്ന സംഭാവനകൾ കൊണ്ടായിരിക്കണം രൂപതാകാര്യങ്ങൾ നടത്തേണ്ടത്. രൂപതകളുടെ ആദ്ധ്യാത്മിക - ഭൗതികഭരണത്തിനായി പൂർവപാരമ്പര്യമനുസരിച്ചുള്ള പ്രാദേശികയോഗങ്ങളായിരിക്കണം ഉണ്ടാകേണ്ടത്. രൂപതയുടെ സാമ്പത്തികകാര്യങ്ങൾ പ്രാദേശികയോഗത്തിന്റെ പൂർണ്ണമായ നിയന്ത്രണത്തിലായിരിക്കണം.

പൂർവസഭാപാരമ്പര്യമനുസരിച്ച് പല രൂപതകൾ കൂടിയുള്ള പൊതുയോഗമായിരിക്കണം, സമുദായത്തെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനിക്കേണ്ടത്.


ശുശ്രൂഷകരുടെ ജീവിതത്തിനാവശ്യമായ ശമ്പളം അതാത് സമിതികളാണ് തീരുമാനിക്കേണ്ടത്. ഓരോ ഭരണതലത്തിലും വ്യക്തവും സുതാര്യവുമായ കണക്കും ഓഡിറ്റിംഗും ആവശ്യമാണ്.

സഭയുടെ ഭരണത്തിൽ ഗവണ്മെന്റിന് ഇടപെടാൻ അവകാശമുണ്ടായിരിക്കയില്ല. എന്നാൽ കാര്യങ്ങൾ നിയമാനുസരണം നടക്കുന്നില്ലെങ്കിൽ ഹൈക്കോടതിക്ക് ഇടപെടാം എന്ന വകുപ്പും നിയമത്തിലുണ്ടാകണം.

ക്രൈസ്തവരുടെ സമൂഹസമ്പത്തു ഭരിക്കുന്നതിനുണ്ടാക്കുന്ന നിയമം പൂർണ്ണമായും സുവിശേഷാധിഷ്ഠിതവും ഭാരതസഭാപാരമ്പര്യങ്ങൾ അനുസരിച്ചുള്ളതും ആയിരിക്കണം.

(അവസാനിച്ചു) ●

# മേജർ ആർച്ച് ബിഷപ്പിന്റെ ഭൂമികച്ചവടവും മെത്രാന്മാരുടെ എപ്പിക്യൂരിയനിസവും (4-ാം ഭാഗം)



**എം.എൽ. ജോർജ് മാളിയേക്കൽ** (ജന. സെക്രട്ടറി, കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ)

**ദൈ**വത്തിൽനിന്നും ദൈവജനത്തിൽനിന്നുമകന്ന് ഭൗതികാധികാരത്തിൽ കേന്ദ്രീകരിച്ചുള്ള ഭരണക്രമമാണ് റോമൻ സഭയുടേത്. റോമിനെ കേന്ദ്രമാക്കിയുള്ള പാശ്ചാത്യ - പൗരസ്ത്യസഭകളുടെ പൈതൃകവും ഇതുതന്നെയാണ്. മുകളിൽനിന്ന് താഴോട്ടുള്ള ഭരണക്രമമാണ് റോമിന്റേത്. ഉന്നതർക്ക് അനുകൂലമായ ഈ വ്യവസ്ഥിതി ക്രിസ്തീയമല്ല; മാമോനികമാണ്. നൂറ്റാണ്ടുകൾ നീണ്ട നിരീക്ഷണ പരീക്ഷണങ്ങളിലൂടെ റോം രൂപപ്പെടുത്തിയതാണ് കാനോൻ നിയമം. കാനോൻ നിയമത്തിന് ഉപോൽബലകമായ പ്രമാണങ്ങൾ മിക്കതും വ്യാജരേഖകളാണ്. പോപ്പിനും കർദ്ദിനാൾമാർക്കും മേജർആർച്ചുബിഷപ്പുമാർക്കും അതിരൂപതാബിഷപ്പുമാർക്കും രൂപതാബിഷപ്പുമാർക്കും അധികാരവും ആധിപത്യവും അപ്രമാദിത്വവും ഉറപ്പിക്കുന്നതാണ് കാനോൻനിയമം. വിശ്വാസിസമൂഹത്തെ അടിമത്തത്തിലാക്കുന്നതാണ് ഈ നിയമം. സത്യംഗ്രഹിക്കാൻ സാധാരണ മനുഷ്യന് കഴിയാത്തവിധം, പുരോഹിതവർഗ്ഗത്തിന്റെ അടിമത്തമാണ് രക്ഷയുടെ മാർഗ്ഗമെന്നു ചിന്തിക്കുന്ന ഒരു ജനസമൂഹത്തെ വാർത്തെടുത്തിരിക്കുന്നത് കാനോൻ നിയമംവഴിയാണ്. സീറോ - മലബാർസഭാ മേജർ ആർച്ചു ബിഷപ്പ് ജോർജ് ആലഞ്ചേരി നടത്തിയ ഭൂമി വില്പന കുംഭകോണം സംബന്ധിച്ച ചാനൽ ചർച്ചകളിൽ, സീറോ - മലബാർ സേവ്ഫോറവും 'എറണാകുളം ആർച്ചു ഡയോസിസ്സൻ മൂവ്മെന്റും' ഇന്ത്യൻകാത്തലിക് ഫോറവും മറ്റും പുരോഹിതവർഗ്ഗത്തിന്റെ അടിമത്തത്തിൽ കഴിയുന്നതാണ് രക്ഷയുടെ മാർഗ്ഗമെന്ന് ചിന്തിക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണെന്ന സന്ദേശമാണ് സമൂഹത്തിൽ പരത്തിയത്.

നിയമനിർമ്മാണാധികാരവും നിയമവ്യാഖ്യാനാധികാരവും നിയമനിർവ്വഹണാധികാരവും മെത്രാനിൽമാത്രം നിക്ഷിപ്തമാക്കിയിരിക്കുന്ന ഒന്നാണ് കാനോൻ നിയമം. മെത്രാനടക്കമുള്ള പുരോഹിതരെയോ സന്യസ്തരെയോ കോടതികളിലോ സർക്കാർ ഡിപ്പാർട്ട്മെന്റ് അധികാരികളുടെ പക്കലോ പ്രതികളോ സാക്ഷികളോ ആക്കാൻ പാടില്ലെന്നും കാനോൻനിയമം വിലക്കിയിരിക്കുന്നു. കാനോൻനിയമങ്ങളെയോ അതിൽനിന്നുളവാകുന്ന കാര്യങ്ങളെയോ സംബന്ധിച്ച് പുരോഹിതരെ ആശ്രയിക്കുകയല്ലാതെ ഒരു ക്രൈസ്തവവിശ്വാസിയും ഇവയെ എതിർക്കാനോ നിയമനടപടികൾ സ്വീകരിക്കാനോ പാടില്ലെന്നും ഈ നിയമം അനുശാസിക്കുന്നു.

ദൈവകല്പനകൾപോലെ അനുസരിക്കാൻ, കാനോൻനിയമം ഒരു ദൈവികനിയമമല്ല. ഇത് ദൈവനിഷേധകവും അസന്മാർഗ്ഗികവും ഏകാധിപത്യപരവുമാണ്. രാഷ്ട്രത്തിന്റെ രജിസ്ട്രേഷൻ ആക്ടിനും ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ടിനും ഈ നിയമം എതിരാണ്. സമാന്തരകോടതി, മുദ്രപ്പത്രം, വിചാരണ, കോർട്ട് ഫീസ്, ഫൈൻ, ശിക്ഷാവിധി എന്നിവ ഈ നിയമത്തിന്റെ ഉപോല്പന്നങ്ങളാണ്. 99.99% വരുന്ന അൽമായർക്ക് ഈ നിയമനിർമ്മാണത്തിൽ യാതൊരു പങ്കുമില്ല. ദേശവിരുദ്ധമായ ഈ പുരോഹിതനിയമം സഭാനിയമമേ അല്ല. വസ്തുതകൾ ഇതായിരിക്കെ "രാഷ്ട്രനിയമങ്ങൾ അടിസ്ഥാനമാക്കി സഭാനിയമങ്ങളെ ചോദ്യംചെയ്യരുത്" എന്ന മേജർ ആർച്ച് ബിഷപ്പിന്റെ ദുഃഖവെള്ളിയാഴ്ച സന്ദേശം രാഷ്ട്രഭരണ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്.

ഇന്ത്യാരാജ്യത്തെ നിയമവ്യവസ്ഥകൾക്കു വിധേയമായി നടത്തേണ്ട ഭൂമിക്കച്ചവടനടപടിക്രമങ്ങളിൽ വന്നിട്ടുള്ള വീഴ്ചകളിൽ പരാതിപ്പെടേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതും ഈ രാജ്യത്തിലെ നിയമവ്യവസ്ഥ അനുസരിച്ചാണ്. അതിനുപകരം, റോമിലേക്ക് പരാതിയുമായി പോകുന്നത് ഒരുതരം അടിമത്തത്തിന്റെ ആസ്വാദനമായിട്ടേ കാണാൻ കഴിയുകയുള്ളു. പ്രബുദ്ധരായ വിശ്വാസിസമൂഹം തങ്ങളുടെ സഭാസ്വത്തുക്കൾ കൈ വിട്ടുപോകാതെ സംരക്ഷിക്കുവാൻ ഇന്ത്യൻ ജുഡീഷ്യറിയെയാണ് സമീപിക്കേണ്ടത്.

കാനോൻ നിയമത്തിലെ ആർക്കി എപ്പിസ്ക്കോപ്പസിയും എപ്പിക്ക്യൂര്യനിസവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഇതു രണ്ടും അധാർമ്മികവും അസാന്മാർഗ്ഗികവുമാണ്. ദൈവപ്രമാണങ്ങളുടെ ലംഘനവുമാണ്. റോമിലെ പോപ്പും കർദ്ദിനാളന്മാരും റോമൻ കത്തോലിക്കാസഭയിലെ മെത്രാന്മാരും യേശുക്രിസ്തുവിന്റെ അപ്പോസ്തോലികപാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാരല്ല, എപ്പിക്യൂരിയനിസത്തിന്റെ അപ്പോസ്തലന്മാരാണ്.

പോപ്പ് സ്റ്റീഫൻ VII-ാമൻ ലാംബർട്ട് ചക്രവർത്തിയുടെയും അദ്ദേഹത്തിന്റെ അമ്മ അഗൽ ട്രൂഡയുടെയും സ്വാധീനസമ്മർദ്ദങ്ങൾക്കു വഴങ്ങിയും സ്വാർത്ഥതാല്പര്യത്തിന്റെ പേരിലും, ഫെർമോസസ് പോപ്പിന്റെ അടക്കംചെയ്തിരുന്ന മൃതശരീരം മാന്തിയെടുത്ത് റോമൻ പുരോഹിതരുടെ സിനഡിൽവെച്ച് മൃതശരീരത്തെ പരിഹാസവിചാരണ നടത്തി, ശിക്ഷയായി മൃതശരീരത്തിൽനിന്ന് സഭാവസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റിയ ശേഷം സാധാരണക്കാരന്റെ വസ്ത്രം ധരിപ്പിച്ച്, വലതു കൈയുടെ രണ്ടു വിരലുകൾ

മുറിച്ചുനീക്കി മൃതശരീരം ടൈബർ നദിയിലൂടെ ഒഴുക്കി പ്രതികാരം തീർത്തു. തന്റെ ആധിപത്യം ഉറപ്പിച്ച് എപ്പിക്ക്യൂരിയൻ ജീവിതശൈലി സംരക്ഷിക്കുന്നതിനാണ് ചക്രവർത്തിയുടെ ആജ്ഞാനുവർത്തിയായി പോപ്പ് ഈ ഹീനകൃത്യം ചെയ്തത്.

പോപ്പ് ഊർബൻ II-ാമൻ ആണ് 1095-ലെ സിനഡിൽ കുരിശുയുദ്ധം പ്രഖ്യാപിച്ചത്. കുരിശുയുദ്ധത്തിൽ പങ്കെടുക്കുന്നവർക്ക് പൂർണ്ണദണ്ഡവിമോചനം പ്രഖ്യാപിച്ചും, കുരിശുയുദ്ധത്തെ എതിർക്കുന്നവരുടെ രക്തം കുരിശുയുദ്ധപോരാളികളുടെ വാളുകളിൽക്കൂടി ഒഴുകട്ടെ എന്നു ശപിച്ചും അദ്ദേഹം ക്രൂരതയിൽ ആനന്ദിക്കുകയാണ് ചെയ്തത്. കുരിശുയുദ്ധങ്ങൾ എന്ന പേരിൽ എതിരാളികളെയും അവരുടെ അനന്തരാവകാശികളെയും കൊന്നൊടുക്കി, അവരുടെ സമ്പത്തുകൾ കവർന്നെടുത്ത് റോമിലെ പോപ്പുമാർ എപ്പിക്ക്യൂരിയനിസത്തിന്റെ ആസ്വാദനത്തിന് ആക്കം കൂട്ടി. ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്ത പോപ്പ് ഊർബൻ II-ാമനെ പോപ്പ് ലെയോ 13-ാമൻ 1881-ൽ വിശുദ്ധനായി വാഴിച്ചു. റോം നൽകിക്കൊണ്ടിരിക്കുന്ന വിശുദ്ധ പദവികളിൽ വിരാജിക്കുന്നവരിൽ ഏറിയ പങ്കും എപ്പിക്ക്യൂരിയൻ ജീവിതശൈലി പിന്തുടർന്നവരാണ്.

ഇൻക്വിസിഷൻക്രൂരത നടപ്പിൽ വരുത്തിയത് പോപ്പ് ഗ്രിഗറി IX-ാമൻ ആണ്. തന്റെ ആജ്ഞയ്ക്കു വിധേയരാകാത്ത വളരെയേറെ ജനങ്ങളെ 1231-ൽ അദ്ദേഹം കുറ്റവാളികളായി പ്രഖ്യാപിച്ച് തീയിൽ എറിഞ്ഞ് ചുട്ടുകൊന്നു. തുടർന്ന് അദ്ദേഹം ഇൻക്വിസിഷൻ ശിക്ഷാനടപടികളുടെ ചുമതല ഡൊമിനിക്കൻ സന്യാസസഭക്കാർക്ക് ഏല്പിച്ചുകൊടുത്തു. റോമൻ സഭയിൽ ഇൻക്വിസിഷൻ ഏർപ്പെടുത്തി അത് നൂറ്റാണ്ടുകൾ പിന്തുടരാൻ പ്രചോദനം നൽകിയതും ഗ്രിഗറി IX-ാമനാണ്.

സിക്സ്തൂസ് IV-ാമൻ പാപ്പയാണ് തുർക്കികൾക്കെതിരെ കുരിശുയുദ്ധം പ്രഖ്യാപിച്ചത്. റോമിൽ വ്യഭിചാരവൃത്തി പ്രോത്സാഹിപ്പിച്ച് റോമിലുടനീളം വ്യഭിചാരശാലകൾക്ക് അദ്ദേഹം ലൈസൻസ് നൽകി, ഫീസിനത്തിൽ വൻ തുക സമ്പാദിച്ചു. വെപ്പാട്ടികളെ ഉപയോഗിച്ചിരുന്ന പുരോഹിതരിൽനിന്നു നികുതി പിരിച്ചെടുത്തും, മരിച്ചവരുടെ ആത്മാക്കൾക്ക് ശുദ്ധീകരണസ്ഥലത്തുനിന്നു മോചനത്തിന് ദണ്ഡവിമോചനം പ്രഖ്യാപിച്ച് മരിച്ചവരുടെ ബന്ധുമിത്രാദികളിൽനിന്ന് വൻതുക മോചനദ്രവ്യമായി സമ്പാദിച്ചും എപ്പിക്യൂരിയനിസത്തിന് വളർച്ചയും വ്യാപ്തിയും നൽകിയത് പോപ്പ് സിക്സ്തൂസ് IV-ാമനാണ്.

1484-ൽ പോപ്പായി അധികാരത്തിൽവന്ന ഇന്നസെന്റ് VIII-ാമന് രണ്ട് അവിഹിത സന്തതികൾ ഉണ്ടായിരുന്നു. അതിൽ ഒരാളുടെ പുത്രന് 13-ാം വയസ്സിൽത്തന്നെ അദ്ദേഹം കർദ്ദിനാൾ പദവി നൽകി തന്റെ പിന്തുടർച്ചാവകാശിയെ സൃഷ്ടിച്ചു!

അലക്സാണ്ടർ IV-ാമൻ പാപ്പ റോമൻ 'കൂര്യ'യിൽ, മുൻഗാമികളായ അഞ്ചു പോപ്പുമാരുടെ കീഴിൽ റോമൻ ചർച്ചിന്റെ വൈസ്ചാൻസലറായി പ്രവർത്തിച്ച കാലഘട്ടത്തിൽ കൂര്യാവക വൻ തുക തട്ടിയെടുത്ത് ലോകത്തിലെ ഏറ്റവും വലിയ ധനവാന്മാരുടെ പട്ടികയിൽ കയറിപ്പറ്റി. മാർപാപ്പയാകാൻവേണ്ടി കർദ്ദിനാളന്മാർക്ക് വോട്ടിന് വൻതുക കോഴ നൽകി, തന്റെ വോട്ടുകൂടി തനിക്കുതന്നെ രേഖപ്പെടുത്തി, 2/3 ഭൂരിപക്ഷം തികച്ചാണ് അദ്ദേഹം റോമിന്റെ പോപ്പായത്. അദ്ദേഹത്തിന് അനേകം വെപ്പാട്ടികളുണ്ടായിരുന്നു; അവരിൽ അനേകം മക്കളും. യൗവനകാലത്ത് മദ്യപിച്ചും ചൂതുകളിച്ചും സ്ത്രീപീഡനത്തിലേർപ്പെട്ടും ജീവിച്ചിരുന്ന വ്യക്തിയാണ് ഇദ്ദേഹം. എപ്പിക്യൂരിയനിസത്തിന്റെ അപ്പോസ്തലനാകാൻ ഏറെ യോഗ്യനെന്നുകണ്ട്, പോപ്പ് പീയൂസ് II-ാമൻ കൂടുതൽ സ്ഥാനമാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചതാണ് ഇദ്ദേഹം പോപ്പ് ആകാൻ കാരണം. റോമിലെ പോപ്പുമാർക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തവിധം ജാരസന്തതികളും അനേകം വെപ്പാട്ടികളും ഉണ്ടായിരുന്നിട്ടും, പോപ്പായശേഷം നടത്താറുള്ള പുരുഷത്വപരിശോധനയ്ക്ക് അലക്സാണ്ടർ IV-ാമൻ തന്റെ ലിംഗോദ്ധാരണശേഷി കർദ്ദിനാളന്മാർക്കു കാണിച്ചുകൊടുത്ത് പുരുഷത്വത്തിന്റെ അംഗീകാരം നേടേണ്ടിവന്നു എന്നത് വിചിത്രംതന്നെ! ലോകചരിത്രത്തിൽ റോമിലുണ്ടായിട്ടുള്ള പോപ്പുമാരിൽ ഏറ്റവും കുപ്രസിദ്ധനും അസന്മാർഗ്ഗിയും സ്വജനപക്ഷപാതിയും അത്യാഗ്രഹിയും കഠിനഹൃദയനും കൊലപാതകിയും വ്യഭിചാരിയും പോപ്പ് അലക്സാണ്ടർ IV-ാമൻ ആയിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു.

ലെയോ X-ാമൻ 38-ാം വയസ്സിൽ പോപ്പായി. തന്റെ എപ്പിക്ക്യൂരിയൻ ജീവിതശൈലിമൂലം രണ്ടുവർഷംകൊണ്ട് റോമൻ ഖജനാവ് അദ്ദേഹം കാലിയാക്കി. കൂടാതെ, രാജ്യത്തിന് വൻതുക കടവും വരുത്തി. തനിക്ക് ലഭിച്ച പേപ്പൽ പദവി ആവോളം ആസ്വദിച്ച് സംതൃപ്തിനേടുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പേപ്പൽ മുദ്രാവാക്യം. അതിനായി കർദ്ദിനാൾ, മെത്രാപ്പോലീത്ത, മെത്രാൻ തുടങ്ങിയ പള്ളിപ്പദവികൾ കൂടുതലായി സൃഷ്ടിച്ച് അതു വൻതുകവില നിശ്ചയിച്ച് വിറ്റും, മരണമടഞ്ഞവരുടെ ആത്മാക്കളുടെപേരിൽ ദണ്ഡവിമോചനങ്ങൾ വിറ്റും വ്യാപകമായി വ്യഭിചാരശാലകൾക്ക് ലൈസൻസ് നൽകി അതിന്റെ ഫീസിനത്തിൽ വൻതുക സമ്പാദിച്ചും അദ്ദേഹം വരുമാനം വർദ്ധിപ്പിച്ചു. ക്രിസ്തുശിഷ്യനായ പത്രോസിന്റെ പേരിലാണ് ലെയോ X-ാമൻ മാർപാപ്പയും ക്രൈസ്തവവിരുദ്ധമായ അക്രമങ്ങളും അനീതികളും അഴിമതികളും ആഭിചാരപ്രവൃത്തികളും മറ്റും നടത്തിയിരുന്നത്.

പോപ്പ് പോൾ III-ാമന്റെ സഹോദരി ജൂലിയ, അദ്ദേഹത്തിന്റെ മുൻഗാമിയായ അലക്സാണ്ടർ IV-ാമൻ പോപ്പിന്റെ അവസാനകാല വെപ്പാട്ടികളിൽ ഒരാളായിരുന്നു. ഈ അവിഹിത ബന്ധത്തിന്റെ പ്രതിഫലമായിട്ടാണ് ജൂലിയായുടെ സഹോദരന് അലക്സാണ്ടർ IV-ാമൻ, ഭാവിയിൽ പോപ്പാക്കാനുള്ള അവസരം ഒരുക്കിക്കൊടുത്തത്. പോപ്പ് പോൾ III-ാമന് രണ്ടു സ്ത്രീകളിലായി നാല് ജാരസന്തതികൾ ഉണ്ടായിരുന്നു. ഇവർ 'Bastard Sons of the Pope' എന്ന പേരിൽ അറിയപ്പെടുന്നു. ഇവരിൽ പിയർ എന്ന മകൻ അറുവഷളനും സ്വവർഗ്ഗരതിക്കാരനും ബലാൽസംഗക്കാരനും കൊലപാതകിയുമായിരുന്നതിനാൽ 44-ാം വയസ്സിൽ കൊല്ലപ്പെടുകയാണുണ്ടായത്.

റോമൻ സഭയിൽ ബാലപീഡനം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. തന്റെ ലൈംഗികസംതൃപ്തിക്കുവേണ്ടി പോപ്പ് ജൂലിയസ് III-ാമൻ തെരുവിൽനിന്ന് ഒരു ബാലനെ കൂട്ടിക്കൊണ്ടുവന്ന് കൂടെ പാർപ്പിച്ചുപോന്നു. തന്റെ അവിഹിതബന്ധം തുടരുന്നതിനുവേണ്ടി ഈ ബാലനെ 17-ാം വയസ്സിൽ കർദ്ദിനാളാക്കി, അനുകൂല സാഹചര്യം സൃഷ്ടിച്ചു.

(തുടരും)

ഫോൺ: 9400953632

# പീഡാനുഭവദിനത്തിൽ നിയമത്തെ വെല്ലുവിളിച്ച്...

*[‘leftclicknews’ എന്ന ഓൺലൈൻ മാധ്യമത്തിൽ, അതിന്റെ റിപ്പോർട്ടർ, മാർച്ച് 30-നു പ്രസിദ്ധീകരിച്ച വാർത്താലേഖനം.]*

**കോ**ടതിയിൽ പോയി സഭയെ ഒതുക്കാമെന്ന് ചിലരുടെ ധാരണയെന്നും കാനോൻനിയമമല്ലാതെ മറ്റു നിയമങ്ങൾ സഭയ്ക്ക് ബാധകമല്ലെന്നും സീറോ-മലബാർ സഭയുടെ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി. ആലപ്പുഴ കോക്കമംഗലം സെന്റ് തോമസ് സീറോ-മലബാർ കത്തോലിക്കാ പള്ളിയിൽ ദുഃഖവെള്ളിയാഴ്ച പ്രമാണിച്ചു നടത്തിയ പ്രത്യേക പ്രാർത്ഥനയ്ക്കിടെ നടത്തിയ പ്രസംഗത്തിലാണ് രാജ്യത്തെ നിയമങ്ങൾ അനുസരിക്കേണ്ട ബാധ്യത സഭയ്ക്കില്ലെന്ന പ്രഖ്യാപനം കർദ്ദിനാൾ നടത്തിയത്. രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾ അനുസരിക്കേണ്ടത് പൗരന്റെ കടമയാണെങ്കിലും ദൈവത്തിന്റെ നിയമത്തിനാണ് പ്രാമുഖ്യം നൽകേണ്ടതെന്ന് കർദ്ദിനാൾ പറഞ്ഞു. രാജ്യത്തെ നിയമങ്ങൾ അനുസരിക്കേണ്ട കടമ പൗരന്മാർക്ക് ഉണ്ടെന്നു പറയാനുള്ള സൗമനസ്യം കാണിച്ച അദ്ദേഹം സഭയുടെ കാര്യത്തിൽ രാജ്യത്തെ കോടതികളുടെ കൈകടത്തൽ അനുവദിക്കുന്നില്ല.

രാഷ്ട്രത്തിന്റെ നീതികൊണ്ട് ദൈവത്തിന്റെ നീതിയെ അളക്കാമെന്ന് ആരും കരുതരുതെന്നും അത് തെറ്റാണെന്നും ആലഞ്ചേരി പിതാവ് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ വ്യക്തമാക്കി. സഭയിൽപ്പോലും പലപ്പോഴും അത്തരം പ്രവണതകൾ കാണുന്നുണ്ടെന്നും കോടതിവിധികൾകൊണ്ട് സഭയെ നിയന്ത്രിക്കാമെന്ന് വിശ്വസിക്കുന്നവർ സഭയിൽ ഉണ്ടെന്നും മുന്നറിയിപ്പിന്റെ സ്വരത്തിൽ ആലഞ്ചേരി പറഞ്ഞു. നിങ്ങൾ ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക, ബാക്കിയുള്ളതെല്ലാം നിങ്ങൾക്ക് കൂട്ടിച്ചേർക്കപ്പെടുമെന്നായിരുന്നു കർദ്ദിനാളിന്റെ അരുളപ്പാട്. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയെ ചങ്ങനാശ്ശേരി, കോഴിക്കോട് അതിരൂപതകളും ശക്തമായി പിന്താങ്ങി. പല പുരോഹിതരും കാനോൻനിയമത്തിന്റെ അപ്രമാദിത്വത്തിൽ ഊന്നിയാണ് പീഡാനുഭവദിന പ്രസംഗങ്ങൾ നടത്തിയത്.



**രാഷ്ട്രത്തിന്റെ നീതികൊണ്ട് ദൈവത്തിന്റെ നീതിയെ അളക്കാമെന്ന് ആരും കരുതരുതെന്നും അത് തെറ്റാണെന്നും ആലഞ്ചേരി പിതാവ് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ വ്യക്തമാക്കി. സഭയിൽപ്പോലും പലപ്പോഴും അത്തരം പ്രവണതകൾ കാണുന്നുണ്ടെന്നും കോടതി വിധികൾകൊണ്ട് സഭയെ നിയന്ത്രിക്കാമെന്ന് വിശ്വസിക്കുന്നവർ സഭയിൽ ഉണ്ടെന്നും മുന്നറിയിപ്പിന്റെ സ്വരത്തിൽ ആലഞ്ചേരി പറഞ്ഞു.**

സഭയുടെ സ്വത്ത് കച്ചവടം ചെയ്തതിൽ കോടികളുടെ തട്ടിപ്പ് നടത്തി എന്ന ആരോപണം കോടതിയിലെത്തിയതും നിയമനടപടികൾ നേരിടേണ്ടിവരുമെന്ന സ്ഥിതിയുണ്ടായതുമാണ് ഈ പുരോഹിതശ്രേഷ്ഠന്റെ സമനില തെറ്റിച്ചത്. തെറ്റുകാരനല്ലെങ്കിൽ നിരപരാധിത്വം കോടതിയിൽ തെളിയിക്കാനുള്ള അവസരം ഉപയോഗപ്പെടുത്തുന്നതിനുപകരം നിയമവാഴ്ചയെ വെല്ലുവിളിക്കാനാണ് ജോർജ് ആലഞ്ചേരി ശ്രമിക്കുന്നത്. ഭരണഘടനയും രാജ്യത്തെ നിയമങ്ങളും അംഗീകരിക്കാൻ എല്ലാ പൗരന്മാരും ബാധ്യസ്ഥരാണ്. രാജ്യത്തെ നിയമങ്ങൾ അംഗീകരിക്കില്ലെന്ന് ഒരു പൗരൻ പരസ്യമായി പറയുന്നത് ഒട്ടും നിസ്സാരമായ കാര്യമല്ല. നിയമത്തിന്റെമുമ്പിൽ എല്ലാവരും തുല്യരാണ്. നിയമവാഴ്ചയെ വെല്ലുവിളിക്കുന്ന ഏതൊരാളും നിയമനടപടിക്ക് വിധേയനാകേണ്ടതാണ്. മാർ ജോർജ് ആലഞ്ചേരിക്കും അദ്ദേഹത്തെ പിന്തുടർന്ന് നിയമത്തെ വെല്ലുവിളിച്ച മറ്റു പുരോഹിതർക്കുംനേരെ പ്രസക്തമായ വകുപ്പുകൾ ചുമത്തി കേസ് എടുക്കേണ്ടതാണ്. അല്ലെങ്കിൽ മതത്തെയും വിശ്വാസങ്ങളെയും മറയാക്കി ഏതൊരാൾക്കും നിയമം ലംഘിക്കാമെന്ന സ്ഥിതി ഇവിടെയുണ്ടാകും.

മതത്തെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ദുരുപയോഗപ്പെടുത്തുകയാണ് പുരോഹിതരും പ്രമാണിമാരും എല്ലാക്കാലത്തും ചെയ്തിട്ടുള്ളത്. സാധാരണക്കാരുടെ വിശ്വാസങ്ങളെ തട്ടിപ്പുകൾക്കും സ്വന്തം സ്ഥാപിതതാല്പര്യങ്ങൾക്കുംവേണ്ടി ചൂഷണംചെയ്യുന്ന പുരോഹിതവർഗ്ഗം ആധിപത്യം പുലർത്തുന്ന ഒരു സമൂഹത്തിന് ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കാൻ അവകാ

# കർദ്ദിനാൾ
# മാർ ആലഞ്ചേരിക്ക്
# സ്നേഹപൂർവ്വം



**പ്രൊഫ. ഡോ. എം.പി മത്തായി**

*[ലേഖകന്റെ മാർച്ച് 31-ലെ ഇംഗ്ലീഷിലുള്ള ഫേസ്ബുക്ക് പോസ്റ്റ്. അദ്ദേഹത്തിന്റെ സ്വന്തം തർജമ.]*

**കേ**രളത്തിലെ കത്തോലിക്കാസഭയുടെ അച്ചടക്കത്തെയും കെട്ടുറപ്പിനെയും തച്ചുടക്കുകയും, ഈ നാട്ടിലെ മുഴുവൻ ക്രൈസ്തവസമൂദായങ്ങൾക്കും അവമതി വരുത്തിവയ്ക്കുകയുംചെയ്ത ഭൂമിക്കച്ചവടവിവാദത്തെ (കുംഭകോണത്തെ)പ്പറ്റി പല സുഹൃത്തുക്കളും എന്റെ പ്രതികരണം ആരാഞ്ഞുവെങ്കിലും ഒരു കത്തോലിക്കനല്ലാത്ത ഞാൻ ഈ പ്രശ്നത്തെപ്പറ്റി അഭിപ്രായപ്രകടനം നടത്തുന്നത് അനുചിതമായിരിക്കും എന്നതുകൊണ്ട് മൗനം പാലിക്കുകയാണുണ്ടായത്. എന്നാൽ മാർ ആലഞ്ചേരിതന്നെ ഈ സാഹചര്യം മാറ്റിത്തീർത്തിരിക്കുന്നു.



'കത്തോലിക്കാസഭയും സഭയിലെ വൈദികരും വിശ്വാസികളും, ദൈവനിയമവും കാനോൻ നിയമങ്ങളും അനുവർത്തിക്കാനാണ് പ്രാഥമികമായി ബാധ്യസ്ഥരായിരിക്കുന്നത്. നിയമനിർമ്മാണസഭകളും കോടതികളും നിർമ്മിച്ചിട്ടുള്ള ലൗകികനിയമങ്ങൾ ഉപയോഗിച്ച് സഭയുടെയും ബിഷപ്പുമാരുടെയും നടപടികളെ അളക്കുന്നത് ശരിയല്ല. അങ്ങനെ ചെയ്യാൻ ചിലർ ഈയിടെ ശ്രമിക്കുന്നുണ്ട്; അവർ ചെയ്യുന്നത് തെറ്റാണ്; കരുതിയിരിക്കണം' – പീഡാനുഭവവാഴ്ചയിലെ തന്റെ പ്രബോധനങ്ങളിൽ മാർ ആലഞ്ചേരി ആവർത്തിച്ച് ഓർമ്മപ്പെടുത്തിയ ആശയങ്ങളാണ് മുകളിൽ ക്രോഡീകരിച്ചിരിക്കുന്നത്.

മനുഷ്യനിർമ്മിത നിയമങ്ങൾക്കുപരി ദൈവനിയമം പാലിക്കുക എന്നതാണ് തന്റെ കർത്തവ്യവും നിലപാടും എന്ന് കർദ്ദിനാൾ വ്യക്തമാക്കിയിരിക്കുന്നു. ദൈവനിയമത്തെ ഈ വിവാദപ്രശ്നവുമായി കണ്ണിചേർക്കാൻ ശ്രമിക്കുകവഴി ഈ വിവാദത്തെ കത്തോലിക്കാസഭയുടെ സ്വകാര്യവൃത്തത്തിൽനിന്നു വിടർത്തി, പൊതുസമൂഹത്തിന്റെ ഇടത്തിൽ നിർത്തുകയാണ്, മനഃപൂർവ്വമല്ലെങ്കിലും, മാർ ആലഞ്ചേരി ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് ഇപ്രകാരം ഒരു പ്രത്യാഖ്യാനത്തിന് മുതിരുന്നത്.

സഭകൾ ഏതു രാജ്യത്ത് സ്ഥിതിചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുന്നുവോ ആ രാജ്യത്തിന്റെ നിയമങ്ങൾക്ക് സമ്പൂർണ്ണമായും വിധേയമായിരിക്കും – ആയിരിക്കണം – സഭയുടെ നിയമങ്ങളും പ്രവർത്തനങ്ങളും എന്ന് മനസ്സിലാക്കാൻ പ്രത്യേക നിയമപാണ്ഡിത്യമൊന്നും ആവശ്യമില്ല. ഒരു രാജ്യത്തിന്റെ ഭരണഘടനയ്ക്കും, ഭരണഘടനാപരമായി നിർമ്മിക്കപ്പെടുന്ന നിയമങ്ങൾക്കും വിധേയമായി പ്രവർത്തിക്കാൻ ആ രാജ്യത്തിനുള്ളിൽ പ്രവർത്തിക്കുന്ന മതസംഘടനകളുൾപ്പെടെ എല്ലാ സംഘടനകളും സ്ഥാപനങ്ങളും നിയ

---

ശമില്ല. നിയമത്തെ വെല്ലുവിളിച്ച മാർ ജോർജ് ആലഞ്ചേരിക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാൻ പോലീസ് തയ്യാറാകണം.

രാഷ്ട്രീയസാഹചര്യങ്ങളെ സൂക്ഷ്മമായി ഉപയോഗപ്പെടുത്തുന്നതിൽ അതിസമർത്ഥരാണ് വിശ്വാസികളുടെപേരിൽ സിംഹാസനങ്ങൾ ഉറപ്പാക്കുന്ന പുരോഹിതശ്രേഷ്ഠന്മാർ. ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പുകാലത്ത് ആ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്ന ആലപ്പുഴ ജില്ല തന്നെയാണ് തന്റെ നിയമവിരുദ്ധപ്രസംഗം നടത്താൻ ജോർജ് ആലഞ്ചേരി തിരഞ്ഞെടുത്തത് എന്നത് യാദൃശ്ചികമല്ല. ആലഞ്ചേരിക്കെതിരെ നടപടി സ്വീകരിക്കുക. ഇക്കാര്യത്തിൽ രാഷ്ട്രീയപ്പാർട്ടികളും നിലപാട് വ്യക്തമാക്കണം.

മപരമായി ബാധ്യസ്ഥമാണെന്ന് ഈ വിവാദവുമായി ബന്ധപ്പെട്ടുള്ള പ്രതികരണങ്ങളിൽ ജസ്റ്റീസ് കെ.ടി. തോമസ് ഉൾപ്പെടെ പല നിയമവിദഗ്ധരും ചൂണ്ടിക്കാട്ടുകയുണ്ടായല്ലോ. ദൈവനാമം ഉയർത്തിക്കാട്ടി ഒരു മതസംഘടനയ്ക്കും ദേശത്തെ നിയമങ്ങൾക്ക് അതീതമായി പ്രവർത്തിക്കാനാവില്ല. ക്രൈസ്തവസഭകളുടെ ആഭ്യന്തരഭരണം കാനോൻ നിയമപ്രകാരം നടത്താവുന്നതാണ്. പക്ഷേ, കാനോൻ നിയമങ്ങൾക്ക് സവിശേഷ പരിരക്ഷയൊന്നും അവകാശപ്പെടാനാവില്ല. നിശ്ചയമായും അവ രാജ്യത്തിന്റെ ഭരണഘടനാപരമായ നിയമങ്ങൾക്ക് വിധേയമായിരിക്കുകതന്നെ വേണം. കാനോൻ നിയമങ്ങളുടെ മറവിൽ ഭരണഘടനാപരമായ നിയമങ്ങൾ ലംഘിച്ചാൽ അതു കുറ്റകരമാണ്. അപ്രകാരമുള്ള കുറ്റം ചെയ്തിട്ട് കാനോൻ നിയമം ഉയർത്തിക്കാട്ടി കുറ്റത്തിൽനിന്ന് സംരക്ഷണം നേടാം എന്നു കരുതുന്നത് മൗഢ്യമാണ്. ലളിതവും സുവ്യക്തവുമാണ് ഇക്കാര്യങ്ങൾ.

സിവിൽ നിയമലംഘനത്തിന്റെ താത്വികാടിസ്ഥാനം വിശദീകരിച്ചപ്പോൾ മഹാത്മാഗാന്ധിയാണ്, ദൈവനിയമവും മനുഷ്യനിർമ്മിത (സിവിൽ) നിയമങ്ങളും തമ്മിലുണ്ടാകേണ്ട ജൈവബന്ധത്തെപ്പറ്റി പ്രതിപാദിച്ചത് എന്നത് പ്രഖ്യാതമാണല്ലോ? ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ദൈവനിയമം, അഥവാ HIGHER LAW ആയിരിക്കണം, എല്ലാ മനുഷ്യനിർമ്മിത നിയങ്ങളുടെയും സാധുതയും സ്വീകാര്യതയും നിർണ്ണയിക്കാനുള്ള ആത്യന്തിക മാനദണ്ഡം. എവിടെയെല്ലാം, എപ്പോഴെല്ലാം ദൈവനിയമത്തിന്റെ തത്വങ്ങൾ ലംഘിക്കപ്പെടുന്നുവോ, അപ്പോഴാണ് ദൈവനിയമത്തെ നാം ഉയർത്തിപ്പിടിക്കേണ്ടതും ദൈവനിയമത്തിലേക്ക് മാനവശ്രദ്ധ ക്ഷണിക്കേണ്ടതും ആവശ്യമായി വരുന്നത്. ഗാന്ധിജിയുടെ ധാരണയിൽ, മനുഷ്യനെ സംബന്ധിച്ച് ദൈവനിയമം അടിസ്ഥാന നൈതികതതന്നെയാണ്. അതിലെ ഏറ്റവും മൗലികമായ തത്വം - പ്രമാണം - മനുഷ്യന്റെ സഹജമായ അന്തസ്സ് (dignity) ആണ്. ഗാന്ധിജിയുടെ ദർശനത്തിൽ മനുഷ്യർ ഉൾപ്പെടെ എല്ലാ ജീവജാ

> ദൈവനിയമം എന്ന് ആവർത്തിച്ച് ഉരുവിട്ടുകൊണ്ട് തനിക്കുചുറ്റും ഒരു സംരക്ഷണവലയം തീർക്കാമെന്നും വിശ്വാസികളെ സ്വാധീനിക്കാമെന്നും അങ്ങനെ താനും സഭയും മനുഷ്യനിർമ്മിത നിയമങ്ങളാൽ ന്യായം വിധിക്കപ്പെടേണ്ടവരല്ല എന്നൊരു (മിഥ്യാ)ധാരണ പ്രചരിപ്പിച്ച് വിവാദത്തിൽനിന്ന് തലയൂരാം എന്നുമാണ് അദ്ദേഹം ധരിച്ചുവശായിരിക്കുന്നത് എന്നു തോന്നുന്നു.

ലങ്ങളും ഈശ്വരന്റെ രൂപഭേദങ്ങൾ അഥവാ അഭിവ്യക്തിയാണ്. അതുകൊണ്ട് മനുഷ്യരിൽ ഈശ്വരചൈതന്യത്തിന്റെ ഒരു ചെറുകണം കുടികൊള്ളുന്നുണ്ട്. ഈ ഈശ്വരാംശമാണ് മനുഷ്യനിലെ ദിവ്യത്വത്തിനു നിദാനം. ഈ ദിവ്യത്വമാണ് മനുഷ്യന്റെ അന്തസ്സിന്റെ നിഷ്പത്തി, അഥവാ അടിസ്ഥാനം. ഗാന്ധിജിയുടെ അഭിപ്രായത്തിൽ, മനുഷ്യന്റെ അന്തസ്സും സമത്വവും നീതിയും നിഷേധിക്കുകയും അതുവഴി മനുഷ്യരെയും സമുദായങ്ങളെയും അപമാനവീകരിക്കുകയും ചെയ്യുന്ന ഏതു നിയമവും ദൈവനിയമത്തിനു വിരുദ്ധവും അതുകൊണ്ടുതന്നെ ലംഘിക്കപ്പെടേണ്ടതുമാണ്.

'ദൈവനിയമം' എന്നതുകൊണ്ട് എന്താണ് വിവക്ഷിക്കുന്നത് എന്ന് മാർ ആലഞ്ചേരി എവിടെയും വിശദീകരിച്ചിട്ടില്ല. ദൈവനിയമത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ ധാരണമുകളിൽ വ്യക്തമാക്കിയിരിക്കുന്ന വിധം ധാർമ്മിക അടിസ്ഥാനത്തിൽ അധിഷ്ഠിതമാണ് എന്ന് അനുമാനിക്കാനുള്ള തെളിവുകളൊന്നും അദ്ദേഹത്തിന്റെ പ്രസ്താവനകൾ നൽകുന്നുമില്ല. ദൈവനിയമം എന്ന് ആവർത്തിച്ച് ഉരുവിട്ടുകൊണ്ട് തനിക്കുചുറ്റും ഒരു സംരക്ഷണവലയം തീർക്കാമെന്നും വിശ്വാസികളെ സ്വാധീനിക്കാമെന്നും അങ്ങനെ താനും സഭയും മനുഷ്യനിർമ്മിത നിയമങ്ങളാൽ ന്യായം വിധിക്കപ്പെടേണ്ടവരല്ല എന്നൊരു (മിഥ്യാ)ധാരണ പ്രചരിപ്പിച്ച് വിവാദത്തിൽനിന്ന് തലയൂരാം എന്നുമാണ് അദ്ദേഹം ധരിച്ചുവശായിരിക്കുന്നത് എന്നു തോന്നുന്നു.

വിവാദ ഭൂമിക്കച്ചവടത്തിലെ ക്രമക്കേടുകൾ വെളിച്ചത്തായ ആദ്യനാളുകളിൽ പ്രകടിപ്പിക്കപ്പെട്ട ജനവികാരം ക്രോധത്തിന്റേതായിരുന്നില്ല; മറിച്ച്, അനുനയത്തിന്റെയും അപേക്ഷകയുമായിരുന്നു. മാർ ആലഞ്ചേരിയും അദ്ദേഹത്തോടൊപ്പം ഈ ഇടപാടിൽ പങ്കെടുത്തവരും ദൈവനിമയത്തിനനുസൃതമായി, സത്യസന്ധമായി, ദൂരക്കാഴ്ചയോടുകൂടി വിശ്വാസിസമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുമെന്നായിരുന്നു പൊതുവെ പ്രതീക്ഷിക്കപ്പെട്ടത്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, ദൈവവഴിയല്ല, മറിച്ച് പലരും ആരോപിക്കുന്നപ്രകാരം, മാമ്മോന്റെ വഴിയാണ് കർദ്ദിനാളും സംഘവും അനുധാവനംചെയ്യുന്നത് എന്ന് സംശയിക്കേണ്ടവിധമാണ് അവർ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്.

ഈ ഭൂമി ഇടപാടിൽ മാർ ആലഞ്ചേരിയും സഹവൈദികരും ദൈവനിയമത്തിന്റെ ഏതെല്ലാം തത്വങ്ങളാണ് പാലിച്ചത്? ഈ ഇടപാടിലെ ക്രമക്കേടുകൾ അന്വേഷിച്ച് നിയമാനുസൃതം നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടവർ ദൈവനിയമത്തിലെ ഏതെല്ലാം പ്രമാണങ്ങളാണ് ലംഘിച്ചത്? സഭയെയും തന്നെയും സംബന്ധിച്ച് ദൈവനിയമമാണ് പ്രഥമവും പ്രധാനവും, അതാണ് വിശ്വാസികൾ മുറുകെ പിടിക്കേണ്ടത് എന്ന് ഉദ്ബോധിപ്പിക്കുന്ന ബഹു. കർദ്ദിനാൾ ചുരുങ്ങിയപക്ഷം ഈ ചോദ്യങ്ങൾക്കെങ്കിലും മറുപടി നൽകിയിരുന്നെങ്കിൽ പ്രശ്നത്തിന് കുറെക്കൂടെ വ്യക്തത ലഭിക്കുമായിരുന്നു.

ബഹു. മാർ ആലഞ്ചേരിയുടെ ശ്രദ്ധ ഒരു പഴമൊഴിയിലേക്ക് വിനയപൂർവ്വം ക്ഷണിച്ചുകൊള്ളട്ടെ: "എല്ലാ വിശുദ്ധൻമാർക്കും ഒരു ഭൂതകാലമുണ്ടായിരുന്നു; എല്ലാ പാപികൾക്കും ഒരു ഭാവിയുണ്ട്. സമയം അതിക്രമിച്ചിട്ടില്ല; അവസരം കൈവിട്ടു പോയിട്ടുമില്ല.

ഫോൺ: 9447575322

# തിരുക്കർമ്മങ്ങളെ ആയുധമാക്കുന്ന ആലഞ്ചേരി!

ധാർമ്മികബോധം അല്പമെങ്കിലുമുണ്ടായിരുന്നെങ്കിൽ, ഭൂമികുംഭകോണവിവാദത്തിൽ മുഖ്യപ്രതിസ്ഥാനത്തുള്ള മാർ ആലഞ്ചേരി തന്റെ പദവിയിൽനിന്ന്, കേസും അന്വേഷണവും തീരുന്നതുവരെയെങ്കിലും, സ്വയം മാറി നിൽക്കുമായിരുന്നു എന്നു കരുതുന്നവരാണ് പൊതുസമൂഹത്തിലേറെയും. എന്നാൽ അതിനു തയ്യാറാകാതെ, സഭയുടെ പൊതുചടങ്ങുകളിലും തിരുക്കർമ്മങ്ങളിലുമെല്ലാം മുഖ്യസ്ഥാനത്തു നിലകൊണ്ടും പുണ്യപ്രസംഗങ്ങൾ നടത്തിയും സ്വയം വെള്ളപൂശുന്നതിൽ ബദ്ധശ്രദ്ധനായിരിക്കുന്നു, അദ്ദേഹം. ഇതിനോട് വളരെപ്പേർക്ക് എതിർപ്പുണ്ടെന്ന് അദ്ദേഹത്തിനറിയാമെങ്കിലും അതെല്ലാം അവഗണിക്കുകയാണ്. പിടിച്ചുനിൽക്കാൻ തിരുക്കർമ്മങ്ങളെയും കുർബാനയെയുംവരെ ആയുധമാക്കുകയാണോ എന്ന് അദ്ദേഹത്തിന്റെ ചെയ്തികൾ നിരീക്ഷിക്കുന്നവർക്കു തോന്നിപ്പോകും.

"നീ ബലിപീഠത്തിങ്കൽ കാഴ്ച അർപ്പിക്കുമ്പോൾ, നിന്റെ സഹോദരനു നിന്നോടു പിണക്കമുണ്ട് എന്ന് അവിടെവച്ച് ഓർമ്മിക്കയാണെങ്കിൽ, കാഴ്ചവസ്തു ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ടു പോകുക; ആദ്യം നിന്റെ സഹോദരനുമായി രമ്യപ്പെടുക; പിന്നീടു വന്നു കാഴ്ച അർപ്പിക്കുക" (മത്താ. 5:23-24) എന്നു പറഞ്ഞ യേശുവിന്റെ ഈ അപ്പോസ്തല പിൻഗാമി, മാർച്ച് 25-ലെ ഓശാന ഞായർ ശുശ്രൂഷകൾക്കും ബലിയർപ്പണത്തിനും എറണാകുളം ബസിലിക്കയിലെത്തിയത് പോലീസ് സന്നാഹത്തോടെ! അന്നത്തെ തിരുക്കർമ്മങ്ങളിൽനിന്നു മാറിനിൽക്കണമെന്നഭ്യർത്ഥിച്ച ഒരു വിഭാഗം വിശ്വാസികളുമായി രമ്യപ്പെടാൻ ശ്രമിക്കാതെ നടത്തിയ ഈ ശക്തിപ്രകടനം, അവരെ ഒരു പാഠം പഠിപ്പിക്കാനും ഭയപ്പെടുത്തിയൊതുക്കാനുമുദ്ദേശിച്ചുള്ളതായിരുന്നു എന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. 'മാർപാപ്പാമാത്രം മുകളിലുള്ള തന്നോടാ കളി! കുർബാന ചൊല്ലി കാണിച്ചുതരാം!' എന്ന മനോഭാവത്തിൽ അദ്ദേഹം നടത്തിയ തിരുക്കർമ്മങ്ങൾക്ക് ദൈവതിരുസന്നിധിയിൽ എന്തു വിലയാണുണ്ടാകുക? ഇത്തരം ശക്തിരാഷ്ട്രീയ 'തിരുക്കർമ്മ'ങ്ങളെ ബഹിഷ്കരിക്കാൻ വിശ്വാസിസമൂഹം തയ്യാറാകേണ്ടിയിരിക്കുന്നു.

എളിമ അഭിനയിച്ചുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗം, ഈ ശക്തിപ്രകടനത്തെയും കടത്തിവെട്ടുന്നതായിരുന്നു എന്നു പറയണം. "ഓരോരോ കാരണങ്ങളാൽ നമ്മളെല്ലാവരും അശുദ്ധിയുള്ളവരാണ്" എന്നു വിനീതനായി പറഞ്ഞ്, ഒരു മായാജാലത്താലെന്നവണ്ണം, തന്നിൽ ആരോപിതമായിരിക്കുന്ന അശുദ്ധിയെ എല്ലാവരുടെയും അശുദ്ധിയാക്കി അലിയിപ്പിച്ചുകളഞ്ഞു, അദ്ദേഹം! മാർ ആലഞ്ചേരിയുടെ ദൗർബല്യങ്ങളായി ഇന്നു പൊതുസമൂഹം മനസ്സിലാക്കിക്കഴിഞ്ഞ സകല അശുദ്ധികളെയും എണ്ണിപ്പറഞ്ഞ്, അതെല്ലാം 'നമ്മുടേ'താക്കി തന്റെ നേരെയുള്ള എല്ലാവരുടെയും ചൂണ്ടുവിരലുകൾ മടക്കിപ്പിച്ചു, അദ്ദേഹം. "പണത്തിന്, പ്രതാപത്തിന്, പദവിക്ക്, താല്ക്കാലിക സ്വാർത്ഥലാഭത്തിന്, നേതൃത്വശൈലിയിൽ പ്രശോഭിക്കുന്നതിന്, മഹത്വത്തിന് എന്നിങ്ങനെ ഓരോ കാര്യങ്ങൾക്കായി പലതും ചെയ്ത് 'നമ്മളെല്ലാം' അശുദ്ധിയിലായിട്ടുണ്ട് എന്ന അദ്ദേഹത്തിന്റെ വാക്കുകളിലെ കുതന്ത്രജ്ഞത അപാരംതന്നെ! പുണ്യപ്രസംഗത്തിന്റെ തുടർച്ച ഇങ്ങനെ: "ഇപ്രകാരമുള്ള ദുഷിച്ച പ്രവണതകളിൽനിന്നു നമ്മെ ശുദ്ധീകരിക്കണം... ഏതൊക്കെ പ്രവൃത്തിയാണ് അശുദ്ധിയിലേക്കു നയിക്കുന്നതെന്നു പരിശോധിക്കണം... കർത്താവ് നമുക്കെതിരെ ചാട്ടവാർ എടുക്കുന്നുണ്ടോ എന്ന് ഓരോരുത്തരും പരിശോധിക്കണം. സഭയിലും കൂട്ടായ്മയോടെ ശുദ്ധീകരണം നടത്തണം..." 'ഇങ്ങനെയെല്ലാം നിങ്ങൾ ചെയ്തുകഴിയുമ്പോൾ ഞാൻ എന്നെ ശുദ്ധീകരിച്ചുകൊള്ളാം; തല്ക്കാലം പോ, മോനേ...!' എന്നു വ്യംഗ്യം.

ഓശാനനാളിലെ ഈ തിരുക്കർമ്മയുദ്ധവും പുണ്യപ്രസംഗവും വിജയിച്ചുവെന്നു കണ്ടതിന്റെ ധൈര്യത്തിലാണ്, ദുഃഖവെള്ളിയാഴ്ച കാനോൻനിയമത്തെ ദൈവനിയമമെന്ന മട്ടിൽ അവതരിപ്പിച്ച് രാഷ്ട്രനിയമത്തെ താഴ്ത്തിക്കെട്ടുന്ന, ഒരേ സമയം ദൈവദൂഷണപരവും രാജ്യദ്രോഹപരവുമായ പ്രസംഗം കർദ്ദിനാൾ ആലഞ്ചേരി നടത്തിയത്. ഈസ്റ്റർദിന പ്രസംഗത്തിൽ, എല്ലാ പ്രശ്നവും പരിഹരിച്ചതായി പ്രഖ്യാപിക്കാനും അദ്ദേഹം മടിച്ചില്ല.

പോലീസ് സന്നാഹത്തോടെ വന്നതിലൂടെ മാർ ആലഞ്ചേരി പള്ളിയുടെ പാവനാന്തരീക്ഷം സ്വയം തകർത്തിരുന്നു. ആ നിലയ്ക്ക്, പള്ളിയുടെ പാവനതയോർത്ത് നിശ്ശബ്ദരായി നിലകൊള്ളേണ്ട ആവശ്യം പള്ളിയിലുണ്ടായിരുന്ന പ്രബുദ്ധ ന്യൂനപക്ഷത്തിനില്ലായിരുന്നു. 'നിറുത്ത്' എന്നൊരു വാക്കുച്ചരിക്കാൻ ഏതാനും പേരെങ്കിലും ധൈര്യം കാട്ടിയിരുന്നെങ്കിൽ ചിത്രം മറ്റൊന്നായേനെ; ചരിത്രവും.

**- എഡിറ്റർ**

## ഖേദപൂർവ്വം!

1. ഈ ലക്കത്തിൽ, ശ്രീ ജോസഫ് പടന്നമാക്കലിന്റെ 'വഴുതിപ്പോകുന്ന കാനോൻനിയമങ്ങളും അഭിഷിക്തരുടെ ഐകിക അധികാരങ്ങളും' പ്രൊഫ. പി.എൽ. ലൂക്കോസിന്റെ 'സങ്കല്പകഥകൾ കാതലായ വിശ്വാസസത്യങ്ങളായി' എന്നീ ലേഖനങ്ങളുടെ തുടർച്ച പ്രസിദ്ധീകരിക്കാൻ സ്ഥലപരിമിതിമൂലം കഴിഞ്ഞിട്ടില്ല. വേറെയും പല ലേഖനങ്ങളും മാറ്റിവയ്ക്കേണ്ടിവന്നു. അടുത്ത ലക്കത്തിൽ അവ പ്രസിദ്ധീകരിക്കുന്നതാണ് എന്നറിയിക്കുന്നു.
2. വേണ്ടവണ്ണം കണക്കു പരിശോധിക്കാൻ സമയം കിട്ടാതെ പോയതിനാൽ, 'സത്യജ്വാല സാമ്പത്തിക സ്ഥിതി' ഈ ലക്കത്തിൽ റിപ്പോർട്ടുചെയ്യാൻ കഴിഞ്ഞില്ല എന്നും അറിയിക്കുന്നു. *- എഡിറ്റർ*

# പുരോഹിതന്മാരുടെ രാജ്യം ഐഹികമല്ല


**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ**

2018 മാർച്ച് മാസത്തിലെ 'സത്യജ്വാല'യുടെ മുഖക്കുറിപ്പും എം.എൽ.ജോർജ് മാളിയേക്കലിന്റെ സത്യസന്ധവും ആധികാരികവുമായ കുറിപ്പും സന്ദർഭോചിതമായി. ആലഞ്ചേരിപിതാവിന്റെ ഭൂമികുംഭകോണവിവാദങ്ങൾ കെട്ടടങ്ങുന്നതായും ഒത്തുതീർപ്പിലേക്ക് കാര്യങ്ങൾ നീങ്ങുന്നതായുമാണ് ഈ പ്രതികരണം എഴുതുമ്പോൾ മാധ്യമങ്ങളിൽനിന്നു =മനസ്സിലാകുന്നത്. പരസ്യമായി എതിർപ്പു പ്രകടിപ്പിച്ചു വൈദികരുമായി രഹസ്യ ഒത്തുതീർപ്പുകൾ നടത്തി ജനത്തിന്റെ കണ്ണിൽ പൊടിയിടാൻ കഴിഞ്ഞേക്കാം! ഹൃദയങ്ങളെ ശോധനചെയ്യുന്ന സർവ്വശക്തനായ ദൈവത്തിന്റെ കണ്ണിൽ പൊടിയിട്ടുരക്ഷപ്പെടാൻ ആലഞ്ചേരി പിതാവിനു കഴിയുമോ?

സീറോ – മലബാർ സഭ ക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യരിൽ ഒരാളായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായതല്ല, ബർത്തുലോമ്യായാൽ സ്ഥാപിതമായതാണ് എന്ന മുൻകാല ആർച്ചുബിഷപ്പ് വർക്കി വിതയത്തിലിന്റെയും ബിഷപ്പ് പോൾ ചിറ്റിലപ്പള്ളിയുടെയും സത്യവാങ്മൂലം അക്ഷരാർത്ഥത്തിൽ ക്രൈസ്തവരെ നാണിപ്പിക്കുന്നതാണ്. എന്റേത് കാനോൻ നിയമം, എന്റെ രാജ്യം വത്തിക്കാൻ, എന്റെ അധിപൻ പോപ്പ് അതിനാൽ ഇൻഡ്യയിലെ നിയമം തനിക്കു ബാധകമല്ല എന്നൊക്കെ ആലഞ്ചേരിപിതാവ് പറഞ്ഞതിൽ പിന്നെന്ത് അത്ഭുതം?

"നിങ്ങൾ രാജാവിനെപ്പോലെയോ? എന്ന ജസ്റ്റീസ് കെമാൽ പാഷായുടെ ചോദ്യം ശബ്ദമില്ലാത്ത സത്യവിശ്വാസികളുടെ ശബ്ദമായി അന്തരീക്ഷത്തിൽ അലയടിക്കുകയാണ്. ആത്മീയരംഗത്ത് വ്യാപരിക്കേണ്ട പുരോഹിതരുടെ തൊഴിൽ ഭൂമിവാങ്ങലും വിൽക്കലും അല്ലെന്ന് പുരോഹിതവൃന്ദം മനസ്സിലാക്കണം. ഐഹികമല്ലാത്ത രാജ്യത്തെ രാജാവാകണം ക്രൈസ്തവ പുരോഹിതൻ.

ഫോൺ: 8547959951



# കർദ്ദിനാൾ ജോർജ് ആലഞ്ചേരിയുടെ പാപപരിഹാരാർത്ഥം കുരിശിന്റെ വഴി!

**കൊച്ചി:** ഇന്ത്യൻ ഭരണഘടനയെ പരസ്യമായി തള്ളിപ്പറയുകയും അതിനായി വേദപുസ്തകത്തെ ദുർവ്യാഖ്യാനംചെയ്ത് ദേവാലയത്തിൽ വിശുദ്ധ കർമ്മങ്ങൾ നടക്കുന്നതിനിടെ വിശ്വാസിസമൂഹത്തെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്ത കർദ്ദിനാൾ ആലഞ്ചേരി ഇന്ത്യൻ ഭരണഘടനയെയും ക്രിസ്തുദർശനങ്ങളെയും ഒരുപോലെ അപമാനിച്ചിരിക്കുകയാണെന്ന് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' മുഖ്യ ഉപദേഷ്ടാവ് ഫെലിക്സ് ജെ പുല്ലൂടൻ പറഞ്ഞു. എത്രയും വേഗം അദ്ദേഹം കർദ്ദിനാൾ പദവിയും മെത്രാൻ പദവിയും രാജിവെച്ച് രാജ്യത്തിന്റെ നിയമത്തിന് കീഴടങ്ങാൻ സ്വയം തയ്യാറാകണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

സർക്കാരിനെയും വിശ്വാസിസമൂഹത്തെയും വഞ്ചിച്ച കർദ്ദിനാൾ ജോർജ് ആലഞ്ചേരിക്ക് അന്ത്യവിധിനാളിൽ മാപ്പു നൽകണമെന്നും, കത്തോലിക്കാസഭയെ വൈദികപീഡനങ്ങളിൽനിന്നു സംരക്ഷിക്കുന്നതിനായുള്ള സംരക്ഷണകവചമായി ചർച്ച് ആക്ട് നടപ്പിലാക്കണമെന്നും പ്രാർത്ഥിച്ചുകൊണ്ട് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' നടത്തിയ കുരിശിന്റെ വഴി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ നിന്നാരംഭിച്ച കുരിശിന്റെ വഴി എറണാകുളം – അങ്കമാലി അതിരൂപതാ ആസ്ഥാനമന്ദിരത്തിൽച്ചെന്ന്, വിമോചനപ്രാർത്ഥന നടത്തിയശേഷം തിരികെ ഹൈക്കോടതി ജംഗ്ഷനിൽ അവസാനിക്കുകയായിരുന്നു. ക്രൈസ്തവസഭയിൽ ഇനിയും ആലഞ്ചേരിമാർ ഉണ്ടാകാതിരിക്കുവാനും വൈദികരുടെ കൊള്ള അവസാനിപ്പിക്കുവാനുമായി ക്രൈസ്തവസഭയുടെ സമ്പത്ത് രാജ്യത്തിന്റെ നിയമത്തിന് വിധേയമാക്കുംവിധം ചർച്ച് ആക്ട് നടപ്പിലാക്കുവാൻ സംസ്ഥാന-കേന്ദ്ര സർക്കാരുകൾ തയ്യാറാകണം എന്ന പ്രമേയം അവതരിപ്പിച്ചു പാസ്സാക്കി.




പ്രസിഡന്റ് ലാലൻ തരകൻ ആദ്ധ്യക്ഷ്യംവഹിച്ച ഉദ്ഘാടനസമ്മേളനത്തിൽ പ്രൊഫ. ജോസഫ് വർഗീസ്, ആന്റോ കോക്കാട്ട്, ജോർജ്ജ് ജോസഫ്, ഇ ആർ ജോസഫ്, ഹോർമീസ് തരകൻ, സി.എ ജേക്കബ് , സി.എസ് ജോസഫ്, പി എ ജോസഫ്, അഡ്വ. പോളച്ചൻ പുതുപ്പാറ, സ്റ്റാൻലി പൗലോസ്, വി.കെ. ജോയി, ജയൻ ജേക്കബ്, ലോനൻ ജോയി തുടങ്ങിയവർ പ്രസംഗിച്ചു.

# കർദ്ദിനാളിന് ഭൂമിക്കേസ് ഒത്തുതീർക്കാൻ പണംവരുന്ന വഴികൾ!



## ഇടപാടിൽ ലാഭം നേടിയ ഫാരീസ് രക്ഷകൻ,
### ഇടനിലക്കാരൻ അറയ്ക്കൽ മെത്രാൻ!

*[സത്യജ്വാലയ്ക്ക് അന്വേഷണാത്മക പത്രപ്രവർത്തനത്തിനുള്ള സംവിധാനമില്ല. അതുകൊണ്ട്, അത്തരം പത്രപ്രവർത്തനം വിദഗ്ധമായി നടത്തുന്ന വിവിധ ഓൺലൈൻ മാധ്യമങ്ങളിൽവരുന്ന വാർത്തകളെയും വാർത്താ വിശകലനങ്ങളെയും സത്യജ്വാല പ്രയോജനപ്പെടുത്താറുണ്ട്. ഇവയ്ക്കു നേതൃത്വം നൽകുന്നവരെ വ്യക്തിപരമായി അറിഞ്ഞുകൂടാത്തതിനാൽ, അവയിൽ വരുന്ന വാർത്തകളുടെ സത്യാവസ്ഥ സ്ഥിരീകരിക്കാനാവാത്ത സാഹചര്യമുണ്ട് എന്നത് ശരിയാണ്. എങ്കിലും എറണാകുളം ഭൂമികുംഭകോണക്കേസ് ഉൾപ്പെടെ പല വിവാദവാർത്തകളും, മറ്റെല്ലാ അച്ചടിമാധ്യമങ്ങൾക്കുംമുമ്പേ സത്യസന്ധമായി പ്രസിദ്ധീകരിക്കാൻ ധൈര്യംകാട്ടി വിശ്വാസ്യത തെളിയിച്ചവയാണല്ലോ അവയിൽ പലതും എന്നും ഓർക്കുന്നു...*

*2018 മാർച്ച് 27-ന് 'പ്രവാസിശബ്ദ'ത്തിൽ വന്ന വാർത്താലേഖനമാണിത്.]*

**കൊ**ച്ചി: സീറോ - മലബാർ സഭയെ പിടിച്ചുലച്ച ഭൂമിവിവാദത്തിൽ കർദ്ദിനാളിന്റെ രക്ഷകനായത് കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ്പെന്ന് റിപ്പോർട്ട്. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്കെതിരെ ഉയർന്ന ഭൂമിവിവാദത്തിന്റെ ആരംഭം മുതൽ സംഭവത്തിൽ കാഞ്ഞിരപ്പള്ളി രൂപതാ ബിഷപ് മാത്യു അറയ്ക്കലിന്റെ സാന്നിധ്യം പരക്കെ സംസാരവിഷയമായിരുന്നു. വിവാദവ്യവസായി ഫാരീസ് അബൂബക്കറിന്റെ അടുത്ത സുഹൃത്തുകൂടിയായ മാത്യു അറയ്ക്കലുമായി ആലഞ്ചേരി പിതാവിനുണ്ടായിരുന്ന സാമ്പത്തികഇടപാടുകൾ സഭയ്ക്കുള്ളിലും പുറത്തും പരസ്യമായ രഹസ്യമാണ്. ഇതാണ് ഒടുക്കം ഭൂമിവിവാദത്തിലെത്തിച്ചതെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വിവരം. അതേസമയം, വിവാദം തണുപ്പിക്കാൻ ഇപ്പോൾ മുന്നിട്ടിറങ്ങുന്നതും മാത്യു അറയ്ക്കലാണത്രേ!

ഇപ്പോൾ അതിരൂപതയും കർദ്ദിനാളുമായുള്ള ചർച്ചകൾ നടന്നുവരികയാണ്. തുകയുടെ കാര്യത്തിൽ മാത്രമേ തർക്കങ്ങളുള്ളൂ. 19 കോടി രൂപയാണ് രേഖകളിൽ സഭയ്ക്കു കിട്ടാനുള്ളതെങ്കിലും, ഇതിന്റെ 4 ഇരട്ടി തുകയാണ് അതിരൂപത കർദ്ദിനാളിൽനിന്ന് ആവശ്യപ്പെടുന്നത്. 100 കോടിയിലധികം വിപണിമൂല്യമുള്ള ഭൂമിയാണ് വിറ്റുതുലച്ചത് എന്നാണ് വൈദികസമിതിയുടെ കണ്ടെത്തൽ. ഈ പണം കർദ്ദിനാളിന്റെയും അദ്ദേഹത്തെ അനുകൂലിക്കുന്നവരുടെയും കൈകളിലും, ബാക്കി തുക ഫാരീസ് അബൂബക്കറിന്റെ കൈകളിൽ കച്ചവടത്തിന്റെ ലാഭമായും കമ്മീഷനായും എത്തിയത്രേ! ഭൂമിയുടെ യഥാർഥ വിപണിമൂല്യം വേണം എന്നാണ് കർദ്ദിനാളിനോട് അതിരൂപത ആവശ്യപ്പെടുന്നത്. ഇങ്ങനെ വന്നാൽ 75 കോടി രൂപയായിരിക്കും കർദ്ദിനാൾ - ബിഷപ്പ് മാത്യു ആറയ്ക്കൽ - ഫാരീസ് കൂട്ടുകെട്ട് എറണാകുളം അതിരൂപതയിലേക്കു കൊടുക്കേണ്ടിവരിക.

ആലഞ്ചേരിക്കെതിരെയുള്ള അന്വേഷണങ്ങൾ ചെന്നെത്തുന്നത് ഫാരീസ് അബൂബക്കറും മാത്യു അറയ്ക്കലും തമ്മിലുള്ള ഭൂമി - ബിനാമി ഇടപാടുകളിലേക്കാണെന്നതാണ് പെട്ടെന്നുള്ള ഈ അനുരഞ്ജനനീക്കത്തിനുപിന്നിൽ. അതേസമയം, ഭൂമിയിടപാടിൽ സഭയ്ക്കു നഷ്ടമായ 19 കോടി രൂപ കൊടുത്തുതീർക്കുന്നത് ആലഞ്ചേരിക്കുവേണ്ടി ഫാരീസ് അബൂബക്കറായിരിക്കുമെന്നതും സഭയ്ക്കുള്ളിലെ രഹസ്യമായി അവശേഷിക്കുന്നു.

വർഷങ്ങൾക്കുമുൻപ് ദീപിക പത്രം വിൽപന നടത്തിയതുമായി ബന്ധപ്പെട്ട് കോടികളുടെ പണമിടപാടുകൾ ആലഞ്ചേരിയും മാത്യു അറയ്ക്കലും ഫാരീസ് അബൂബക്കറുമായി നടത്തിയിരുന്നു. സഭയും ഫാരീസും ചേർന്ന്

# ഒരു ചങ്ങനാശ്ശേരി വാർത്തയും വിചിന്തനവും



**ജയിംസ് ഐസക്, കുടമാളൂർ**

മാർച്ചു 21-ലെ മനോരമയിൽ ചങ്ങനാശ്ശേരിയിൽ നിന്നൊരു വാർത്ത കണ്ടു:

"സീറോ-മലബാർ സഭയുടെ എറണാകുളം അങ്കമാലി അതിരൂപതയിൽ സമീപകാലത്തു നടന്ന ഭൂമി ഇടപാടിനോടനുബന്ധിച്ചു നടക്കുന്ന വിവാദങ്ങളിൽ അത്മായരുടെ യോഗം ആശങ്ക രേഖപ്പെടുത്തി. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്കു യോഗം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സഭാസംവിധാനങ്ങളിൽ ചർച്ചചെയ്തു പരിഹരിക്കേണ്ട ഇത്തരം വിഷയങ്ങൾ മാധ്യമങ്ങൾ വഴിയും പ്രതിഷേധപ്രകടനങ്ങൾ വഴിയും പൊതുജനമദ്ധ്യത്തിലേക്കു വലിച്ചിഴയ്ക്കുന്നതു ക്രൈസ്തവസമൂഹത്തിനു അപമാനകരവും ആശങ്കാജനകവുമാണെന്നു യോഗം വിലയിരുത്തി."

വാർത്ത വായിച്ചാൽ വലിയ നീതിബോധമുള്ളവരാണു യോഗം നടത്തിയതെന്നു തോന്നും. എന്നാൽ, ക്രൈസ്തവനീതിക്കു നിരക്കുന്ന കാര്യങ്ങളാണോ ഇന്നു സഭയിൽ നടക്കുന്നതെന്നു ചിന്തിക്കാൻ പല കാരണങ്ങളും കാണുന്നു.

നീതിനിർവ്വഹിക്കുന്നതുവഴി സംജാതമാകുന്ന സമാധാനവും തൽഫലമായി ദൈവാത്മാവിൽനിന്നു ദാനമായി ലഭിക്കുന്ന സന്തോഷവുമാണു ദൈവരാജ്യമെന്നു നാം വിശ്വസിക്കുന്നു. ഈ അനുഭവമാണ് ഇന്നു സഭയിൽ ഇല്ലാതായിരിക്കുന്നത്. നീതി നിർവ്വഹിക്കപ്പെടുന്നില്ല എന്നതാണു അസ്വസ്ഥതയുടെ പ്രധാനകാരണം.

സീറോ-മലബാർ സഭയുടെ അദ്ധ്യക്ഷൻ എറണാകുളം-അങ്കമാലി അതിരൂപതയുടെ ആർച്ചുബിഷപ്പ് കൂടിയാണ്. അതിരൂപതയുടെ കോടിക്കണക്കിനു രൂപാ വിലമതിക്കുന്ന ഭൂസ്വത്ത് മേജർ ആർച്ചുബിഷപ്പ് സ്ഥാനത്തിരുന്നുകൊണ്ട് കൈകാര്യം ചെയ്തിട്ട്, 'എന്നെ



നടത്തിക്കൊണ്ടിരുന്ന ദീപിക പത്രം പിന്നീട് ദിപികയുടെമാത്രം അവകാശത്തിലേക്ക് വാങ്ങുകയായിരുന്നു. ഈ കച്ചവടത്തിൽ ഫാരീസ് അബൂബക്കറിന് കൊടുക്കാമെന്ന് പറഞ്ഞ പണം ഇനിയും കൊടുത്തു തീർത്തിട്ടില്ല. എത്ര കോടി രൂപയാണിത് എന്നതു രഹസ്യമാണ്

പറഞ്ഞ പണം ഫാരീസിനു കൊടുക്കേണ്ടത് മാത്യു അറയ്ക്കലിന്റെയും ആലഞ്ചേരിയുടെയും ചുമതലയായി. എന്നാൽ കർദ്ദിനാൾ പദവിയിൽ എത്തിയിട്ടും ആലഞ്ചേരി ഫാരീസിന്റെ കടം തീർക്കാൻ കൂട്ടാക്കിയില്ല. ഇതേച്ചൊല്ലി മാത്യു അറയ്ക്കലും ആലഞ്ചേരിയുംതമ്മിൽ തർക്കം നിലനിൽക്കുന്നുമുണ്ട്. ഫാരീസിന്റെ പണം കൊടുത്ത് ഒഴിവാക്കാൻ മാത്യു അറയ്ക്കൽ പല തവണ ആവശ്യപ്പെട്ടിട്ടും ആലഞ്ചേരി ഇതിനു കൂട്ടാക്കിയതുമില്ല. ഇതിനിടെയാണ് സഭയ്ക്കുവേണ്ടി ഭൂമി വിൽപന നടത്താൻ ആലോചന നടന്നത്. ഭൂമി വിൽപ്പനയ്ക്കിടെ ഫാരീസിന്റെ കടം കൊടുത്തു തീർക്കാനുള്ള പണം വകമാറ്റാമെന്ന ബുദ്ധി ഉപദേശിച്ചതും മാത്യു അറയ്ക്കലാണത്രേ!

ഫാരീസുമായുള്ള സാമ്പത്തികവിഷയം സഭ അറിയാതിരിക്കാൻ ആലഞ്ചേരിയും ഒടുവിൽ തട്ടിപ്പിനു കൂട്ടുനിന്നു. എന്നാൽ സഹായമെത്രാൻ സെബാസ്റ്റ്യൻ എടയന്ത്രത്ത് വിഷയം വിവാദമാക്കിയതോടെ കള്ളക്കളികൾ പുറത്തുവരികയായിരുന്നു.

വിവാദം പോലീസ് സ്റ്റേഷനിലേക്കും കോടതിയിലേക്കും എത്തിയതോടെയാണ് പണം നൽകി കേസ് ഒതുക്കാൻ ഫാരീസ് നിർദ്ദേശിച്ചത്. വൈദികവൃത്തി നടത്തുന്ന മാത്യു അറയ്ക്കലിനും ആലഞ്ചേരിക്കും കോടികൾ സൂക്ഷിക്കാൻ കഴിയില്ല. ഇവരുടെ കോടികൾ സൂക്ഷിക്കുന്നതും ഈ പണം ചെലവഴിക്കുന്നതും ഫാരീസ് അബൂബക്കറിന്റെ കമ്പനികളാണ്. ഈ വഴിക്കാണ് ഇപ്പോൾ സഭയ്ക്കു നഷ്ടമായ കോടികൾ തിരിച്ചുകിട്ടാൻ പോകുന്നതത്രേ! ●

ചോദ്യം ചെയ്യാൻ റോമിലെ മാർപാപ്പായ്ക്കു മാത്രമേ അധികാരമുള്ളൂ' എന്നു പറഞ്ഞത് സീറോ-മലബാർ സഭയ്ക്കു മൊത്തം അപമാനകരമായി എന്നു ചങ്ങനാശ്ശേരിയിൽ യോഗം ചേർന്നവർ സമ്മതിക്കുമോ? ഭൂമി ഇടപാടിൽ ഇടനിലക്കാരായിരുന്നവർ കോടികളുടെ ഏലത്തോട്ടവും ആഡംബരക്കാറുകളും വാങ്ങിയെന്ന വാർത്ത കേട്ട് സഭാവിശ്വാസികൾ മൗനം പാലിക്കണമോ? അതിരൂപതയിലെ ഭൂരിപക്ഷം വൈദികരും അത്മായരും ഇക്കാര്യങ്ങളെക്കുറിച്ച് പരസ്യമായി ചോദ്യങ്ങളുന്നയിക്കുന്നുവെങ്കിൽ, അതവരുടെ നീതിബോധം കൊണ്ടാണെന്ന് എന്തുകൊണ്ടു സമ്മതിച്ചുകൂടാ? മേജർ ആർച്ചുബിഷപ്പ് നിരപരാധിയെങ്കിൽ അതു തെളിയിക്കട്ടെ. സത്യം തെളിയുന്നതുവരെ അധികാരസ്ഥാനത്തുനിന്നു മാറി നിൽക്കുന്നതായിരുന്നു ഉചിതം. അഥവാ, അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കാൻ പ്രഗത്ഭരായ സുപ്രീം കോർട്ട് നിയമജ്ഞരെത്തന്നെയാണു വരുത്തുന്നതെങ്കിൽ അതിനുള്ള പ്രതിഫലം ആരാണു നൽകുക? പ്രഥമദൃഷ്ട്യാ നീതി ഉൾക്കൊള്ളുന്ന കാര്യങ്ങൾക്കായി ചങ്ങനാശ്ശേരിയിൽ യോഗം ചേർന്നവർ ശബ്ദം ഉയർത്തിയെങ്കിൽ നന്നായിരുന്നു.

യോഗം നടന്ന ചങ്ങനാശ്ശേരി രൂപതാതിർത്തിയിൽത്തന്നെ കുട്ടനാട്ടിലെ കർഷകരെ ചൂഷണം ചെയ്തുകൊണ്ടു ഒരു കർഷക സംഘം വലിയ തട്ടിപ്പുനടത്തിയതായി വാർത്തയുണ്ട്. ഇതിൽ പ്രധാന കക്ഷി രൂപതയിലെ ഒരു പ്രമുഖ വൈദികനാണ്. ഇദ്ദേഹത്തെ തൽക്കാലം സഭാകർമ്മങ്ങളിൽനിന്നു മുടക്കി നിരപരാധിത്വം തെളിയിക്കാൻ ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ തയ്യാറാകുമോ? ഭൂമി ഇടപാടിലെ വിവാദങ്ങളിൽ സി.ബി.സി.ഐ. ഔദ്യോഗികമായി ഇടപെടുകയില്ല എന്നും വിശ്വാസകാര്യങ്ങളിൽമാത്രമാണു കാനൻനിയമങ്ങൾ ബാധകമാകുന്നതെന്നും ഭൗതികകാര്യങ്ങൾക്ക് രാജ്യത്തെ സിവിൽ നിയമങ്ങൾക്കാണ് സാധുതയെന്നും സി.ബി.സി.ഐ. അദ്ധ്യക്ഷൻ വ്യക്തമാക്കിയതായി ഒരു വാർത്തയും മനോരമയിൽ വായിച്ചു. ഈ വാർത്തയും മാർ ആലഞ്ചേരിയുടെ നിലപാടിനു വിരുദ്ധമാണ്.

ദൈവരാജ്യത്തിന്റെ പ്രഥമലക്ഷണമായ നീതിനിർവ്വഹണമാണ് ആദ്യം ഉണ്ടാകേണ്ടത്. ചർച്ച് ആക്ടുകൊണ്ട് ഉദ്ദേശിക്കുന്നത് സഭയിൽ നീതി നിർവ്വഹിക്കപ്പെടണമെന്നുതന്നെയാണ്. ചങ്ങനാശ്ശേരിയിലെ പ്രബുദ്ധരായ അത്മായരും വൈദികരും ഈ അവസരത്തിൽ ചർച്ച് ആക്ട് ഗൗരവപൂർവ്വം പരിഗണിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫോൺ: 9847126316

# തമിഴ്നാട്ടിലും കത്തോലിക്കാസഭയുടെ ഭൂമി കുംഭകോണം നടന്നത് 1400 കോടിയുടെ ഇടപാട്!

ചെന്നൈ: തമിഴ്നാട്ടിലും കത്തോലിക്കാസഭ അനധികൃതമായി ഭൂമി തിരിമറി നടത്തിയതായി പരാതി. മദ്രാസ്-മൈലാപ്പൂർ അതിരൂപതയിലെ 105 ഏക്കർ ഭൂമി ചെങ്കൽപ്പേട്ട് ബിഷപ് വ്യാജരേഖയുണ്ടാക്കി വിറ്റെന്നാണ് ആരോപണം.



സേവനപ്രവർത്തനങ്ങൾക്കല്ലാതെ കൈമാറ്റംചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ ലംഘിച്ച് ചെങ്കൽപേട്ട് ബിഷപ് നീതിനാഥനും സംഘവും കഴിഞ്ഞ 15 വർഷത്തിനിടെ സഭയുടെ ഭൂമി വിറ്റെന്നാണ് ആക്ഷേപം. 1400 കോടി രൂപയുടെ ഭൂമി കൈമാറ്റമാണ് ഇത്തരത്തിൽ അനധികൃതമായി നടത്തിയത്. സഭയുമായി യാതൊരു ബന്ധവുമില്ലാത്ത ചെട്ടിനാട് ആശുപത്രി, ആദിപരാശക്തി ട്രസ്റ്റ്, എം.ആർ.എം.ജി.എസ്.എഫ് എന്നീ കമ്പനികൾക്കാണ് സഭാഭൂമി കൈമാറ്റം ചെയ്തിരിക്കുന്നത്.

ഇതു സംബന്ധിച്ച് മദ്രാസ് ഹൈക്കോടതിയിൽ നൽകിയ ഹർജിയിൽ പോലീസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെങ്കിലും, ഇതുവരെ തുടർനടപടികളുണ്ടായിട്ടില്ല. ഭൂമി കൈമാറ്റം കോടതി കയറിയതോടെ ഫാദർ എ. സിറിൾ എന്ന അഡ്മിനിസ്ട്രേറ്ററെ ചുമതലകളിൽനിന്നൊഴിവാക്കി തലയൂരാനാണ് കത്തോലിക്കാസഭയുടെ ശ്രമം. ഇതേത്തുടർന്ന് പരാതിയുമായി നേരിട്ട് മാർപാപ്പയെ സമീപിക്കാനൊരുങ്ങുകയാണ് വിശ്വാസികൾ.

കടപ്പാട്: മാതൃഭൂമി

# രൂപതയും മെത്രാനും വില്ലകൾ നിർമിച്ചുവില്ക്കാൻ ഇറങ്ങി, കിടപ്പാടത്തിനു പണം നല്കിയ വിശ്വാസികൾ അങ്കലാപ്പിൽ!!

*[2018 മാർച്ച് 24-ലെ 'പ്രവാസിശബ്ദ'ത്തിൽ വന്ന വാർത്താലേഖനം]*

ദില്ലി: മലയാളി വിശ്വാസികൾ ലോകത്ത് എവിടെപ്പോയി രക്ഷപെടാൻ നോക്കിയാലും അവിടെ എത്തിയിരിക്കും, ഒരു സീറോ - മലബാർ യൂണിറ്റ്! പ്രവാസികളുടെ മാസപ്പിരിവ് എടുത്ത് ഇത്രമാത്രം സമ്പത്ത് ഉണ്ടാക്കുന്നതും വിശ്വാസക്കച്ചവടം നടത്തുന്നതുമായി മറ്റൊരു വിഭാഗം ഇല്ല. പ്രവാസികൾ ജോലിക്കു പോയിടത്തുചെന്ന് ഇടവകയും രൂപതയും ഉണ്ടാക്കി അവരെ ചതിക്കുന്നതിന് ഇതാ വീണ്ടും ഉദാഹരണം. സീറോ - മലബാർ സഭയിൽ മറ്റൊരു കുംഭകോണംകൂടി പുറത്തേക്ക്! കേരളത്തിലെ സഭ ഫരീദാബാദിൽ സുവിശേഷപ്രവർത്തനത്തിനു പോയത് ഫ്ളാറ്റ് ബിസിനസിനും, വില്ലകൾ നിർമിച്ച് റിയൽ എസ്റ്റേറ്റ് നടത്താനും? ഫരീദാബാദ് രൂപതയ്ക്കെതിരെയാണ് പ്രവാസികള ടക്കമുള്ളവരെ വഞ്ചിച്ചെന്ന പരാതി ഉയരുന്നത്.

2014-ൽ അതിരൂപതയുടെ സോഷ്യൽ സർവീസ് പ്രസ്ഥാനമായ 'സാൻജോ സോഷ്യൽ വെൽഫെയർ സൊസൈറ്റി' (SSWS) പദ്ധതിയിട്ട സാൻജോ റെസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതിയിൽ പണം നിക്ഷേപിച്ചവരെല്ലാം ഇപ്പോൾ ചതിക്കപ്പെട്ടു. ഡൽഹിയിൽ പ്രവാസികൾക്ക് ഒരു വീട് എന്ന സ്വപ്നം വിശ്വാസികൾക്കിടയിൽ വിറ്റഴിക്കുകയായിരുന്നു. മതവർഗീയത വളരുമ്പോൾ ക്രിസ്ത്യൻ മതക്കാർക്കായി ഒന്നിച്ചു താമസിക്കാൻ ഒരു വി.ഐ.പി കോളനി ഫരീദാബാദ് രൂപത വാഗ്ദാനംചെയ്തു. ഇതിനു 'ക്രിസ്ത്യൻ റസിഡൻഷ്യൽ കോപ്ളക്സ' എന്ന് വിളിപ്പേരും ഇട്ടു.

ഡൽഹി പ്രവാസികളായ മലയാളി കത്തോലിക്കർ ഒരു വീട് എന്ന സ്വപ്നത്തിനായി ഇതിലേക്ക് നല്കിയത് 25 കോടിയോളം രൂപയാണ്. നജഫ്ഗഡ് എൽ സോണിൽ അനുവദിച്ചുകിട്ടിയ 5.2 ഏക്കറിലാണ്, 700 വീടുകളുള്ള ക്രിസ്ത്യൻ (സീറോ-മലബാർ) കോളനിയായി ഈ റെസിഡെൻഷ്യൽ കോംപ്ലക്സ് പണിയാൻ രൂപത മുന്നിട്ടിറങ്ങിയത്.ഇതിനായി ഒരു ട്രസ്റ്റ് ഉണ്ടാക്കി. രൂപതയും ട്രസ്റ്റും ചേർന്ന് വ്യാപകമായി പിരിവെടുപ്പു നടത്തി. വിദേശത്തെ പ്രവാസികളിൽ ഡൽഹിയിൽ ഒരു ഫ്ളാറ്റ് എന്ന പ്രചരണം നടത്തി അവരിൽനിന്നും പണം വാങ്ങി. 1000 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള ഫ്ളാറ്റിന് 27-32 ലക്ഷം രൂപയും, 1500 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള ഫ്ളാറ്റിന് 40-45 ലക്ഷം രൂപയും, 2000 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള ഫ്ളാറ്റിന് 55-60 ലക്ഷം രൂപയുമാണ് വിലയിട്ടിരിക്കുന്നത്.

മുൻകൂർ ബുക്കിങ്ങിനായി, 7.5 ലക്ഷം, 10 ലക്ഷം, 14 ലക്ഷം എന്നിങ്ങനെ യഥാക്രമം പിരിച്ചെടുത്തു. 240 ആളുകളിൽനിന്ന് ഇത്തരത്തിൽ പണം പിരിച്ചതായി, രൂപതയുമായി ബന്ധപ്പെട്ട വിശ്വസനീയകേന്ദ്രങ്ങളും പണമടച്ചവരും സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ പണം വാങ്ങിയതല്ലാതെ ഒരാൾക്കും വീട് നല്കാനോ, വീടുകളുടെ പ്രവർത്തനം തുടങ്ങാൻപോലുമോ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ വാങ്ങിയ തുക രൂപത മറ്റ് കാര്യങ്ങൾക്കും മെത്രാനടക്കമുള്ളവരുടെ സുഖലോലുപതയ്ക്കും ചെലവിടുകയായിരുന്നു. പണം വൈദികരുടെയും മെത്രാന്റെയുംമറ്റും കൈകളിൽക്കൂടി അപ്രത്യക്ഷമായെന്നും ആരോപണം ഉയരുന്നു.

താമസിക്കാൻ വീടിനായി പണം നല്കിയവർക്ക് പണവും പോയി, വീടുമില്ല, ഭൂമിയും ഇല്ല എന്നതായി അവസ്ഥ. ഇക്കാര്യം ചോദിക്കുമ്പോൾ രൂപത ഇപ്പോൾ കൈമലർത്തി കാണിക്കുന്നു. സാങ്കേതിക പ്രശ്നങ്ങൾമൂലമാണ് പദ്ധതി വൈകുന്നത് എന്നതരത്തിലുള്ള മറുപടിയാണ് വേണ്ടപ്പെട്ടവർ നൽകുന്നത്. പദ്ധതി തുടങ്ങിയപ്പോൾ സ്ഥലം വെഞ്ചരിപ്പും കുർബാനയുമെല്ലാം വിശ്വാസികളെ വശീകരിക്കാൻ നടത്തി. പദ്ധതി തുടങ്ങാൻ നിശ്ചയിച്ച സ്ഥലത്തേക്ക് ഒരു റോഡുപോലും ഉണ്ടാക്കാൻ നാളിതുവരെയായി കഴിഞ്ഞിട്ടില്ല. ഇത് മനസിലാക്കി, മുടക്കിയ പണം തിരിച്ചു ചോദിക്കുന്നവരോട്, വേണമെങ്കിൽ പകരം ആളെ കണ്ടെത്തിയാൽ പണം തിരിച്ചുതരാമെന്നാണ് പറയുന്നത്. എന്നാൽ ആർക്കും ഈ പൊളിഞ്ഞ പദ്ധതിയിൽ പകരം ആളെ കിട്ടില്ല.

പദ്ധതിയുടെ ഭൂമി വിറ്റ് പണം തിരികെ നല്കണം എന്ന ആവശ്യം ഉയരുന്നുണ്ടെങ്കിലും, ഭൂമി വിറ്റാലും മുടക്കുമുതൽ കിട്ടില്ല എന്നതാണ് അവസ്ഥ. രൂപത ഏറ്റെടുത്തിരിക്കുന്ന സ്ഥലം വിറ്റ്, പലിശയടക്കം നൽകിയ തുക തിരികെനൽകണമെന്ന ആവശ്യം ശക്തിപ്രാപിക്കുകയാണ്. ഈ ആവശ്യമുയർത്തി ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ടുപോകുമെന്നും സിവിൽ കേസ് കൊടുക്കുമെന്നും പണംമുടക്കിയ വിശ്വാസികൾ പറയുന്നു. സ്ഥിരമായി ഗവണ്മെന്റ് ജോലികളൊന്നും ഇല്ലാത്തവരും റിട്ടയർമെന്റ് പ്രായമടുത്തവരുമാണ് ഇരകളിൽ ഏറിയപങ്കും.

സ്വന്തമായി ഭൂമി വാങ്ങി ഒരു വീട് വയ്ക്കാൻ സാധിക്കാത്ത വിശ്വാസികളെയാണ് ഇതിൽ ബലിയാടാക്കിയത്. 700 വീടുകൾ ആയിരുന്നു പദ്ധതിയിട്ടിരുന്നത്. 300 കോടി രൂപ സമാഹരിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ അഡ്വാൻസ് കിട്ടിയപ്പോഴേ പണം കിട്ടിയവർ അതുമായി മുങ്ങിയ അവസ്ഥയായിരുന്നു. രൂപതയുടെ വെബ്സൈറ്റിൽനിന്ന് സൊസൈറ്റിയുമായി ബന്ധപ്പെട്ട എല്ലാ ലിങ്കുകളും വിവരങ്ങളും നീക്കംചെയ്യുകയുംചെയ്തു. രൂപതയുടെ സോഷ്യൽ സർവീസ് പ്രസ്ഥാനമാണ് സാൻജോ സൊസൈറ്റി. രൂപതയ്ക്കു ലഭിക്കുന്ന നിരവധി സംഭാവനകൾക്ക് ടാക്സ് എക്സംപ്ഷൻ നൽകുന്നതും ഈ സൊസൈറ്റിവഴിയാണ്. ഈ ട്രസ്റ്റ് വഴിയാണ് തട്ടിപ്പു നടന്നത്. ഫരീദാബാദ് രൂപതയുടെ ആർച്ചുബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങരയാണ് ഈ ട്രസ്റ്റിന്റെ നായകൻ. പണം നഷ്ടപ്പെട്ട വിശ്വാസികളും പ്രവാസികളും രൂപതയ്ക്കും മെത്രാനും എതിരേ കേസ് കൊടുക്കാൻ ഒരുങ്ങുകയാണിപ്പോൾ.



# കൊരട്ടിമുത്തിയുടെ സ്വർണ്ണം കാണാതായ സംഭവം അതിരൂപതാ വൈദികകമ്മീഷനംഗങ്ങളെ ഇടവകക്കാർ തടഞ്ഞുവച്ചിരിക്കുന്നു!

*[ഏപ്രിൽ 6-ലെ 'news@india'-യിൽ വന്ന തത്സമയവാർത്താലേഖനം]*



ഇന്ന് വൈകിട്ട് മൂന്നുമണിയോടെ കൊരട്ടി പ്പള്ളിയിലെത്തിയ ഫാ .പോൾ തേലക്കാട്ട്, ഫാ .മാർട്ടിൻ കല്ലുങ്കൽ, ഫാ. സെബാസ്റ്റ്യൻ തളിയൻ എന്നീ വൈദികരെയാണ് ഇടവകജനം തടഞ്ഞുവച്ചിരിക്കുന്നത്. ഇടവകയുടെ കണക്കുകൾ പരിശോധിച്ച് രൂപതാസമിതിക്കുകണക്കുസമർപ്പിക്കുകയാണെന്നു പറയുന്ന ഈ വൈദികർ ഇടവകജനത്തോട് സത്യം തുറന്നു പറയാൻ തയ്യാറായില്ല. തുടർന്ന്, ഇടവകജനം വൈകിട്ട് ഏഴരമുതൽ ഈ വൈദികരെ തടഞ്ഞുവച്ചു.

തങ്ങളുടെ റിപ്പോർട്ട് രൂപതാധികാരികളെമാത്രമേ കേൾപ്പിക്കൂ എന്ന് വൈദികർ വാശിപിടിച്ചപ്പോൾ, തങ്ങളുടെ പള്ളിക്കണക്കിലുള്ള ക്രമക്കേടുസംബന്ധിച്ച റിപ്പോർട്ട് തങ്ങളെ കേൾപ്പിച്ചു ബോധിപ്പിച്ചിട്ടു രൂപതയിൽ സമർപ്പിച്ചാൽമതി എന്ന് ഇടവകജനവും നിലപാടെടുത്തു .

രാത്രി ഒമ്പതു മണിയോടെ ഇടവകക്കാർ പള്ളിയുടെ വലിയമണിയും ചെറിയമണിയും കൂട്ടമണിയടിച്ചു മുഴുവൻ ഇടവകക്കാരെയും വിളിച്ചുകൂട്ടി. കമ്മീഷൻ അംഗങ്ങളായ ഫാ. പോൾ തേലക്കാട്ട്, ഫാ .മാർട്ടിൻ കല്ലുങ്കൽ, ഫാ. സെബാസ്റ്റ്യൻ തളിയൻ എന്നീ വൈദികരെ ജനം പോകാനനുവദിച്ചിട്ടില്ല.ഇപ്പോൾ പള്ളിയിൽ ലോക്കൽ പോലീസുമെത്തി. സ്ഥലത്ത് തികച്ചും സംഘർഷാവസ്ഥതന്നെ.

### 'സുതാര്യ'നായ മണവാളനച്ചന്റെ കള്ളക്കളി

3 കിലോ 290 ഗ്രാം സ്വർണം നാലു തവണകളിലായി വിറ്റുവെന്ന് ആദ്യവെളിപ്പെടുത്തൽ! ഇത് പൊളിഞ്ഞെന്നു കണ്ടപ്പോൾ 6 കിലോ 500 ഗ്രാം സ്വർണം വിറ്റെന്ന് യോഗത്തെ അറിയിച്ചു പിടിച്ചുനിൽക്കാനും ശ്രമം! വിശ്വസ്തനെന്നു കരുതിയ വികാരി തന്നിഷ്ടപ്രകാരം കോടികളുടെ സ്വർണമാണ് വിറ്റത്. ഈ വിൽപ്പന ഇടവകക്കാർ അറിയാതിരിക്കാനുള്ള ഇടപെടലുകളും അദ്ദേഹം നടത്തി. പള്ളിക്കമ്മിറ്റിയുടെ യോഗങ്ങളിൽപ്പോലും നുണ പറഞ്ഞു എന്നാണ് ലഭിക്കുന്ന വിവരം.

ഗുണനിലവാര പരിശോധനാറിപ്പോർട്ടുസഹിതം സമർപ്പിച്ച 27 പവന്റെ ആഭരങ്ങളിലേറെയും മുക്കുപണ്ടമായി മാറിയെതെങ്ങനെ എന്ന ചോദ്യത്തിന് ഇപ്പോഴും ഉത്തരം നൽകാൻ മാത്യു മണവാളന് സാധിച്ചിട്ടില്ല. 25 ശതമാനം കണക്കുകൾ പരിശോധിച്ചപ്പോൾ 4.8 കോടിയുടെ ബാധ്യത വ്യക്തമായെന്നും ബാക്കിയുള്ള കണക്കു പരിശോധിക്കുമ്പോൾ അതിന്റെ പതിന്മടങ്ങാവാൻ സാദ്ധ്യതയെന്നും വിശ്വാസികളുടെ അന്വേഷണ കമ്മീഷൻ.

മുൻ പാരിഷ് കൗൺസിൽ അംഗവും, പള്ളിയുടെയും ആശുപത്രിയുടെയും ഓഡിറ്ററും ആയിരുന്ന ശ്രീ ഡെന്നി ജോസ് വെളിയത്തിന്റെ നിരീക്ഷണത്തിൽ, ഈ തട്ടിപ്പും അഴിമതിയും കൊരട്ടിയിലെ വിശ്വാസികളെ ആഴത്തിൽ മുറിവേൽപിക്കുന്നതും, ഇടവകയിലും രൂപതയിലും ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്നതുമാണ്. പിതാമഹന്മാർ പിടിയരി പിരിച്ചും പട്ടിണികിടന്നും വിശ്വാസതീക്ഷ്ണതയിൽ കൊരട്ടി മുത്തിക്കായി ഉണ്ടാക്കിയ സ്വത്തുക്കളും തങ്ങളുടെ അദ്ധ്വാനഫലവും ഏതാനും വൈദികരുടെ ധൂർത്തിനായി കൊള്ളയടിക്കുന്നതിനെതിരെ ഒറ്റക്കെട്ടായി ഇടവകജനം നിൽക്കുന്ന വേറിട്ട കാഴ്ചയാണ് കൊരട്ടിയിലേത്. ■

---

▸▸ ആത്മീയ കച്ചവടം എങ്ങനെ നടത്തണമെന്ന് റിസേർച്ച് നടത്തി വിജയിച്ചവരാണ് സീറോ - മലബാർ സഭയുടെ നേതൃത്വം. ഓരോ തട്ടിപ്പുകൾ പുറത്തുവരുമ്പോഴും, കല്ലുവച്ച നുണയുംപറഞ്ഞ് പ്രാർത്ഥനായജ്ഞവും ഉപവാസവും നടത്തി വിശ്വാസികളിൽ തീവ്രആത്മീയത ഉണ്ടാക്കി രക്ഷപെടാൻ ശ്രമിക്കും. വിശ്വാസി വീണില്ലെങ്കിൽ തീവ്രഭക്തിവിശ്വാസികളേ രംഗത്തിറക്കി ന്യായീകരിപ്പിച്ച് തട്ടിപ്പുകൾ മറയ്ക്കും. വീണ്ടും വിശ്വാസി ഇവരേ വിശ്വസിക്കും. ഓരോ തട്ടിപ്പു പുറത്തുവരുമ്പോഴും ക്രൈസ്തവവിശ്വാസത്തിന്റെ മറയുപയോഗിച്ച് ക്രിമിനലുകളായ സഭാനേതാക്കൾ രക്ഷപെടുകയാണ് ചെയ്യുന്നത്. പുറത്തുവരുന്ന വിവരങ്ങൾവച്ച്, സീറോ - മലബാർ സഭയിലേ എല്ലാ രൂപതകളും ഭൂമിഇടപാടു തട്ടിപ്പും, കോടികളുടെ ഫണ്ട് പിരിവും നിർമ്മാണമേഖലയിൽ അഴിമതിയും നടത്തിയിട്ടുണ്ട്. ഇത് മൂടിവയ്ക്കാൻ മെത്രാന്മാർ ഒറ്റക്കെട്ടാണിപ്പോൾ. ■

# ഇടയനെ അടിച്ച് ആടുകളെ ചിതറിക്കാൻ ശ്രമമെന്ന്!

## സീറോ-മലബാർ സിനഡ് മെത്രാന്മാരെ വേദിയിലിരുത്തി സഭയിലെ വിമതപ്രവർത്തനത്തിനെതിരെ മാർ സൂസൈപാക്യം!

*[ഏപ്രിൽ 6-ലെ 'news@india' വന്ന വാർത്ത]*



ഇടുക്കി: സീറോ-മലബാർസഭയിലെ എറണാകുളം- അങ്കമാലി ഭൂമിവിവാദം വിമത വൈദികരെക്കൊണ്ട് ആളിക്കത്തിച്ച മെത്രാന്മാരെ യും, അനങ്ങാപ്പാറകളായി ഇരുന്ന സിനഡിലെ മറ്റു മെത്രാന്മാരെയും ആർച്ച്ബിഷപ് സൂസൈപാക്യം തന്റെ പ്രസംഗത്തിൽ പരോക്ഷമായി വിമർശിച്ചു.

ഇടയനെ അടിച്ച് ആടുകളെ ചിതറിക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്നു കെസിബിസി പ്രസിഡൻറും തിരുവനന്തപുരം അതിരൂപതാ ആർച്ച്ബിഷപ്പുമായ ഡോ. എം. സൂസൈപാക്യം. ഇടുക്കി രൂപതാബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേലിന്റെ മെത്രാഭിഷേകചടങ്ങിൽ വചനസന്ദേശം നൽകുകയായിരുന്നു ആർച്ചു ബിഷപ്പ്. സത്യത്തിൽ അടിയുറച്ചു നിശ്ശബ്ദനായി സഹിക്കുന്ന ഇടയനെ ആർക്കും തകർക്കാനും ഇല്ലായ്മചെയ്യാനും കഴിയില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. 'സ്നേഹം സത്യത്തിലും പ്രവൃത്തിയിലും' എന്ന മാർ ജോൺ നെല്ലിക്കുന്നേലിന്റെ ആപ്തവാക്യത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്.

സ്നേഹത്തിനായി ബലിയർപ്പിക്കുന്ന വൈദികർക്കു കടുത്ത സംഘർഷം അനുഭവിക്കേണ്ടി വരുന്നുണ്ട്. തന്നെ ഭരമേൽപ്പിച്ച വലിയ ഇടയനുവേണ്ടി സഹിക്കേണ്ടിവരും. നല്ലയിടന്റെ ചിത്രമാണിത്. ആടുകൾ മേയുകയും നീരുറവകളിൽനിന്നു പാനംചെയ്യുകയും ചെയ്യുന്നുണ്ടെങ്കിലും ചെന്നായ്ക്കളുടെ ക്രൂരത അനുഭവിക്കേണ്ടിവരുന്നുണ്ട്. യേശുവിനെ മുന്നിൽ കണ്ടുകൊണ്ടു സഹിക്കേണ്ടി വരും. നല്ലിടയന്റെ ചിത്രം സുവിശേഷത്തിൽ തെളിഞ്ഞു വരുന്നു. തിക്താനുഭവത്തിലൂടെ കടന്നുപോകുന്ന ദൈവത്തിന്റെ അഭിഷിക്തരുണ്ട്. യേശുവിനെ അനുഗമിക്കാൻ രണ്ട് വഴികളില്ല. ശിഷ്യനു ഗുരുവിനെക്കാൾ വ്യത്യസ്തമായ വഴികളില്ല. പീഡനങ്ങളും തിക്താനുഭവങ്ങളും ശിഷ്യനും ഏറ്റുവാങ്ങണം. പച്ചമരത്തോട് ഇതാണ് ചെയ്യുന്നതെങ്കിൽ ഉണക്കമരത്തോട് എന്തും ചെയ്യാം. ഗുരു എപ്പോഴും എതിരാളികളുടെ പീഡനത്തിലൂടെയും പരിഹാസത്തിലൂടെയും കടന്നുപോകുന്നുണ്ട്. എന്നാൽ, ഒരു തലമുടിയിഴ പോലും പറിച്ചു കളയാൻ ഇവർക്കു കഴിയില്ല. കൂടെ എപ്പോഴും സംരക്ഷകനായി യേശുവുണ്ടെന്ന് അറിയണം.

ക്രിസ്തുവിന്റെ വഴി തിരഞ്ഞെടുക്കാൻ ശ്രമിക്കാത്തവർക്ക് ഇതെല്ലാം മനസിലാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ശിഷ്യൻ ഗുരുവിനെക്കാൾ സ്മാർട്ടാകാൻ ശ്രമിക്കുന്ന കാലമാണിതെന്നും അദ്ദേഹം വ്യക്തമാക്കി. ഗുരുവിന്റെ വാക്കുകളിൽ വെള്ളംചേർത്ത് സ്വന്തം സുഖത്തിനുവേണ്ടി ശിഷ്യൻ ഉപയോഗിക്കാൻ ശ്രമിക്കരുത്. സ്നേഹത്തിൽ ഉണ്ടായിരിക്കേണ്ട ത്യാഗമാണ് മാർ നെല്ലിക്കുന്നേൽ "സ്നേഹം സത്യത്തിലും പ്രവൃത്തിയിലും' എന്നതിലൂടെ അർഥമാക്കുന്നത്.

സ്നേഹസമൂഹത്തിനുവേണ്ടി ശ്രമിക്കുമ്പോൾ ദുർമാർഗങ്ങൾ ഉണ്ടാകുന്നു. തെറ്റുകൾ തിരുത്താൻ കാലതാമസം എടുക്കുന്നു. സഭയിൽപ്പോലും ശിക്ഷണനടപടി സ്വീകരിക്കാൻ വൈകുമ്പോൾ ദുർമാർഗങ്ങൾ കടന്നുകൂടും. പാളിച്ചകളെ അതിജീവിക്കാൻ പ്രാർഥനയ്ക്കും പ്രായശ്ചിത്തത്തിനും കഴിയണം. വ്യക്തികളുടെ സൽപേരും സഭയുടെ മഹത്വവും സംരക്ഷിക്കാൻ തെറ്റുകൾ തിരുത്തണം. അതിനു കാലതാമസവും വിമുഖതയും ഉണ്ടാകുന്നു. സഭാനിയമങ്ങൾ കർശനമാക്കണമെന്നും ആർച്ചുബിഷപ്പ് സൂസൈപാക്യം കൂട്ടിച്ചേർത്തു.

*– 'സത്യത്തിൽ അടിയുറച്ച് നിശ്ശബ്ദനായി സഹിക്കുന്ന' ആലഞ്ചേരി വലിയ ഇടയനെയും ബിഷപ്പ് സൂസൈപാക്യമുൾപ്പെടെയുള്ള (അദ്ദേഹത്തിനെതിരെയും ഈയിടെ ഒരു ഭൂമികുംഭകോണക്കേസ് ഉണ്ടായിട്ടുണ്ട്!) സഹ ഇടയന്മാരെയും, എല്ലാ വിമത 'ചെന്നായ'ഗ്രൂപ്പുകളുടെയും ക്രൂരതകളിൽനിന്നു രക്ഷിക്കണമെന്ന് മാർ സൂസൈപാക്യം ആഹ്വാനിക്കുന്നതിനു മുമ്പേതന്നെ അതിനുള്ള തയ്യാറെടുപ്പുകൾ ആലഞ്ചേരിപക്ഷ രൂപതകൾ തുടങ്ങിക്കഴിഞ്ഞിരുന്നു എന്നറിയുന്നു. പാലായിൽ മുൻ പ്രവർത്തകരുൾപ്പെടെയുള്ള KCYM കാരുടെ ഒരു വലിയ സമ്മേളനം ഈയിടെ വിളിച്ചുചേർത്തിരുന്നു. പല രൂപതകളിലും കത്തോലിക്കാ കോൺഗ്രസിന്റെ സമ്മേളനങ്ങളും നടക്കുന്നുണ്ടെന്നും അറിയുന്നു. ഈ ചാവേർ*

# കൊല്ലം ബിഷപ്പ് സ്റ്റാൻലി റോമനെതിരെ കോടതിവിധി!



**രൂപതയുടെ പണം ചെലവാക്കുന്നതും, സഭാസ്വത്തുക്കൾ വിൽക്കുന്നതോ ബാധ്യതപ്പെടുത്തുന്നതോ സംബന്ധിച്ചുമുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുന്നതും, പുരോഹിതരെയോ സ്ഥാപനങ്ങളിലെ തൊഴിലാളികളെയോ സ്ഥലംമാറ്റുന്നതും തടഞ്ഞുകൊണ്ടാണ് കോടതി ഉത്തരവ്. എന്നാൽ, മതപരമായ ചടങ്ങുകൾ നടത്തുന്നതിന് ഉത്തരവു ബാധകമല്ലെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.**

**കൊ**ല്ലം മെത്രാൻ മാർ സ്റ്റാൻലി റോമൻ രൂപതാഭരണം നടത്തുന്നത് കാനോൻനിയമം ലംഘിച്ചെന്നു കണ്ടെത്തി കൊല്ലം മുൻസിഫ് കോടതി. സഭാസ്വത്തുക്കൾ കൈകാര്യംചെയ്യുന്നതിനും പുരോഹിതരെയും ജീവനക്കാരെയും സ്ഥലംമാറ്റുന്നതിനും കോടതി അദ്ദേഹത്തിനു വിലക്കേർപ്പെടുത്തി.

സീറോ-മലബാർ സഭയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട വിവാദങ്ങൾ പുകയുന്നതിനിടെയാണ് ലത്തീൻ കത്തോലിക്കാസഭയെയും വെട്ടിലാക്കി കോടതിവിധി വന്നിരിക്കുന്നത്.

കാനോൻ നിയമമനുസരിച്ച് സ്ഥാനമൊഴിയേണ്ട പ്രായപരിധി കഴിഞ്ഞതിനാൽ, സഭയിലെ അധികാരപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽനിന്നാണ് അദ്ദേഹത്തെ വിലക്കിയിരിക്കുന്നത്. 'ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' വൈസ് പ്രസിഡന്റുമാരായ വെസ്റ്റ് കല്ലട പാട്ടക്കടവ് ആൻസി കോട്ടേജിൽ എൽ. തങ്കച്ചൻ, കണ്ടച്ചിറ നമ്പുവിള പടിഞ്ഞാറ്റതിൽ ഹിലാരി സഖറിയ എന്നിവർ അഡ്വ. നീണ്ടകര ആർ രമേശ് കുമാർ മുഖേന ഫയൽചെയ്ത കേസിൽ മുൻസിഫ് ആർ. ജ്യോതിബാബുവാണ് വിധി പ്രസ്താവിച്ചത്.

രൂപതയുടെ പണം ചെലവാക്കുന്നതും, സഭാസ്വത്തുക്കൾ വിൽക്കുന്നതോ ബാധ്യതപ്പെടുത്തുന്നതോ സംബന്ധിച്ചുമുള്ള നയപരമായ തീരുമാനങ്ങൾ എടുക്കുന്നതും, പുരോഹിതരെയോ സ്ഥാപനങ്ങളിലെ തൊഴിലാളികളെയോ സ്ഥലംമാറ്റുന്നതും തടഞ്ഞുകൊണ്ടാണ് കോടതി ഉത്തരവ്. എന്നാൽ, മതപരമായ ചടങ്ങുകൾ നടത്തുന്നതിന് ഉത്തരവു ബാധകമല്ലെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

കാനോൻനിയമപ്രകാരം നിയമിതനായ ബിഷപ് 184, 401 വകുപ്പുകൾ പ്രകാരം 74 വയസ്സ് പൂർത്തിയായാൽ മാർപാപ്പയ്ക്ക് രാജിക്കത്ത് അയയ്ക്കണം. ഇതാണ് സാധാരണയുള്ള ചട്ടം. തുടർന്ന് 75 വയസ്സു കഴിയുമ്പോൾ സ്ഥാനമൊഴിഞ്ഞു പിൻഗാമിക്ക് അധികാരം കൈമാറണം. എന്നാൽ, ഈ കാലാവധി കഴിഞ്ഞ ബിഷപ് സ്ഥാനമൊഴിയാൻ തയ്യാറായിട്ടില്ല. മാത്രമല്ല, സഭാസ്വത്തുക്കൾ വിൽപ്പനനടത്തുന്നതായും ഭരണത്തിൽ ക്രമക്കേടു നടത്തുന്നതായും ആരോപിച്ച് വിശ്വാസികളിൽ ചിലർ രംഗത്തു വന്നിരുന്നു.

സ്ഥാനമൊഴിയുംമുമ്പു സ്വത്തുക്കൾ കൈകാര്യംചെയ്യാനും ജീവനക്കാരെ സ്ഥലംമാറ്റാനും ശ്രമിക്കുമെന്നു ചൂണ്ടിക്കാട്ടിയാണ് വാദികൾ കോടതിയെ സമീപിച്ചത്. നിലവിൽ ബിഷപ് സ്റ്റാൻലി റോമൻ ഈ പദവിയുടെ ചുമതലക്കാരൻ മാത്രമാണെന്നായിരുന്നു ഹർജിക്കാരുടെ വാദം. കാനോൻനിയമങ്ങളുടെ ലംഘനം നടന്നതിനാൽ ബിഷപ്പിനെ പ്രാർത്ഥനാധികാരംമാത്രമുള്ള കാവൽബിഷപ്പായി കോടതിക്കു കണക്കാക്കേണ്ടിവന്നു. സാധാരണ നിലയിൽ സഭാകാര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പ്രത്യേകിച്ച് പുരോഹിതരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കോടതി ഇടപെടൽ നടത്തുന്ന സാഹചര്യം കേരളത്തിൽ കുറവാണ്.

നേരത്തെ ബിഷപ്പ് സ്റ്റാൻലി റോമൻ കോടികളുടെ ഭൂമി തട്ടിപ്പ് നടത്തി എന്ന ആരോപണവുമായി സഭാവിശ്വാസിയായ അഭിഭാഷകനും രംഗത്തെത്തിയിരുന്നു. 2011-ൽ തങ്കശേരിയിലെ സഭയുടെ അധീനതയിലുണ്ടായിരുന്ന ഭൂമി കോടികൾക്ക് വിൽപന നടത്തിയതിനുപിന്നിൽ ഗുരുതരമായ സാമ്പത്തികക്രമക്കേടുണ്ടെന്നാണ് ആരോപണം ഉയർന്നിരുന്നത്. ലക്ഷങ്ങൾ സെന്റിനു വിലമതിക്കുന്ന ഭൂമി വെറും ഒരു കോടിയിൽപരം രൂപയ്ക്കു വിറ്റതായാണ് രേഖകളെന്നും അഡ്വ. ബോറിസ് പോൾ ആരോപിച്ചിരുന്നു.

വേറെയും നിരവധി ഭൂമി ഇടപാടുകൾ അതിരൂപതയിൽ നടന്നിട്ടുണ്ടെന്നും അതിന്റെയൊക്കെ പിന്നിലും ഇത്തരം ക്രമക്കേടുകൾ ഉണ്ടെന്നും ബോറിസ് ആരോപിക്കുകയുണ്ടായി.

(കടപ്പാട്: 2018 മാർച്ച് 28-ലെ 'മറുനാടൻ മലയാളി')

---

*ഗ്രൂപ്പുകളെ ഉപയോഗിച്ച് വിമതരൂപതകളെയും അവിടെയുള്ള വൈദികരെയും 'സുതാര്യത'ക്കാരെയും ചർച്ച് ആക്ടുകാരെയും കൈകാര്യംചെയ്യാനാണു പ്ലാൻ. ആലഞ്ചേരിപക്ഷ രൂപതകളിലെ ഇത്തരം എറാൻമൂളി പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് സംഘടിതമായ ഒരു പ്രതിരോധനിര തീർക്കാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്...*

*അതെ, 'സ്നേഹസമൂഹത്തിനുവേണ്ടി ശ്രമിക്കുമ്പോൾ' ഇത്തരം 'ദുർമാർഗങ്ങൾ' ഉണ്ടായിപ്പോകുന്നു! ആലഞ്ചേരിപക്ഷക്കാർ വേറെന്തു ചെയ്യും?*

# അഭയാകേസിലെ പ്രതിയായ വൈദികനെ കോടതി ശിക്ഷിച്ചാലും അംഗീകരിക്കില്ല- വിധിവരുംമുമ്പേ വെല്ലുവിളി!

**ഓ**സ്ട്രേലിയയിലിരുന്ന്, മലയാളി ബിഷപ്പിന്റെ ഇന്ത്യൻ കോടതിയോടുള്ള വെല്ലുവിളി! സിസ്റ്റർ അഭയാ കൊലക്കേസിൽ ഇപ്പോൾ പ്രതിസ്ഥാനത്തുള്ള ഫാ. തോമസ് കോട്ടൂർ കുറ്റംചെയ്തിട്ടില്ലെന്നും 20 വയസു മുതൽ അദ്ദേഹത്തെ അറിയാമെന്നും ഓസ്ട്രേലിയയിലെ സീറോ -മലബാർ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ. ഇന്ത്യൻ കോടതി അദ്ദേഹത്തെ ശിക്ഷിച്ചാലും, വധശിക്ഷയ്ക്കു വിധിച്ചാൽപ്പോലും, തോമസ് കോട്ടൂർ തെറ്റുകാരനല്ലെന്ന് താൻ പറയും എന്നും ബിഷപ്പ് പ്രസ്താവിച്ചു. മാർച്ച് 18-ന് മെൽബണിലെ സൗത്ത് ഈസ്റ്റിൽ പ്രവാസി മലയാളി വിശ്വാസികൾ പങ്കെടുത്ത കുർബാനയിൽ പ്രസംഗം നടത്തുകയായിരുന്നു ബിഷപ്പ്.



ബിഷപ്പിന്റെ പ്രസ്താവനയ്ക്കെതിരേ വിശ്വാസികൾ പ്രതിഷേധിച്ചു. ഇന്ത്യക്കാരനും മലയാളിയുമായിരുന്നിട്ടും ഇന്ത്യയ്ക്കു പുറത്തിരുന്ന് ഇന്ത്യൻ കോടതിയെയും ഭരണഘടനയെയും ബിഷപ്പ് വെല്ലുവിളിക്കുകയാണെന്ന് വിശ്വാസികൾ കുറ്റപ്പെടുത്തി. നിലവിലെ കർദ്ദിനാൾ മാർ ആലഞ്ചേരിക്കു സ്ഥാനം നഷ്ടപെട്ടാൽ പകരം പരിഗണിക്കുന്നവരിൽ മുൻനിരക്കാരനാണ് ഈ ബിഷപ്പ്.

ഓസ്ട്രേലിയയിൽ ശതകോടികളാണ് സീറോ - മലബാർ സഭയുടെ വരുമാനം. ഇതിനകം 25 ദശലക്ഷത്തിലധികം ഡോളറിന്റെ ഭൂസ്വത്തുക്കൾ തന്നെയുണ്ട്. വിവിധ മലയാളി പള്ളികളിൽ നിന്നായി ഒരു മാസത്തേ വരുമാനം ഏതാണ്ട് 60 ലക്ഷം രൂപ കവിയും. എല്ലാം പ്രവാസി മലയാളികളായ സീറോ - മലബാർ വിശ്വാസികൾ നല്കുന്ന നേർച്ചപ്പണവും സംഭാവനയുമാണ്. എന്നാൽ ഈ തുകയും ശതകോടികളുടെ ഭൂസ്വത്തും പള്ളികളും സീറോ-മലബാർ സഭയുടെ മൊത്തം ആസ്തിയിലേക്കും കണക്കിലേക്കും വരുന്നില്ലെന്ന വസ്തുത കഴിഞ്ഞ ദിവസം 'പ്രവാസി ശബ്ദം' പുറത്തുവിട്ടിരുന്നു. മുഴുവൻ സമ്പത്തും പണവും പോകുന്നത് ഏഴു പേർ അടങ്ങുന്ന വൈദികരുടെ ഒരു ട്രസ്റ്റിലേക്കാണ് . വിശ്വാസികൾക്കോ സഭയ്ക്കോ സർക്കാരിനോ യാതൊരു അധികാരവും ഈ ട്രസ്റ്റിൽ ഇല്ല. അവരുടെ തന്നിഷ്ടംപോലെ ഈ സമ്പത്ത് വിനിയോഗിക്കാം. കർദ്ദിനാളിന്റെയോ, മാർപാപ്പയുടെയോ പാരിഷ് കൗൺസിലിന്റെയോ യാതൊരു അനുമതിയും വേണ്ട. കാനോൻനിയമവും ബാധകമല്ല. സുപ്രധാനമായ ഈ വിവരം പുറത്തുവന്നതോടെ വിശ്വാസികൾ പലരും



ബാങ്കുവഴി കൊടുത്തിരുന്ന ഡയറക്ട് ഡെബിറ്റ് റദ്ദാക്കാൻ തുടങ്ങിയിരുന്നു.

ബിഷപ്പിനെതിരേ ഓസ്ട്രേലിയയിലെ മാധ്യമ പ്രവർത്തകനും 'കേരളാ ന്യൂസ്' എഡിറ്ററുമായ ജോസ് എം.ജോർജ്ജ് ഫേസ്ബുക്കിൽ പ്രതികരിച്ചു.


## സത്യജ്വാല

**'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!**
**'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.**
**'സത്യജ്വാല' – പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!**
**'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!**
**ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...**
**യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക**
**'സത്യജ്വാല' – വായിക്കുക, വരിക്കാരാകുക, വരിക്കാരാക്കുക, പ്രചരിപ്പിക്കുക!**

# 'KANA' വിഭാവനംചെയ്യുന്ന ഒരു ക്നാനായസമുദായം –യഹൂദസമൂഹമാതൃകയിലുള്ളതും എൻഡോഗാമിയിൽ അധിഷ്ഠിതമല്ലാത്തതുമായ ഒന്ന്



**അലക്സ് കാവുമ്പുറം – USA**
(National Co-ordinator, KANA)

എൻഡോഗാമിയിൽ അധിഷ്ഠിതമായ ക്നാനായ പള്ളികൾ അമേരിക്കയിൽ പറ്റില്ല എന്ന് ഓറിയന്റൽ കോൺഗ്രിഗേഷൻ 1986–ൽ ഉത്തരവിട്ടതാണ്. അത് മാറ്റിക്കിട്ടുവാൻ കോട്ടയം പിതാക്കന്മാരും, KCCNA നേതാക്കന്മാരും പഠിച്ചപണി പതിനെട്ടും നോക്കിയെങ്കിലും നടന്നില്ല. ഇനിയൊട്ടു നടക്കാനും പോകുന്നില്ല. അതിനെ മറികടക്കുവാൻ സീറോ–മലബാർ പിതാക്കന്മാരുടെ ഒത്താശയോടെ ഇറക്കിയ 'ഇണ്ടാസ്' ആണ് ജന്മത്തിൽ മാത്രം അധിഷ്ഠിതമായ മൂലക്കാട്ട് ഫോർമുല. എന്നാൽ ഈ ഫോർമുലയും റോമിന് സ്വീകാര്യമല്ല. ഡിസംബർ 2017–ൽ ഓറിയന്റൽ കോൺഗ്രിഗേഷൻ ഇറക്കിയ 'ഇണ്ടാസ്' ഇത് വളരെ വ്യക്തമായി പറയുന്നുണ്ട്.

റോം അംഗീകരിച്ചിരിക്കുന്നത് 'കാന'യുടെ ഫോർമുലയാണ്. കാന (KANA - Knanaya Association of North America) ആവശ്യപ്പെട്ടതിലും വിശാലമാണ് റോമിന്റെ പുതിയ കല്പന. അമേരിക്കയിൽ എൻഡോഗാമിയിൽ അധിഷ്ഠിതമായ പള്ളികൾ പാടില്ല എന്നു റോം കല്പിക്കുമ്പോൾ, കോട്ടയത്ത് അത് പാടില്ല എന്ന് വിധിച്ചിരിക്കുന്നത് കോടതികളാണ്. റോമിന്റെ കല്പന പുനഃപരിശോധിക്കുന്നതിനു റോമിലും, കോടതിവിധി മാറ്റിക്കിട്ടുന്നതിന് കേരള ഹൈക്കോടതിയിലും പിതാക്കന്മാരും സംഘടനാ നേതാക്കന്മാരും അപ്പീൽ നൽകിയിരിക്കുകയാണ്. ഈ രണ്ട് അപ്പീലുകളിലും ഒരു തീരുമാനം റോമും ഹൈക്കോടതിയും അധികം താമസിയാതെതന്നെ എടുക്കും. അത് എൻഡോഗമിക്ക് അനുകൂലമാകാൻ ഒരു സാധ്യതയുമില്ല.

അതുകൊണ്ട് എൻഡോഗാമിയിൽ അധിഷ്ഠിതമല്ലാത്ത ഒരു ക്നാനായസമുദായത്തെപ്പറ്റി വളരെ കാര്യമായി ചിന്തിക്കുവാൻ സമയമായിരിക്കുന്നു. 'കാന' വിഭാവനം ചെയ്യുന്നതും റോമും കോടതിയും അംഗീകരിക്കുന്നതും ഇന്നത്തെ യഹൂദസമൂഹംപോലെയുള്ള ഒരു ക്നാനായസമുദായമാണ്.

ക്നാനായസമുദായത്തിന്റെ നന്മയും ഉന്നതിയുമാണ് 'കാന' ആഗ്രഹിക്കുന്നത്. കാനായിലെ അംഗങ്ങൾ നിങ്ങൾക്കു രക്തബന്ധമുള്ള സഹോദരങ്ങളാണ്. എല്ലാവരും യേശുവിന്റെ തിരുരക്തത്താൽ ബന്ധിതരാണ്. അങ്ങനെയുള്ളവരെ എന്തിനു മാറ്റിനിറുത്തുവാൻ ശ്രമിക്കണം. റോമിലെ സഭാധികാരികളും ഇന്ത്യയിലെ കോടതിയും പറഞ്ഞതുകേട്ട് എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് നമുക്ക് മുന്നോട്ടു പോകാം.

ക്നാനായ പിതാക്കന്മാരും സംഘടനാനേതാക്കന്മാരും അതിനു മുൻകൈ എടുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നമുക്കൊരു മേശയ്ക്കു ചുറ്റുമിരുന്നു സംസാരിക്കാം, ആശയങ്ങൾ പങ്കുവെക്കാം, പരിഹാരങ്ങൾ കണ്ടുപിടിക്കാം. അതല്ലേ നല്ലത്? ചിന്തിക്കുക!

ഫോൺ: (001)516506938

---

▸▸

അദ്ദേഹത്തിന്റെ പ്രസ്താവന താഴെ കൊടുക്കുന്നു:


''സിസ്റ്റർ അഭയക്കേസിലെ സി.ബി.ഐ. കോടതിയുടെ വിധിയെയും കോടതിയുടെ പരമോന്നതമായ അധികാരത്തെയും പൂർണ്ണമായും അംഗീകരിക്കുന്നു.

ഓസ്ട്രേലിയായിലെ സീറോ – മലബാർ ബിഷപ്പ് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ മാർച്ച് 18–ാം തീയതി ഞായറാഴ്ച മെൽബണിലെ സൗത്ത് ഈസ്റ്റിൽ കുർബാനയ്ക്കിടെ നടത്തിയ പ്രസംഗത്തിൽ, അഭയാക്കേസ്സിലെ പ്രതിയായ ഫാ. കോട്ടൂരിനെ ന്യായീകരിക്കുകയും അദ്ദേഹത്തിന് വധശിക്ഷ കിട്ടിയാൽപ്പോലും അദ്ദേഹം തെറ്റുകാരനല്ലെന്നു പറയുമെന്നു പ്രസ്താവിക്കുകയും ചെയ്തു. സഭ മൊത്തത്തിൽ ഒരു പ്രതിസന്ധിയെ നേരിടുന്ന സമയത്ത് കോടതിയലക്ഷ്യം വരാവുന്ന രീതിയിൽ ഇന്ത്യൻ ഭരണഘടനയുടെ തീരുമാനം തെറ്റാണ് എന്നു പ്രഖ്യാപിക്കുകവഴി, ഒരു വലിയ കൊലയെ ന്യായീകരിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. സിസ്റ്റർ അഭയയുടെ കുടുംബത്തിന്റെ വേദനയും കണ്ണീരും കാണാതെ ഫാ. കോട്ടൂരിനെ ന്യായീകരിക്കുന്ന ഈ നടപടി തികച്ചും അധാർമ്മികതയും കോടതിയലക്ഷ്യവുമാണ്."

ഈ കേസിൽ കൃത്യമായി കാര്യങ്ങൾ തെളിഞ്ഞത് ഭരണഘടനയുടെയും സി.ബി.ഐ–യുടെയും കൃത്യതകൊണ്ടാണ്. അങ്ങനെയിരിക്കെ, വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കുന്ന നടപടിയിൽനിന്നും മാർ ബോസ്ക്കോ പുത്തൂർ പിൻമാറണം. വിശ്വാസം സംരക്ഷിക്കേണ്ടത് സിസ്റ്റർ അഭയയുടെ കേസിൽ കുറ്റാരോപിതരെ ന്യായീകരിച്ചുകൊണ്ടല്ല. നീതിപീഠത്തിനു മുൻപിൽ ഫാ. കോട്ടൂരും സിസ്റ്റർ സ്റ്റെഫിയും കുറ്റക്കാർതന്നെ. ഇന്ത്യയുടെ പരമോന്നത നീതിപീഠത്തെ ആദരിക്കുക. 20–വയസുമുതൽ ബിഷപ്പിന് ഫാ. കോട്ടൂരിനെ അറിയാമെന്നതുകൊണ്ട് അദ്ദേഹം തെറ്റുകാരനല്ലെന്ന് തെളിയുന്നില്ല. ബിഷപ്പിന്റെ ഈ ന്യായീകരണത്തെ വിശ്വാസിസമൂഹത്തിന്റ എതിർപ്പുകൊണ്ട് നേരിടേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല.

*(കടപ്പാട്: മാർച്ച് 21-ലെ 'പ്രവാസിശബ്ദം')*

# "ആടിക്കളിക്കെടാ കുഞ്ഞുരാമാ, ചാടിക്കളിക്കടാ കൊച്ചുരാമാ!"



**ജോയി ഒറവണക്കളം**- ചിക്കാഗോ, യു.എസ്.എ

**ചി**ക്കാഗോ സീറോ-മലബാർ രൂപതാമെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിനെക്കുറിച്ച് ക്നാനായ വക്താവ് ശ്രീ ജയ്മോൻ നന്ദിക്കാട്ട് നടത്തിയ പരാമർശം ഫെയ്സ് ബുക്കിലൂടെ കേട്ടപ്പോൾ, പഴയ ഒരു മലയാളം സിനിമയിൽ ഒരു കുരങ്ങിനെ പൊതുനിരത്തിൽ കളിപ്പിച്ചുകൊണ്ടുള്ള നാടോടിപാട്ടിന്റെ ഈരടികൾ എന്റെ മനസ്സിൽ ഉദിച്ചതാണ് മേലുദ്ധരിച്ച തലവാചകം.

ക്നാനായ രക്തശുദ്ധിയുടെപേരിൽ വിശ്വാസികളെ പള്ളിയിൽനിന്നു പുറത്താക്കുകയും കൂദാശകൾ നിഷേധിക്കുകയും, മറ്റുള്ളവർക്ക് ജ്ഞാനസ്നാനംനല്കി സഭയിലേക്കു ചേർക്കാതിരിക്കുകയും ചെയ്യുന്ന കോട്ടയം രൂപതയുടെ അക്രൈസ്തവവും സഭാവിരുദ്ധവുമായ നടപടികളെക്കുറിച്ചു പഠിച്ചു റിപ്പോർട്ട് നല്കുന്നതിനായി കനേഡിയൻ ബിഷപ്പ് മാർ മുൾഹാളിനെ വത്തിക്കാൻ നിയമിക്കുകയും അദ്ദേഹം രണ്ടുവർഷക്കാലം മുഴുവനും കോട്ടയത്തും ആഗോളവ്യാപകമായി ചിതറിക്കഴിയുന്ന കോട്ടയം രൂപതാംഗങ്ങളുടെ സംഘടനകളിലും പള്ളികളിലും ചില പ്രത്യേക വ്യക്തികളുടെ കുടുംബങ്ങളിലുമൊക്കെ പോയി പഠനം നടത്തുകയുണ്ടായി. കൂടാതെ, ജന്മംകൊണ്ടു മാത്രം ക്നാനായക്കാരായ ഇതര രൂപതകളിലെ വൈദികരിൽനിന്നും മെത്രാന്മാരിൽനിന്നും അഭിപ്രായങ്ങൾ കേട്ടുപഠിക്കുകയും ചെയ്തു.

യേശുവിന്റെ പ്രബോധനങ്ങൾക്കും സഭയുടെ നിയമങ്ങൾക്കും കടകവിരുദ്ധമാണ് കോട്ടയം രൂപതയുടെ പുറത്താക്കൽ നടപടിയെന്ന് വ്യക്തമാക്കുന്ന ഒരു റിപ്പോർട്ടാണ് റോമിലെ തിരുസംഘത്തിന് അദ്ദേഹം സമർപ്പിച്ചത്. ആ തിരുസംഘം സുദീർഘമായ പഠനങ്ങൾക്കുശേഷം വംശീയതയുടെപേരിൽ ആരെയും പള്ളിയിൽനിന്നും പുറത്താക്കിക്കൂടായെന്നും അതിന്റെ പേരിൽ ആർക്കും കൂദാശകൾ നിഷേധിച്ചുകൂടായെന്നുള്ള ശക്തമായ ഒരു ഡിക്രി ചിക്കാഗോ സീറോ-മലബാർ മെത്രാനും കോട്ടയം രൂപതാദ്ധ്യക്ഷനും നല്കുകയുണ്ടായി. ഈ ഡിക്രിയെമറികടക്കാൻ കോട്ടയം രൂപതാമെത്രാന്മാരും സംഘടനാപ്രതിനിധികളും അടിയന്തിരമായി റോമിലേക്കു പോയിരുന്നു. അവരുടെ രക്തശുദ്ധിവാദം സ്ഥിരീകരിക്കുന്നതിനുവേണ്ടി അങ്ങാടിയത്തു മെത്രാനെയും കൂടെക്കൂട്ടി.



ശ്രീ. ജയ്മോൻ നന്ദികാട്ട് അങ്ങാടിയത്തിനെ വിശേഷിപ്പിച്ചത് ഇപ്രകാരം ആയിരുന്നു. 'അതായത് നമ്മൾ എന്തുപറയുന്നുവോ അതു ശരിവയ്ക്കാൻ നമ്മുടെ രണ്ടു മെത്രാൻമാരുടെയും ഇടയ്ക്ക് അദ്ദേഹം ഉണ്ടായിരുന്നു. അദ്ദേഹം ഞങ്ങളുടെകൂടെ ഒരു കൊച്ചുകുട്ടിയെപ്പോലെയായിരുന്നു. അങ്ങോട്ടു തിരിയാൻ പറഞ്ഞാൽ അങ്ങോട്ടും ഇങ്ങോട്ടു തിരിയാൻ പറഞ്ഞാൽ ഇങ്ങോട്ടും തിരിയാൻ ഞങ്ങളുടെകൂടെ ഉണ്ടായിരുന്നു.' ഇതു കേട്ടപ്പോൾ "ആടിക്കളിക്കെടാ കുഞ്ഞുരാമാ, ചാടിക്കളിക്കടാ കൊച്ചുരാമാ" എന്നു പാടുമ്പോൾ തുള്ളിച്ചാടുന്ന കുരങ്ങിന്റെ അവസ്ഥയാണെല്ലോ മാർ അങ്ങാടിയത്തിന്റേതെന്ന് ഓർത്തുപോയി. അതിൽ ദുഃഖിക്കുകയും ചെയ്യുന്നു.

ഫോൺ: (001) 630-836-1335





# ആലഞ്ചേരിയും യോഗയും

റവ. ഡോ. ജെ ഔസേപ്പറമ്പിൽ

*[ഇന്ത്യയിലെ എല്ലാ രൂപതകളിലുംതന്നെ യോഗയെ നിഷേധിച്ചുള്ള പ്രസ്താവനകൾ ആധികാരികകത്തോലിക്കാസഭ ഇറക്കിക്കഴിഞ്ഞു. വടക്കേ ഇന്ത്യയിൽ ബാപ്റ്റിസ്റ്റുകളും ഈ പ്രസ്താവനാക്കസർത്തു നടത്തി. എന്നാൽ, യോഗ എന്താണെന്നും, അത് ക്രിസ്തീയവിശ്വാസത്തിന് എതിരാകുന്നത് എങ്ങനെയെന്നും ആരും പറയുന്നില്ല. ഈ പശ്ചാത്തലത്തിലാണ്, റവ.ഡോ.ജെ. ഔസേപ്പറമ്പിലിന്റെ ഈ പഠനപ്രബന്ധത്തിന്റെ പ്രസക്തി. കുഴപ്പം യോഗയ്ക്കല്ല, കത്തോലിക്കാവിശ്വാസത്തിനാണെന്ന് ലേഖകനായ ഈ വൈദികൻ പറയുന്നു. 'സത്യജ്വാല'യിൽ മുമ്പു വന്നിട്ടുള്ള അദ്ദേഹത്തിന്റെ 'ദൈവങ്ങളെക്കുറിച്ചൊരു പഠനം' (സത്യജ്വാല, 53-55), 'സെക്കുലറിസവും മതവും' (സത്യജ്വാല, 59-61), 'ആവർത്തനവും പരിവർത്തനവും' (സത്യജ്വാല, 56) എന്നീ ലേഖനങ്ങൾ വായിച്ചിരുന്നാൽ ഈ ലേഖനം കൂടുതൽ മനസ്സിലാക്കാൻ കഴിയും - ഈ ദീർഘലേഖനം 3 ലക്കങ്ങളായി പ്രസിദ്ധീകരിക്കുന്നു.]*

2017 ഏപ്രിൽ 6-ാം തീയതി 'Matters India'-യിൽ, കർദ്ദിനാൾ ജോർജ് ആലഞ്ചേരി ഒപ്പിട്ട ഒരു തീട്ടൂരം, യോഗായെക്കുറിച്ചുള്ളത്, സീറോ-മലബാർ സഭയുടെ ഔദ്യോഗിക സിനഡിന്റെ അഭിപ്രായമായി പ്രസിദ്ധീകരിച്ചിരുന്നു. യോഗദൈവാനുഭവത്തിലേക്കു നയിക്കുന്ന ഒരു മാധ്യമമാകില്ല എന്നും, എന്നാൽ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനുമാത്രം അനുഗുണമാകാമെന്നും അതിൽ പറഞ്ഞിരിക്കുന്നു. ദൈവാനുഭവത്തിലെത്താൻ ഏതെങ്കിലും ഒരാസനത്തിനു കഴിവില്ലെന്ന് തറപ്പിച്ചു പറഞ്ഞിരിക്കുന്നു; കാരണം, ഞങ്ങൾ വിശ്വസിക്കുന്ന ദൈവം ഒരു വ്യക്തി ദൈവമാണ്. യോഗവഴി ദൈവാനുഭവവും ദൈവവുമായി പാരസ്പര്യസമ്പർക്കവും ഉണ്ടാകുമെന്നു ചിന്തിക്കുന്നത് അത്ര ശരിയല്ല. അതുകൊണ്ട് സത്യവിശ്വാസികൾ യോഗയുമായി ബന്ധപ്പെട്ട പ്രാർത്ഥനാകൂട്ടായ്മകളുമായും ആദ്ധ്യാത്മികപ്രസ്ഥാനങ്ങളുമായും ഇടപഴകുന്നത് സത്യവിശ്വാസത്തിന് അനുഗുണമല്ലെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു.



**എന്താണ് യോഗ?**

യോഗയുടെ ചില നിർവ്വചനങ്ങൾ ഇവിടെ ചുരുക്കിപ്പറയാം:

1. പതഞ്ജലിയോഗസൂത്രത്തിലെ നിർവ്വചനം: യോഗഃ ചിത്തവൃത്തിനിരോധഃ = മനസ്സിന്റെ ചാഞ്ചല്യങ്ങളെ നിരോധിച്ച് ഏകാഗ്രത പ്രാപിക്കുകയാണ് ലക്ഷ്യം.

2. യോഗോഹി പ്രഭവാഭ്യയൗ (കം ഉപ. 6:11) = നമ്മുടെ ഉത്ഭവസ്ഥാനത്ത് എത്തിച്ചേരുക-നമ്മുടെ പ്രജ്ഞ മഹാപ്രജ്ഞയെ പ്രാപിക്കുകയാണ് ലക്ഷ്യം.

3. സർവഭാവപരിത്യാഗോ യോഗ ഇത്യഭിധീയതേ (മൈത്രീ ഉപ. 6.25) = സർവഭാവങ്ങളെയും പരിത്യജിച്ച് ഏകാഗ്രത വരുത്തുന്നതാണ് യോഗ. വസ്തുക്കളെല്ലാം രൂപവും ഭാവവുള്ളതാണ്. അതിൽ മുങ്ങിക്കുളിക്കാതെ ഭാവങ്ങളുടെയും രൂപങ്ങളുടെയും അടിസ്ഥാനത്തിലെത്തണം.

4. സമത്വം യോഗ ഉച്യതേ (ഗീത, 2.48) = സമഭാവമാണ് യോഗ എന്ന് സത്തുക്കൾ പറയുന്നു. ചിത്തസമതുലിതാവസ്ഥയാണ്, സമാധാനമാണ്, യോഗ.

5. യോഗഃ കർമ്മസുകൗശലം (ഗീത 2.50) = കർമ്മത്തിലുള്ള സാമർത്ഥ്യം തന്നെയാണ് യോഗായെന്നു പറയപ്പെടുന്നത്.

6. യംസന്യാസമിതി പ്രാഹു യോഗം തം വിദ്ധി പാണ്ഡവ (ഗീത 6.2) = എന്തിനെയാണോ സന്യാസമെന്നു പറയുന്നത് അതുതന്നെയാണ് യോഗയെന്നു അറിഞ്ഞാലും, അർജ്ജുനാ.

7. യുജ്യാദ്യോഗമാത്മ വിശുദ്ധയെ (ഗീത 6.10) = ആത്മവിശുദ്ധിക്കായി യോഗ ചെയ്യുക.

യോഗയ്ക്ക് അനേകം നിർവ്വചനങ്ങളുണ്ട്. ഗീതയുടെ 6-ാം അദ്ധ്യായം പ്രത്യേകം വായിക്കുക. ബ്രഹ്മാത്മബന്ധപ്രാപ്തിയാണ്-ദൈവാത്മാനുഭവമാണ്-യോഗയുടെ വിഷയം തന്നെ. യോഗയുടെ സത്തയും ലക്ഷ്യവും ദൈവാത്മാനുഭവത്തിലേക്കുള്ള രാജവീഥി തുറക്കുകയാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ആലഞ്ചേരിയുടെയും കൂട്ടുമെത്രാന്മാരുടെയും വിഡ്ഢിത്തവും അജ്ഞതയും അഹന്തയും ക്രിസ്തുമതത്തെക്കുറിച്ചുതന്നെയുള്ള തെറ്റിദ്ധാരണയും തുറന്നുകാട്ടാൻ പതഞ്ജല അഷ്ടാംഗയോഗം ചുരുക്കിപ്പറയാം.

വേദങ്ങളും ഉപനിഷത്തുകളും പരിമിതമായ മനുഷ്യപ്രജ്ഞയ്ക്ക് എങ്ങനെ മഹാപ്രജ്ഞയായ ദൈവത്തെ പ്രാപിക്കാം എന്നു പഠിപ്പിച്ചു. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും പ്രജ്ഞയും എങ്ങനെ ഈ ഏകലക്ഷ്യത്തെ പ്രാപിക്കാൻ ശുദ്ധീകരിക്കുകയും

കേന്ദ്രീകരിക്കുകയും ചെയ്യണമെന്നും അതുവഴി ദൈവസായൂജ്യം എങ്ങനെ ഉണ്ടാകുമെന്നും യോഗങ്ങൾ പഠിപ്പിക്കുന്നു. ഗീതയിൽ കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം എന്നിങ്ങനെ കർമ്മപ്രധാനയോഗം, ഭക്തിപ്രധാനയോഗം, സൂത്രജ്ഞാനപ്രധാനയോഗം എന്നിപ്രകാരം യോഗത്തെ തിരിച്ചിട്ടുണ്ട്. കർമ്മവും ഭക്തിയും ജ്ഞാനവും എല്ലാ യോഗത്തിനും വേണം. ശങ്കരാചാര്യർ അനുഭവപ്രധാനമായ ഉപനിഷത്തുക്കൾക്കും വിചാരപ്രധാനമായ ബ്രഹ്മസൂത്രത്തിനും ആചാരപ്രധാനമായ ഗീതയ്ക്കും വ്യാഖ്യാനങ്ങൾ എഴുതി. ഉപനിഷത്തുകളിലും ബ്രഹ്മസൂത്രത്തിലും ഗീതയിലും അനുഭവവും (experience) വിചാരവും (theory) ആചാരവും (practice) ഉണ്ട്. പക്ഷേ, ഓരോന്നിലും മുഖ്യമായത് (stress) അനുഭവവും വിചാരവും ആചാരവുമാണ് (experience, theory and practice). യോഹന്നാന്റെ സുവിശേഷം അനുഭവപ്രധാനവും പൗലോസിന്റെ ലേഖനങ്ങൾ വിചാരപ്രധാനവും അപ്പസ്തോലനടപടികൾ ആചാരപ്രധാനവുമായി കണക്കാക്കാവുന്നതാണ്. നമ്മുടെ വിജ്ഞാനശ്രോതസ്സായ അനുഭവവിചാരാചാരങ്ങളെ ഏകീഭവിപ്പിച്ച് വ്യക്തിജീവിതത്തെയും സാമൂഹികജീവിതത്തെയും വിശുദ്ധീകരിച്ച്, ശാരീരികവും മാനസ്സികവുമായ ആരോഗ്യം നിലനിറുത്തി, ഭൗതികമോഹങ്ങളിൽനിന്ന് മനസ്സിനെ പ്രതിനിവർത്തിച്ച്, പ്രാണായാമംവഴി മനസ്സിനെയും ശരീരത്തെയും നിയന്ത്രിച്ച്, ഈ നിയന്ത്രണം ഇടമുറിയാതെ നിറുത്തി ധ്യാനിച്ച് ദൈവാത്മൈക്യം പ്രാപിക്കുന്നതാണ് യോഗ.

പതഞ്ജലിയുടെ യോഗസൂത്രങ്ങൾ എട്ടു പടികളിലായി യോഗയെ വിശദീകരിക്കുന്നു. യമം (social discipline), നിയമം (self discipline) ആസനം (physical discipline) പ്രാണായാമം (internal control through breathing), പ്രത്യാഹാരം (emotional control of attachments), ധാരണ (ability to hold on), ധ്യാനം (meditation), സമാധി (union of divinity and soul) – ഇതാണ് അഷ്ടാംഗയോഗം. ഗീതയുടെ 6-ാം അദ്ധ്യായം യോഗയെ വിശദീകരിക്കുന്നു. യോഗയുടെ എട്ടു ഘടകങ്ങളെ ചുരുക്കിപ്പറയാം.

**1. യമം (self control):** അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം ഇവയാണ് യമപഞ്ചകം എന്നറിയപ്പെടുന്നത്. (സ്ഥലപരിമിതി എഡിറ്റർ ജോർജ് മൂലേച്ചാലിക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ഇവ ഓരോന്നും ഇവിടെ വിവരിക്കുന്നില്ല.) യമപഞ്ചകം ഒരു വ്യക്തിയുടെ സാമൂഹികജീവിതം സമതുലിതമാക്കാൻ സഹായിക്കും.

**2. നിയമം (Discipline):** ശൗചം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം – ഇവയാണ് നിയമപഞ്ചകം. ഈശ്വരപ്രണധാനം എന്നു പറഞ്ഞാൽ തന്നെത്തന്നെ ഈശ്വരന് സമർപ്പിക്കുന്നതും ദൈവസാന്നിദ്ധ്യസ്മരണയോടെ ജീവിക്കുന്നതുമാണ്. പ്രാർത്ഥനാരൂപി, ദൈവസാന്നിദ്ധ്യസ്മരണ, നല്ല നിയോഗം ഇതെല്ലാം ഒന്നാണ്. യോഗയിലെ ഈശ്വരനും ക്രിസ്തു അവതരിപ്പിച്ച ദൈവവും വ്യക്തികളാണ്. പക്ഷേ, യഥാർത്ഥ ദൈവം ഒരു വ്യക്തിയല്ല. ദൈവത്തെ ഒരു മനുഷ്യരൂപത്തിലോ മൃഗരൂപത്തിലോ ഒതുക്കാൻ പറ്റില്ല. ആലഞ്ചേരി പറയുന്നു താൻ വിശ്വസിക്കുന്ന ദൈവം ഒരു വ്യക്തിയാണെന്ന്. ഫ്രാൻസീസ് പാപ്പാ പറയുന്നു, താൻ വിശ്വസിക്കുന്നത് കത്തോലിക്കാദൈവത്തിലല്ലായെന്ന്.

ബിംബം ദേവനാണെന്നു വിശ്വസിക്കുന്ന ഹിന്ദുവിനറിയാം ദേവൻ ബിംബമല്ലെന്ന്. ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുന്നവനും ദൈവം ക്രിസ്തുവല്ല എന്നറിയേണ്ടിയിരിക്കുന്നു. സ്ഥലകാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നതെല്ലാം സ്ഥലകാലങ്ങളാൽ അളക്കപ്പെടാവുന്നവയാണ്. മാനം – അളവ്, അളവുള്ളതാണ് മായ. ദൈവത്തിന്റെ സ്ഥലശക്തിയും കാലശക്തിയുംവഴി പ്രത്യക്ഷപ്പെടുന്നതെല്ലാം ദൈവികമാണ്, പക്ഷേ ദൈവമല്ല. ദൈവം മനുഷ്യനെപ്പോലെ ഒരു വ്യക്തിയല്ല, മൃഗമല്ല. ദൈവം ഒരു വ്യക്തിയിലോ രൂപത്തിലോ ഒതുങ്ങുന്നവനല്ല. ദൈവം ഒരു മതത്തിന്റെയും ഭാഗമല്ല; ദൈവത്തിന് ഒരു മതവുമായും ബന്ധമില്ല. ഒരു മതവും ദൈവവുമായി ബന്ധപ്പെട്ടതല്ല. മനുഷ്യപ്രജ്ഞയും ദൈവപ്രജ്ഞയും തമ്മിലുള്ള സാധർമ്മ്യമാണ് മനുഷ്യപ്രജ്ഞയ്ക്ക് ദൈവപ്രജ്ഞയെ പ്രാപിക്കാനുള്ള സാധ്യത തുറക്കുന്നത്. ഇങ്ങനെ ഒരു സാധ്യത തുറക്കാൻ പഞ്ചേന്ദ്രിയങ്ങളെയും മനസ്സിനെയും ബുദ്ധിയെയും നിയന്ത്രിക്കുന്നത് എങ്ങനെയെന്ന് യോഗ പഠിപ്പിക്കുന്നു.

മരമോ മലയോ കല്ലോ ദൈവമായി കരുതുന്ന ട്രൈബലുകൾക്കും ദൈവാനുഭവമുണ്ടാകും. മേല്പ്പറഞ്ഞവയെല്ലാം ഈശാവാസ്യമാണ്. അതിന്റെ അന്തഃസത്തയിൽ ദൈവത്തെ കണ്ടുമുട്ടാം. സമുദ്രത്തിൽ വീഴുന്ന ഒരു തുള്ളിവെള്ളം സമുദ്രത്തിന്റെ അനന്തതയുടെ ഭാഗമായി മാറുന്നു. സമുദ്രത്തിന്റെ അനന്തനീലിമയും ആകാശത്തിന്റെ അനന്തനീലിമയും സർവ്വവ്യാപിത്വത്തിന്റെ പ്രതീകങ്ങളാണ്. നീലിമ കടുപ്പമുള്ളതായാൽ കറുപ്പാകും. കരിങ്കൽ പ്രതിമയും നീലിമയുടെ പ്രതീകമാണ്, അനന്തതയുടെ പ്രതീകമാണ്. വിഗ്രഹങ്ങളെല്ലാം അനന്തതയുടെ പ്രതീകങ്ങളാണ്. പ്രജ്ഞയും അനന്തപ്രജ്ഞയും സമാധിയിൽ ഒരുമിക്കുന്നത് പ്രമുഖമായി പ്രതിപാദിക്കുന്നു, ഗീതയും ഉപനിഷത്തുകളും. മഹാപ്രജ്ഞയെ നമുക്ക് ഏതു വസ്തുവിലൂടെയും സമീപിക്കാം. ഈ വസ്തുത അനുഭവിച്ചാൽ നമുക്കു പറയാൻ കഴിയും വിഗ്രഹം ദൈവമാണെന്ന്, ഒപ്പം ദൈവം വിഗ്രഹമല്ലെന്നും. ത്രിമാനങ്ങളുള്ള പ്രപഞ്ചവസ്തുക്കളുമായി പ്രതിപ്രവർത്തിക്കുന്നത് മനസ്സ്, ബുദ്ധി, പഞ്ചേന്ദ്രിയങ്ങൾ ഇവ വഴിയാണ്. അനുഭവങ്ങൾ അനുഭവങ്ങളാകുന്നത് പ്രജ്ഞയുള്ളതുകൊണ്ടാണ്. സമുദ്രത്തിലെ ഓളങ്ങളും ആകാശത്തിലെ കാർമേഘങ്ങളും ചാഞ്ചാട്ടമുള്ള മനസ്സിന്റെ പ്രതീകങ്ങളാണ്. സമുദ്രത്തിന്റെ നീലിമയും ആകാശത്തിന്റെ നീലിമയും ത്രിമാനങ്ങളില്ലാത്ത പ്രജ്ഞയുടെ പ്രതീകങ്ങളാണ്. ഓളപ്പരപ്പിലും മേഘപ്പരപ്പിലും ചൂഴ്ന്നു നോക്കിയാൽ ത്രിമാനങ്ങൾക്ക് ഉണ്മ നൽകുന്ന പൂർണ്ണതയെ കണ്ടുമുട്ടാം. ത്രിമാനങ്ങളില്ലാത്ത ഉണ്മയെ പൂർണ്ണമെന്നോ ശൂന്യമെന്നോ വിളിക്കാം. ഒരേ നാണയത്തിന്റെ രണ്ടുവശങ്ങൾ.

തന്നെത്തന്നെ മറ്റുള്ളവയിൽനിന്ന് വ്യതിരിക്തമായി തിരിച്ചറിയാൻ കഴിയുന്ന മൃഗങ്ങളിലാണ് വ്യക്തിത്വം ഉള്ളത്. ഒരേ തരത്തിലുള്ള മൃഗങ്ങളുടെ കൂട്ടായ്മയെ ജാതി എന്നു പറയും. അതിലെ ഓരോ അംഗത്തെയും വ്യക്തി എന്നു പറയും. പശുജാതിയിൽപ്പെട്ട ഓരോ പശുവും

വ്യക്തികളാണ്. വ്യക്തികൾക്കെല്ലാം ലിംഗഭേദമുണ്ട് – ആണ്, പെണ്ണ് എന്നിങ്ങനെ. ആണ്മയും പെണ്മയും ഒരുമിച്ചുവന്നാൽ ഭിന്നലിംഗക്കാർ എന്നു പറയും. ആണ്മയോ പെണ്മയോ ഉണ്ടായിരിക്കുകയും അത് പ്രവർത്തനക്ഷമമല്ലാതിരിക്കുകയും ചെയ്താൽ ഷണ്ഡനും ഷണ്ഡിയുമായി കരുതും. ആണ്മയും പെണ്മയും തീർത്തും ഇല്ലാതിരുന്നാൽ നപുംസക

മൂന്നാളുകളുടെ സംയുക്തമാണെങ്കിൽ സ്വയംഭൂവല്ല. സംയുക്തങ്ങളെല്ലാം വിശ്ലേഷിക്കപ്പെടും. നശിച്ചുപോകും. അതിസൂക്ഷ്മമായ ദൈവത്തിന് ഒരു സംയുക്തവും പരിധിയുമാവുകയില്ല. ദൈവം വ്യക്തിയോ വ്യക്തി സംയുക്തമോ അല്ല.

എന്താണ് ദൈവാനുഭവം? അളവിനും തൂക്കത്തിനും മറ്റു പരിമാണങ്ങൾക്കും വിധേയമല്ലാത്ത, എന്നാൽ ഭൗതികതയെ താങ്ങിനിറുത്തുന്ന യഥാർത്ഥ അസ്തിത്വത്തെ പ്രാപി

## യേശുശിഷ്യത്വം നഷ്ടപ്പെട്ട യൂദാസും ആലഞ്ചേരിയും!

**യൂ**ദാസ് ഒരിക്കൽ മനഃപ്പൂർവ്വം കർത്താവിനെ ഒറ്റിക്കൊടുത്തു. സ്വല്പം ചില്ലറ കിട്ടി. തെറ്ററിഞ്ഞു മനസ്തപിക്കാതെ നിരാശപ്പെട്ടു തൂങ്ങിച്ചത്തു. കർത്താവിനെ ഒറ്റിക്കൊടുത്തപ്പോൾ യൂദാസിന് കർത്താവിന്റെ ശിഷ്യത്വം നഷ്ടപ്പെട്ടു. തൂങ്ങിച്ചത്ത യൂദാസ് കർത്താവിന്റെ ശിഷ്യനല്ലാതായി.



ആലഞ്ചേരിയും യൂദാസിനെപ്പോലെ കേരളസഭയെ പല പ്രാവശ്യം ഒറ്റിക്കൊടുത്തു. കുറേ കൂടുതൽ ചില്ലറ കിട്ടി. ആലഞ്ചേരിയും ക്രിസ്തു ശിഷ്യത്വം കളഞ്ഞു കുളിഞ്ഞു. ഏതു വൃത്തികേടും കാണിക്കില്ലെന്ന് ധാർമ്മികമായ ഉറപ്പോടുകൂടി ആലഞ്ചേരിയെപ്പറ്റി ഇനി പറയാൻ പറ്റില്ല. ഒറ്റിക്കൊടുക്കലിൽ യൂദാസിന് നിരാശ കൂടി, ആലഞ്ചേരിക്ക് ധാർഷ്ട്യം കൂടി. He seems to have no Character.

ഹേ! ആലഞ്ചേരീ, കേരളസഭയ്ക്ക് കോടികളല്ല പ്രശ്നം, താങ്കളാണ്. താങ്കൾക്കു പറ്റിയ വാസസ്ഥലം അരമനതന്നെയാ, ബാഹ്യലോകമല്ല. അർണ്ണോസ് പാതിരിയുടെ പാനയിൽനിന്നു കേൾക്കൂ:" കുന്തമമ്പുവെടിചങ്കിൽ കൊണ്ട പോലെ മനം വാടീ.." കേരളസഭ കേഴുന്നു:

"നീചനിത്ര കാശിനാശയെന്നറിഞ്ഞെങ്കിലിരന്നിട്ടം കാശു നല്കായിരുന്നയ്യോ, ചതിച്ചോ പുത്രാ'

*ഫാ. ജെ. ഔസേപ്പറമ്പിൽ*

മാകും (ന പും ന സ്ത്രീ നപുംസകം). ദൈവം നപുംസകമാണ്. വസ്തുക്കളായി ഭൂതഭാവം പൂണ്ട് സത്യമായും സൗന്ദര്യമായും ഏകത്വമായും പ്രകൃതിയിൽ കാണപ്പെടുന്നതെല്ലാം ദൈവത്തിന്റെ കാലശക്തിയും സ്ഥലശക്തിയും ആവിഷ്കരിക്കുന്നവയാണ്. കാലശക്തിയുടെ മാറ്റത്തിൽ അതെല്ലാം ഏകത്വത്തിൽ വിലയിക്കും.

ആണ്മയും പെണ്മയുമില്ലാത്ത ദൈവം തന്റെ ഇല്ലാത്ത ആണ്മകൊണ്ട് ഒരു പെണ്ണിനെയും ഗർഭിണിയാക്കില്ല. ഒരു ആണ്മയും ദൈവത്തെയും ഗർഭമുള്ളതാക്കില്ല (മത്താ. 1:18–22). ലിംഗപ്രയോഗത്തിലൂടെ ആരെയും ജനിപ്പിക്കാത്ത പിതാവും, ആരിൽനിന്നും പ്രസവിക്കപ്പെടാത്ത പുത്രനും സ്ത്രീത്വവും പുരുഷത്വവും ഒരുമിച്ചുള്ള (masculine and feminine-spiritus) പരിശുദ്ധാത്മാവും കഥാത്മക (mythical) ആവിഷ്കാരങ്ങളാണ്. യഥാർത്ഥ ദൈവത്തെ ത്രിത്വവും പ്രതിനിധാനം ചെയ്യുന്നില്ല.

സംയുക്തങ്ങളൊന്നും സ്വയംഭൂവല്ല. ദൈവം

ക്കുന്നതാണ് ദൈവാനുഭവം. മനുഷ്യപ്രജ്ഞയ്ക്ക് അതിനു കഴിവുണ്ട്. ഈ കഴിവ് ഉപയോഗിക്കാൻ ഒരു മതത്തിന്റെയും സഹായമാവശ്യമില്ല. അപ്പത്തിന്റെയും പുണ്യവാളന്മാരുടെയും പുണ്യവാളികളുടെയും രൂപഭാവങ്ങൾ മായയാണ്, അളക്കപ്പെടാവുന്നവയാണ്, അഴിഞ്ഞുപോകുന്നവയാണ്. അതിൽ വിലയിക്കാൻ പറ്റില്ല.

സത്തകളെല്ലാം ഏകവും സത്യവും സൗന്ദര്യവുമാണ്. വസ്തുക്കളെല്ലാം ഏകമാണെങ്കിലും സംയുക്തങ്ങളാണ്, കേവലമല്ല (Absolute). ദൈവം കേവലമാണ്. പരമാണുപോലും സംയുക്തമാണ്. പ്രോട്ടോണും ഇലക്ട്രോണും ന്യൂട്രോണുംപോലും സംയുക്തങ്ങളാണ്. അവ ഓരോന്നും വിശ്ലേഷിപ്പിക്കപ്പെട്ടാൽ അവ കൂടുതൽ അപ്രതിരോദ്ധ്യമാകും, വിനാശം വിതയ്ക്കും. ദൈവത്തിന്റെ ഏകത്വം കേവലമായതുകൊണ്ട് സംയുക്തങ്ങളെ നശിപ്പിക്കാതെ സർവ്വവ്യാപിത്വം പ്രാപിക്കുന്നു. അങ്ങനെ നമ്മൾ ദൈവത്തിലാകുന്നു. ദൈവത്തിലായിരിക്കുന്ന നമ്മൾ ദൈവത്തിനു പരിധിയാവുകയില്ല. തടഞ്ഞു നിറുത്തുകയില്ല. ദൈവം അപരിമേയനായി ഏകമായി നില

നിൽക്കുന്നു. നിലനിൽക്കുന്ന ഏകത്വത്തിൽ നമ്മെ കവിഞ്ഞൊഴുകുന്ന അപരിമേയനിൽ, വിലയമാകുന്നതാണ് ദൈവാനുഭവം. നമ്മൾ ദൈവത്തിലാണ്, ദൈവം നമ്മളിലല്ല. ശരീരം ആത്മാവിലാണ്, ആത്മാവ് ശരീരത്തിലല്ല.

ഹൈന്ദവപുരാണേതിഹാസങ്ങളിലെ ബ്രഹ്മാവ് (പുല്ലിംഗം) വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികൾ, മനുഷ്യർക്ക് ധാർമ്മികത പഠിപ്പിച്ചുകൊടുക്കാൻ ഭാവാത്മകമായി കവികൾ ആവിഷ്ക്കരിച്ച മായാവലയത്തിലെ രൂപഭാവങ്ങളാണ്. ഉപനിഷത്തുകൾ ആവിഷ്കരിച്ച ബ്രഹ്മൻ (നപുംസകം) ആണ് യഥാർത്ഥ പരമാത്മാവ്. ദൈവത്തെ സ്ത്രീഭാവവും പുരുഷഭാവവുമുള്ളതായും പിന്നെ അർദ്ധനാരീശ്വരനായും പിന്നെ നപുംസക ബ്രഹ്മനായും ഹൈന്ദവചിന്ത ശരിക്കും ചിത്രീകരിച്ചു. സീനായ് മലയിൽ നീ ആരാണ് എന്നു ചോദിച്ച മോശയ്ക്ക് കിട്ടിയ ഉത്തരം, 'ആയിരിക്കുന്നവൻ ഞാനാകുന്നു' (I am who am) എന്നാണ്. ദൈവം ഒരു ക്രിയയാണ്, നാമമല്ല. 'നടക്കുക' എന്നത് ക്രിയയാണ്, 'നടപ്പ്' ക്രിയാനാമമാണ്. ആയിരിക്കുന്നവൻ ക്രിയാനാമമാണ്. നപുംസകമാണ്. ദൈവം സ്നേഹമാണ് എന്നു പറയുന്നു. സ്നേഹം ഊർജ്ജമാണ് - പ്രവൃത്തി ചെയ്യാനുള്ള ശക്തി. ദൈവത്തെ പ്രാപിക്കാനുള്ള ഏക കൂദാശ നല്ല പ്രവൃത്തികളാണ്. കർത്താവു പറഞ്ഞു, 'നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് മനുഷ്യർ ദൈവത്തെ സ്തുതിക്കട്ടെ' എന്ന്. ഗാന്ധാരിയുടെ അടുക്കൽ മഹാഭാരതയുദ്ധത്തിന്റെ എല്ലാ ദിവസവും സ്വപുത്രൻ ദുര്യോധനൻ അനുഗ്രഹം വാങ്ങാൻ ചെന്നു. 'യഥോ ധർമ്മ തഥോ ജയ' (എവിടെ ധർമ്മമുണ്ടോ (നല്ല പ്രവൃത്തികൾ) അവിടെ വിജയം) എന്ന് ദ്രൗപദി അനുഗ്രഹിച്ചു. മഹാഭാരതം ചുരുക്കിപ്പറഞ്ഞാൽ,

ധർമ്മ ഏവം ഹതോഹന്തി.

ധർമ്മോ രക്ഷതിരക്ഷിത: എന്നാണ്. ധർമ്മത്തെ കൊല്ലുന്നവനെ ധർമ്മം കൊല്ലും. ധർമ്മത്തെ രക്ഷിക്കുന്നവനെ ധർമ്മം രക്ഷിക്കും.

ഹൈന്ദവപുരോഹിതർ മിക്കവരും ത്രിമൂർത്തികളെ ഉദരപുരണത്തിനുള്ള കഥകളാക്കി മാറ്റുന്നു; ത്രിത്വത്തെ ക്രൈസ്തവപൗരോഹിത്യം ഉദരനിമിത്തം ബഹുകൃതവേഷം ചാർത്തി ഘോഷിക്കുന്നു. പലതും കാലഹരണപ്പെട്ടവയാണ്. മാനുഷികോത്ക്കർഷങ്ങൾ പതഞ്ഞു പൊങ്ങുമ്പോൾ മതങ്ങളും അവയെ സൃഷ്ടിച്ച പൗരോഹിത്യവും പൗരോഹിത്യത്തിനു ദാസ്യവേല ചെയ്യുന്ന ദൈവങ്ങളും വെറും മട്ടായി അടിയിൽ അടിയും. പുരോഹിതസൃഷ്ടിയായ മതങ്ങളും ദൈവങ്ങളും ദൈവാനുഭവദായകമല്ല. ദൈവാനുഭവത്തിലെത്താനുള്ള ആദ്യത്തെ രണ്ടു പടികളായ യമനിയമങ്ങൾ പാലിക്കാത്തവർ യോഗ ദൈവാനുഭവകരമല്ലെന്നു പ്രഖ്യാപിക്കുന്നതാണ് വിചിത്രം. (തുടരും)

ഫോൺ: 9822256275

*- ബഹു. ഔസേപ്പറമ്പിലച്ചന്റെ ലേഖനം അയച്ചുകിട്ടിയതിനു ശേഷമാണ്, യോഗയ്ക്കെതിരെ സീറോ -മലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷന്റേതായി അടുത്ത തിട്ടൂരം ഇറങ്ങിയ വാർത്ത കണ്ടത്. 'യോഗയും ക്രൈസ്തവവിശ്വാസവും ഒത്തുപോകില്ല'എന്നും 'യോഗ മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുന്നില്ല'എന്നും 'യോഗയെ ഒരു ധ്യാനരീതിയായോ മോക്ഷമാർഗ്ഗമായോ അവതരിപ്പിക്കുന്നത് കത്തോലിക്കാവിശ്വാസത്തിന്റെ സമഗ്രതയ്ക്കു ദൂരവ്യാപകദുരന്തഫലങ്ങൾ ഉളവാക്കുമെന്നുമൊക്കെയാണ് കമ്മീഷൻ പ്രഖ്യാപനങ്ങൾ! പാലാ ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ടാണ് കമ്മീഷൻ ചെയർമാൻ. ഫരീദാബാദ്, ഛാന്ദാ, മാണ്ഡ്യ രൂപതകളുടെ എതിർപ്പിനെ മറികടന്നാണത്രേ, കമ്മീഷൻ റിപ്പോർട്ട് സിനഡ് അംഗീകരിച്ചത്.!*

*ഡോക്ട്രിനൽ കമ്മീഷൻ റിപ്പോർട്ടിന്റെ ഉള്ളടക്കം വായിച്ചപ്പോൾ, ഉദയംപേരൂർ സൂനഹദോസിലൂടെ കേരള ക്രൈസ്തവരുടെ ഭാരതീയസംസ്കാരികത്തനിമയുടെ അടിവേരുമുറിച്ച പോർട്ടുഗീസ് ബിഷപ്പ് ഡോം മെനേസ്സിസിന്റെ അഭിനവ അവതാരങ്ങളാണോ മാർ കല്ലറങ്ങാട്ടും മറ്റുഭൂരിപക്ഷം സീറോ-മലബാർ ബിഷപ്പുമാരും എന്നു സംശയിച്ചുപോയി. ഇന്ത്യൻ സംസ്കാരം എന്തെന്നറിയാൻ ശ്രമിക്കുകയോ എന്തെങ്കിലും വിശദീകരണം നല്കുകയോ ചെയ്യാതെ ഹൈന്ദവജനതയെ 'അജ്ഞാനിക'ളെന്നും 'കാവ്യ'രെന്നും 'ചെകുത്താന്റെ പ്രവൃത്തികൾ ചെയ്യുന്നവരെ'ന്നുമൊക്കെയുള്ള മെനേസ്സിസിന്റെ കുറ്റംവിധിക്കലുകളോട്, യോഗയും ക്രൈസ്തവവിശ്വാസവും തമ്മിലുള്ള വൈരുദ്ധ്യങ്ങളെന്ത് എന്നു വിശദീകരിക്കാൻ തയ്യാറാകാതെ യോഗയ്ക്കുനേരെ കല്ലറങ്ങാട്ടും കൂട്ടുമെത്രന്മാരും നടത്തുന്ന വിധിപ്രസ്താവനകൾക്ക് അത്രമേൽ സാമ്യം തോന്നുന്നു.*

*കേരളീയമായിരുന്ന മുഴുവൻ സാമൂഹികാചാരങ്ങളെയും ഓണമുൾപ്പെടെയുള്ള ആഘോഷങ്ങളെയും കലാരൂപങ്ങളെയും അവജ്ഞയോടെ കാണുകയും ക്രൈസ്തവവിശ്വാസത്തിനെതിരാണെന്നുപറഞ്ഞ് വിലക്കുകയുംചെയ്ത മെനേസ്സിസിന്റെ ഇടുങ്ങിയടഞ്ഞ ആ മതമൗലികവാദസമീപനത്തെ, ഇന്ത്യയെ അറിയാനിടവന്നിട്ടില്ലാത്ത ഒരു വിദേശിയുടെ പരിമിതിയായിക്കണ്ട്, അതിൽ അദ്ദേഹത്തോട് ക്ഷമിക്കാൻ നമുക്കു കഴിഞ്ഞേക്കാം. എന്നാൽ, ഭാരത സംസ്കാരത്തിൽ ജനിച്ചു വളർന്ന മാർ കല്ലറങ്ങാട്ടിന്റെയും മേജറുൾപ്പെടെയുള്ള നമ്മുടെ മെത്രാന്മാരുടെയും ഇടുക്കുമനസ്സുകളെ ആർക്കെങ്ങനെ ന്യായീകരിക്കാനാവും?*

*കത്തോലിക്കാവിശ്വാസം സമഗ്രമാണത്രേ! അത് മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുംപോലും! കല്ലറങ്ങാട്ട് മെത്രാൻ ദൈവത്തോട് അല്പമെങ്കിലും അടുത്തിരുന്നെങ്കിൽ, തന്റെ അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 4000-ഓളം വരുന്ന അധ്യാപക-അനധ്യാപക ജീവനക്കാരിൽനിന്ന് നിർബന്ധിതപിരിവായി ഒരു മാസത്തെ ശമ്പളം വസൂലാക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നോ? കോടികളുടെ സ്വത്ത് അവയുടെ ഉടമകളറിയാതെ വിൽക്കാൻ കർദ്ദിനാൾ ആലഞ്ചേരിക്കു കഴിയുമായിരുന്നോ?*

*തങ്ങൾ ഇന്ത്യക്കാരാണല്ലോ എന്നോർത്തുള്ള ഒരുതരം കടുത്ത ആത്മനിന്ദ നമ്മുടെ മെത്രാന്മാരെയെല്ലാം മൊത്തത്തിൽ ബാധിച്ചിരിക്കുന്നു എന്നു തോന്നുന്നു. 'ഇന്ത്യൻ നിയമം പാടില്ല, കാനോൻ നിയമം മതി', 'ഇന്ത്യൻ യോഗ പാടില്ല, ജിംനേഷ്യം മതി',' ഇന്ത്യൻ ധ്യാനരീതി പാടില്ല, കരിസ്മാറ്റിക് അലമുറ ധ്യാനം മതി.....'- ഇവരെയെല്ലാം വത്തിക്കാൻ രാജ്യത്തിലേക്കു കയറ്റിയയ്ക്കാൻ സമയമായെന്നു തോന്നുന്നു.*

*-എഡിറ്റർ*

**KCRM പ്രോഗ്രാം റിപ്പോർട്ട് – നോർത്ത് അമേരിക്ക**

# പൗരോഹിത്യവും അവിഹിതാവസ്ഥയും

*[ആറാമത് ടെലി–കോൺഫറൻസ് റിപ്പോർട്ട്]*



KCRM - North America-യുടെ ആറാമത് ടെലി – കോൺഫറൻസ്, 2018, മാർച്ച് 14, ബുധനാഴ്ച നടത്തുകയുണ്ടായി. രണ്ടു മണിക്കൂർ നീണ്ടുനിന്നതും ശ്രീ എ സി ജോർജ് മോഡറേറ്റ് ചെയ്തതുമായ ടെലികോൺഫറൻസിൽ അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽനിന്നുമായി വളരെപ്പേർ സജീവമായി പങ്കെടുത്തു. മൗനപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, ബഹുമാനപ്പെട്ട ഡോ. ഔസേപ്പറമ്പിലച്ചനാണ് 'പൗരോഹിത്യവും അവിവാഹിതാവസ്ഥയും' എന്ന വിഷയം അവതരിപ്പിച്ചു സംസാരിച്ചത്. അച്ചന്റെ അവതരണത്തിലെ പ്രധാന ആശയങ്ങൾ:

വിവാഹിതരായിരുന്ന സഭാധികാരികൾ വോട്ടുചെയ്താണ് പുരോഹിതർക്കുവേണ്ടിയുള്ള ബ്രഹ്മചര്യനിമയം പാസാക്കിയത്. അതായത്, ഇത്തരമൊരു നിയമം ഉണ്ടാക്കാൻ അർഹതയില്ലാത്തവരായിരുന്നു അവർ. പുരോഹിതവിവാഹ നിയമങ്ങൾ മാനുഷ്യത്വരഹിതവും മനുഷ്യാവകാശ ലംഘനവും ദൈവനീതിക്കു നിരക്കാത്തതും സ്ത്രീവിദ്വേഷം പുലർത്തുന്നതും അജ്ഞതയിൽ അടിയുറച്ചതും സ്വന്തം സത്തയെത്തന്നെ നിഷേധിക്കുന്നതുമാണ്.

ബ്രഹ്മചര്യം എന്നുവെച്ചാൽ ബ്രഹ്മത്തോടൊപ്പം ചരിക്കുക, അഥവാ ദൈവത്തോടുകൂടി ജീവിക്കുകയെന്നാണ് അർത്ഥം. അല്ലാതെ, സെക്സ് കൂടാതെ ജീവിക്കുകയെന്നല്ല. സ്ത്രീ–പുരുഷബന്ധത്തിന്റെ പൂർണതയാണ് ദൈവം. ബ്രഹ്മതുല്യമാണ് ലൈംഗികാസ്വാദനം. ദൈവസങ്കല്പത്തിന് അനുകൂലമാണ് വൈവാഹിതജീവിതം. അത് ദൈവത്തിങ്കലേക്കുള്ള വഴിയാണ്. സ്ത്രീയുടെയും പുരുഷന്റെയും ബോധാവസ്ഥ ഒന്നായിത്തീരുന്നത് ദൈവത്തിങ്കലേക്ക് അടുക്കാനുള്ള മാർഗമാണ്. അതുകൊണ്ട് പുരോഹിതർ വിവാഹിതരാകുന്നത് നല്ലതാണ്; അത് ബ്രഹ്മചര്യത്തിന് എതിരല്ല. ലൈംഗികനിയന്ത്രണത്തിനും വിവാഹം കഴിക്കുന്നത് നല്ലതാണ്. ഒരു ഭാര്യ ഉണ്ടെങ്കിൽ, ലൈംഗികതയോടെ ജീവിക്കാം, സ്ത്രീകളെ കാണുമ്പോൾ കേറിപ്പിടിക്കാൻ തോന്നുകയില്ല. പുരോഹിതന് ഒരു ഭാര്യ ഇല്ലാത്തതിനാലാണ് അയാളുടെ ജീവിതത്തിലേക്ക് എല്ലാവരും ഒളികണ്ണിട്ടുനോക്കുന്നത്.

കെട്ടാനും അഴിക്കാനുമിരിക്കുന്ന ഒരാളല്ല ദൈവം. മനുഷ്യന്റെ ലിംഗപ്രയോഗത്തെ ശ്രദ്ധിച്ചിരിക്കുന്ന ഒരാളുമല്ല ദൈവം. പുരോഹിതർ പറയുന്നതുപോലെ പ്രവർത്തിക്കുന്ന ഒരു ദൈവമില്ല. എന്നാൽ, സഭയുടെ പ്രവൃത്തികൾ കണ്ടാൽ സഭയാണ് ദൈവത്തെയും സ്വർഗത്തെയും നിയന്ത്രിക്കുന്നതെന്നു തോന്നിപ്പോകും.

സഭാചരിത്രം പരിശോധിച്ചാൽ അപ്പോസ്തലർ എല്ലാവരുംതന്നെ വിവാഹിതരായിരുന്നു എന്നു കാണാം. സഭയിൽ മെത്രാൻസ്ഥാനം ആഗ്രഹിക്കുന്നവർ വിവാഹിതരായിരിക്കണമെന്ന് പൗലോസ് നിർദേശിക്കുന്നുണ്ട്. പൗരോഹിത്യം ഉണ്ടായത് നാലാം നൂറ്റാണ്ടിലാണ്. പതിനൊന്നാം നൂറ്റാണ്ടിലാണ് ഇന്നത്തെ അർത്ഥത്തിലുള്ള പൗരോഹിത്യബ്രഹ്മചര്യം സഭയിൽ നടപ്പിലാക്കുന്നത്.

വൈദികരുടെ ബ്രഹ്മചര്യനിയമം സഭയിൽ നടപ്പിലാക്കിയതിന്റെപിന്നിൽ സാമ്പത്തിക ലക്ഷ്യമാണുള്ളത്. വൈദികബ്രഹ്മചര്യം സാമ്പത്തികഘടനയാണ്; മതഘടനയല്ല. പൊതുസ്വത്ത് അനിയന്ത്രിതമായി കൈകാര്യം ചെയ്യാനും ഇഷ്ടാനുസരണം വിനിയോഗിക്കാനുമുള്ള ഒരു മാർഗമാണ് വൈദികബ്രഹ്മചര്യം. വൈദികബ്രഹ്മചര്യത്തെ ഇന്നും നിലനിർത്തിയിരിക്കുന്നത് ഇക്കാരണത്താലാണ്.


മനുഷ്യജീവിതത്തിന്റെ മൂല്യം വർദ്ധിപ്പിക്കാനാണ് നാം പരിശ്രമിക്കേണ്ടത്. അവിവാഹിതാവസ്ഥ പാലിച്ചതുകൊണ്ട് ദൈവാനുഭവം ഉണ്ടാകുന്നില്ല.ജീവിതത്തിന്റെ മൂല്യം വർദ്ധിക്കുന്നില്ല. അതുകൊണ്ട്, ഇന്നത്തെ രീതിയിലുള്ള പുരോഹിതബ്രഹ്മചര്യം പ്രയോജനരഹിതമാണ്. മാത്രമല്ല, അതു പാലിക്കുന്ന വ്യക്തിക്കും സമൂഹത്തിനും ദോഷകരവുമാണ്, അദ്ദേഹം പറഞ്ഞു.

വിഷയാവതരണത്തിനുശേഷം സജീവമായ ചർച്ച നടന്നു.ചർച്ചയിൽ പങ്കെടുത്തവരുടെ പൊതു അഭിപ്രായം പുരോഹിത ബ്രഹ്മചര്യം 'ഓപ്ഷണൽ' എങ്കിലും ആക്കണമെന്നതായിരുന്നു.

'പള്ളിയോഗപുനഃസ്ഥാപനം ചർച്ചാക്റ്റിലൂടെ' എന്ന വിഷയത്തിൽ, 2018 ഏപ്രിൽ 11, ബുധനാഴ്ച അടുത്ത ടെലി–കോൺഫറൻസ് നടത്താൻ തീരുമാനിച്ചും, എല്ലാവരെയും അതിലേക്കു സ്വാഗതം ചെയ്തുകൊണ്ടും കോൺഫറൻസ് അവസാനിപ്പിച്ചു.

**ചാക്കോ കളരിക്കൽ**

(ജനറൽ കോർഡിനേറ്റർ)



# ‘ഈയൊരു കാര്യത്തിനുവേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്’

– തുടർച്ച

**ഡോ. ജെ.സി. കുമരപ്പ**

*(‘Practice and Precepts of Jesus’ എന്ന ഗ്രന്ഥത്തിന്റെ 2–ാം അദ്ധ്യായം 4–ാം ഭാഗം. സ്വന്തം തർജ്ജമ – എഡിറ്റർ)*

4. ***യേശു വന്നത് നമുക്ക് ജീവനുണ്ടാകാനും അതിനു കൂടുതൽ സമൃദ്ധി നൽകുവാനും വേണ്ടിയാണ് (യോഹ. 10:10).***

നാം അപ്രകാരം പാവപ്പെട്ടവരുടെ സേവനത്തിനായി സ്വയം സമർപ്പിച്ചുള്ള ഒരു ജീവിതം നയിക്കുമ്പോൾ, നമ്മുടെ ജീവിതം തികവാർന്നതും സമ്പന്നവുമായിത്തീരുന്നു. ജീവിതം അതിന്റെ മൃഗീയതലത്തിൽനിന്ന്, ഏതാനും സഹോദരീസഹോദരന്മാരടങ്ങുന്ന സ്വഭാവിക കുടുംബവൃത്തത്തിൽനിന്ന്, ലോകമെമ്പാടുമുള്ള കോടിക്കണക്കിനു മനുഷ്യരെ ഉൾക്കൊള്ളാൻ പ്രാപ്തമായ വിശാലകുടുംബ സ്നേഹത്തിലേക്ക് ആദ്ധ്യാത്മികതലത്തിലേക്ക് എത്തിച്ചേരുന്നു.

ഇവിടെ ഭൗതികലോകം അപ്രധാനമായി ചുരുങ്ങിപ്പോകുകയാണ്. ഒരു മനുഷ്യന്റെ ജീവിതം, അയാൾ സമ്പാദിച്ച വസ്തുവകകളിൽ നിക്ഷിപ്തമല്ലാതായിത്തീരുകയാണ് (ലൂക്കോ. 12:15); ആരൊക്കെയാണോ തന്റെ അറുപതോ എഴുപതോ വർഷത്തെ ജീവിതം, തന്റെതന്നെ സന്തോഷത്തിനും സുഖത്തിനുമായി ഏറ്റവും മികച്ചതാക്കാൻ ശ്രമിക്കുന്നത്, അവന് യഥാർത്ഥജീവിതം നഷ്ടമാകുന്നു. മറിച്ച്, ആരൊക്കെയാണോ അത്തരം സ്വാർത്ഥതവെടിഞ്ഞ് തനിക്കു ചുറ്റുമുള്ളവരുടെ ജീവിതത്തിൽ പ്രകാശം വീശുകയും ആശ്വാസം പകരുകയും ചെയ്യുന്ന ഒരു ജീവിതം നയിക്കുന്നത്, അവർക്ക് നിത്യജീവൻ ലഭ്യമാകുന്നു (മത്താ. 16:25). “ഒരുവൻ ലോകം മുഴുൻ നേടിയാലും അവന്റെ ആത്മാവു നഷ്ടമായാൽ അവനെന്തു നേട്ടമാണുള്ളത്? അഥവാ, തന്റെ ആത്മാവിനു പകരമായി നൽകാൻ അവന്റെ പക്കൽ മറ്റെന്തുണ്ട്?” (മത്താ. 16:26).

മുൻ സമ്പ്രദായപ്രകാരം, നല്ല പ്രവൃത്തികൾക്ക് പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ യേശു നമ്മോടാവശ്യപ്പെടുന്നത്, വ്യക്തിഗതമായ നേട്ടങ്ങൾ കണിക്കിലെടുക്കാതെ നമ്മുടെ ഉത്തരവാദിത്വം നിർവ്വഹിക്കാനാണ്. കാരണം, അതു നമ്മുടെ കടമയാണ് (കാണുക, മത്താ. 5:45,46) യേശു പറയുന്നു: “നിങ്ങളോടു കല്പിച്ചവയെല്ലാം ചെയ്തുകഴിയുമ്പോൾ ‘ഞങ്ങൾ ഞങ്ങളുടെ കടമ നിർവ്വഹിച്ചതേയുള്ളു’ എന്നു പറയുക” (ലൂക്കോ. 17:10–Moffatt ).

മുന്തിരിത്തോട്ടത്തിലെ വേലക്കാരെക്കുറിച്ചുള്ള ഉപമയിൽ (മത്താ. 20:1–16), നമ്മുടെ പ്രവൃത്തികൾക്ക് ആനുപാതികമായ പ്രതിഫലം പ്രതീക്ഷിക്കരുതെന്ന് യേശു പഠിപ്പിക്കുന്നു. താലന്തുകളുടെ ഉപമയിൽ (മത്താ. 25:14–30), ദൈവം നമുക്കു നൽകിയിട്ടുള്ള കഴിവുകൾക്കനുസരിച്ച് അങ്ങേയറ്റംവരെ പ്രവർത്തിക്കാൻ യേശു നമ്മെ ഉദ്ബോധിപ്പിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ, നമ്മുടെ പ്രവർത്തനത്തിന്റെ ഫലം കുറഞ്ഞതോ കൂടിതയോ ആകട്ടെ, നാം നമ്മിൽ അർപ്പിതമായിരുന്ന ചുമതല പൂർണ്ണമായി നിർവ്വഹിച്ചുകഴിഞ്ഞു. ചെയ്യേണ്ടതു നിർവ്വഹിച്ചുകഴിയുമ്പോഴത്തെ സംതൃപ്തി, യേശു തന്നെ കണ്ടെത്തുന്നുണ്ടല്ലോ. “എന്നെ അയച്ചവന്റെ ഹിതം നിറവേറ്റുന്നതും അവന്റെ ജോലി പൂർത്തിയാക്കുന്നതുമാണ് എന്റെ ഭക്ഷണം” (യോഹ. 5:34 -Moffatt). നമ്മുടെ സ്വർഗ്ഗീയപിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ, പരിപൂർണ്ണരാകുവാനാണ് യേശു നമ്മെ ഉത്തേജിപ്പിക്കുന്നത് (മത്താ. 5:48).

മുകളിലെഴുതിയ ഖണ്ഡികകളെല്ലാം നമ്മുടെ മുമ്പിൽ എടുത്തുകാട്ടുന്നത്, ദൈവത്തിന്റെ പിതൃത്വവും അതുവഴി മനുഷ്യന്റെ വിശ്വസാഹോദര്യവും വെളിപ്പെടുത്തുന്നതിനും, ഒരു ആദ്ധ്യാത്മികജീവി ആയിരിക്കുമ്പോഴത്തെ മനുഷ്യന്റെ മാഹാത്മ്യം ഉയർത്തിക്കാട്ടുന്നതിനുമായിരുന്നു, യേശുവിന്റെ ആഗമനം എന്നാണ്. നമ്മുടെ എല്ലാ ബന്ധങ്ങളും സ്നേഹത്തിലും സേവനത്തിലും അധിഷ്ഠിതമായിരിക്കണം എന്നു പഠിപ്പിക്കുകയും, ശരീരത്തെ കൊല്ലുവാൻമാത്രം കഴിവുള്ളവരോടുള്ള ഭയത്തിൽനിന്നു നമ്മെ മോചിപ്പിക്കുകയും ചെയ്തു അദ്ദേഹം. ദൈവഹിതത്തിന് വ്യവസ്ഥയില്ലാതെ സ്വയം സമർപ്പിക്കുന്നപക്ഷം മാംസനിബദ്ധചോദനകളെ ആത്മാവിനു വിധേയമാക്കാമെന്നും, നൈയാമികബന്ധങ്ങളുടെ തടവിൽനിന്നു മോചനംനേടിക്കൊണ്ട് സത്യത്തിന്റെ അരൂപിക്കു തടസ്സം നിൽക്കുന്ന മനുഷ്യനിർമ്മിത നിയമങ്ങളെയും ചട്ടവട്ടങ്ങളെയും മറികടക്കാനുള്ള അവകാശം നേടാമെന്നുമുള്ള വസ്തുത അദ്ദേഹം തന്റെ ജീവിതത്തിലൂടെ ഉദാഹരിച്ചു. ഫലത്തെപ്പറ്റി അന്വേഷിക്കാതെയും പ്രതിഫലം ഇച്ഛിക്കാതെയും ദൈവപിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ കഠിന പരിശ്രമിത്തലേർപ്പെടുകമാത്രമാണ് നാം ചെയ്യേണ്ടത്. സുഷുപ്താവസ്ഥയിലുള്ള ഒരു കൂടപ്പുഴു (Chrysalis, Pupa) സ്വർണ്ണ വർണ്ണാംഗിതമായ അതിന്റെ കൂടു പൊട്ടിച്ച് വിശാലാന്തരീക്ഷത്തിലേക്ക് ചിറകുവിടർത്തി പറക്കുന്നതുപോലെ, യേശു നിയമത്തിന്റെയും പ്രവാചകരുടെയും പ്യൂപ്പപൊട്ടിച്ച് കൃപയുടെയും സത്യത്തിന്റെയും തുറന്ന അന്തരീക്ഷത്തിലേക്കു തന്റെ ചിറകുകൾ വിടർത്തുകയായിരുന്നു.

(തുടരും)

**KCRM പ്രോഗ്രാം റിപ്പോർട്ട് – തൊടുപുഴ**

# മാർച്ചുമാസ പ്രവർത്തനങ്ങളും മാസാന്ത്യയോഗവും

**ഫെ**ബ്രുവരി മാസാന്ത്യ യോഗങ്ങളിലെ തീരുമാനമനുസരിച്ച് വാഴക്കുളം പ്രശ്നപരിഹാരത്തിനുവേണ്ടിയുള്ള ഇടപെടലുകളായിരുന്നു ആദ്യപരിപാടി. KCRM കമ്മറ്റി കോതമംഗലം ബിഷപ്പിനെയും കൊട്ടഞ്ചേരി ഡോക്ടറെയും നേരിട്ടു കണ്ടു സംസാരിച്ചു. ചില നിബന്ധനകളോടെ സ്ഥലം തിരിച്ചെഴുതിക്കൊടുക്കാൻ ബിഷപ്പ് സമ്മതിച്ചു. ആ വ്യവസ്ഥകളും ഡോക്ടർ സമ്മതമല്ലെന്നറിയിച്ചതോടെ ആ കാര്യത്തിലുള്ള ഇടപെടൽ അവസാനിപ്പിച്ചു. മാസാന്ത്യ യോഗത്തിൽ വിവരം റിപ്പോർട്ടു ചെയ്തു.

ചർച്ച് ആക്ട് എങ്ങനെ പൊതുജനമദ്ധ്യത്തിൽ ചർച്ചവിഷയമാക്കി ഗവൺമെന്റിനെക്കൊണ്ട് എങ്ങനെ നിയമമാക്കിക്കാം എന്നതായിരുന്നു മാർച്ച് മാസ ചർച്ചാവിഷയം. ചർച്ച് ആക്ട് ആക്ഷൻകൗൺസിലുമായി സഹകരിച്ച് പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകണം എന്നു ചർച്ച നയിച്ച ജോസഫ് ചുവപ്പുങ്കൽ നിർദ്ദേശിച്ചു. വ്യക്തിപരമായ പ്രവർത്തനങ്ങൾ, സംഘം ചേർന്നുള്ള സ്ക്വാഡ് വർക്ക്, പ്രാദേശികസമിതികളുടെ സഹകരണത്തോടെ നോട്ടീസ് വിതരണം, പോസ്റ്റർ പ്രചാരണം, മൈക്ക് അനൗൺസ്മെന്റ്, ഇവയ്ക്കുശേഷം നടത്തുന്ന പബ്ലിക് മീറ്റിംഗ് ഇവ തൊടുപുഴയിലും പരിസരപ്രദേശങ്ങളിലും നടത്താൻ നിശ്ചയിച്ചു.

2018 മാർച്ച് 17-ാം തീയതി ശനിയാഴ്ച, തൊടുപുഴ ടൗൺ കേന്ദ്രമാക്കി ആദ്യത്തെ കോർണർ യോഗം സംഘടിപ്പിച്ചു. ചർച്ച് ആക്റ്റിനുവേണ്ടി ഒറ്റയാൾ പോരാട്ടം നടത്തിയ ഇപ്പൻ സാറിനെതിരെയുണ്ടായ ആക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ടായിരുന്നു ഈ യോഗം. AKCAAC പ്രസിഡന്റ് കെ. ജോർജ് ജോസഫ്, സത്യജ്വാല എഡിറ്റർ ജോർജ്ജ് മൂലേച്ചാലിൽ, പ്രൊഫ. ജോസഫ് വർഗീസ് (ഇപ്പൻ) എന്നിവർ സംസാരിച്ചു.

തൊടുപുഴ യൂണിറ്റിനുവേണ്ടി,

**പ്രൊഫ. പിസി. ദേവസ്യാ** (സെക്രട്ടറി) 9961255175

# കുരിശുചുമടു മത്സരം!

**ബേസിൽ പെരിയപുറം**



**മ**ലയാറ്റൂരിലെ കുരിശുചുമട് ഒരുതരം ശക്തിപ്രകടനമായി മാറിക്കൊണ്ടിരിക്കുന്നു. ഏറ്റവും വലിയ തടിക്കുരിശ് ചുമക്കുന്ന ജിമ്മന്മാർ തങ്ങളുടെ ഇടവകകാരാണെന്നു കാണിക്കാനുള്ള ഷോ! അതിനപ്പുറം ഈ തടി ചുമക്കലിന് വിശ്വാസപരമായി യാതൊരു അടിസ്ഥാനവുമില്ല. ചുമ്മാ തടി ചുമന്ന് നല്ല പ്രായത്തിൽ നടുവുകളയാം അത്രതന്നെ! അല്ലാതെ, ഏറ്റവും വലിയ തടി ചുമന്നു മുകളിൽ എത്തിക്കുന്നവർക്കു സ്വർഗ്ഗത്തിൽ ബാൽക്കണി സീറ്റ് നൽകാമെന്ന് കർത്താവോ സഭയോ എവിടെയും പറഞ്ഞിട്ടില്ല.

ഇനി, ഇതെല്ലാം ഓരോരുത്തരുടെ വിശ്വാസമാണെന്ന് പറയുന്നവരോട്: ശരീരം വേദനിപ്പിച്ചുകൊണ്ടുള്ള യാതൊരു വിശ്വാസത്തോടും കൂറു പുലർത്താതിരിക്കുക. വിശ്വാസിയുടെ ശരീരം വേദനിച്ചാൽമാത്രം അനുഗ്രഹംതരുന്ന ക്രൂരനായി ദൈവത്തെ ചിത്രീകരിക്കരുത്. ശൂലം കുത്തലിനെയും കുത്തിയോട്ടത്തിനെയും ശക്തമായി വിമർശിച്ചതിനുശേഷം, ക്രിസ്ത്യാനി തടി ചുമന്നു മല കയറുന്നത് മലർന്നു കിടന്നു തുപ്പുന്നതു പോലെയാണ്.

ഇനി, ആചാരമല്ലേ എന്ന് ചോദിക്കുന്നവരോട്: ഇത്തരം ദുരാചാരങ്ങളെ ഇപ്പോഴേ നിയന്ത്രിച്ചില്ലെങ്കിൽ കുരിശു ചുമടും കഴിഞ്ഞ് മുൾക്കിരീടംവയ്ക്കലും ചാട്ടവാറടിയും തുടങ്ങും. വെറുതെ വിശ്വാസികളുടെ ചോരവീണു മണ്ണ് ചുമക്കും. ഇപ്പോൾത്തന്നെ ചോരവീണുതുടങ്ങി. ഇനിയും വേണോ?

നേർച്ച നേരണം എന്നുള്ളവർ വിശ്വാസത്തിന്റെപേരിൽ മരം വെട്ടി നശിപ്പിക്കാതെ, കാട്ടിൽ നടാനായി കൈയിൽ ഒരു ചെടിയോ ഒരു വിത്തോ കരുതുക കാൽനടയായി നടന്നു വരുന്ന വഴിയിൽ നട്ടാൽ അതു വരുന്ന തലമുറയ്ക്കെങ്കിലും അനുഗ്രഹമായി മാറും.

ചുമ്മാ!

# ആലഞ്ചേരിയും തട്ടിൽ മെത്രാന്റെ ഷംഷാബാദ് സ്വപ്നങ്ങളും!

**റോഷൻ ഫ്രാൻസീസ്**

**സീ**റോ-മലബാറുകാർ ഇത്രമേൽ ഞെരുങ്ങിയാണു കഴിഞ്ഞിരുന്നതെന്നു മനസ്സിലായത് ദുഃഖവെള്ളിയാഴ്ച വന്നപ്പോഴാണ്. ഒരൊറ്റ പ്രസംഗംകൊണ്ട് സീറോ-മലബാർ എന്താണെന്നു ലോകം മുഴുവൻ അറിഞ്ഞു. പ്രസംഗകൻ ഉദ്ദേശിച്ചതല്ല പറഞ്ഞതെന്നും ലോകമറിഞ്ഞു! ദൈവികനിയമത്തിനു വിധേയപ്പെട്ടു ജീവിക്കുകയും മുദ്രപ്പത്രവിലയിൽപ്പോലും മാന്യത സൂക്ഷിക്കുകയും ചെയ്യുന്ന ആലഞ്ചേരിപ്പിതാവ് കാണിച്ച ആദ്യവൈഭവം, കർദ്ദിനാളായപ്പോഴേ ഇറ്റാലിയൻ നാവികരുടെ പ്രശ്നത്തിൽ സഭയെ കുടുക്കിലാക്കിയതാണ് – അതും അറിയാതെ സംഭവിച്ചുപോയതാണ്. റോമിലെ കൂരിയാഹൗസിന്റെ ഇടപാടുകൾ പുറത്തായതാണ് തൊട്ടുപിന്നാലെ സംഭവിച്ചത്. ഇപ്പോഴാകട്ടെ, പറയുന്നതും ചെയ്യുന്നതും മുഴുവൻ അബദ്ധങ്ങളാണെന്ന സ്ഥിതിയായിട്ടുണ്ടെന്നാ ജനസംസാരം. എന്നിട്ടും നീർക്കോലി വീർപ്പിക്കുന്നതുപോലെ, തലയുയർത്തിനിന്ന് 'കാനോൻകാരനായ എന്നെയും മറ്റു സീറോ-മലബാർ മെത്രാന്മാരെയും തൊടാൻ രാജ്യത്തിന്റെ വകുപ്പു പോരെന്നു പരസ്യമായി പറയുന്നതു കേട്ടില്ലേ? ഉദ്ദേശിച്ചത് വേറെയെന്തെങ്കിലുമായിരിക്കാൻ സാദ്ധ്യതയുണ്ട്. സീറോ-മലബാർ മെത്രാന്മാർ മനസ്സിൽ ചിന്തിക്കുന്നതല്ലല്ലോ പറയുന്നത്. ചങ്ങനാശ്ശേരിക്കാർക്കുപോലും ഇപ്പോൾ കയ്ക്കുന്നുവെന്നാണറിഞ്ഞത്. ഈ ബുദ്ധി മുഴുവൻ ആലഞ്ചേരിപ്പിതാവ് സ്വർഗ്ഗത്തിൽനിന്ന് ആർജ്ജിച്ചതായിരിക്കണം. 'ഇന്നു സ്കൂളിൽ പോകുന്നില്ലെന്നു' പറഞ്ഞു വഴക്കുണ്ടാക്കിയ ഒരുത്തനോട് അമ്മ പറഞ്ഞുകൊടുത്ത രണ്ടു കാര്യങ്ങളുണ്ട് – ആദ്യത്തേത്, അയാൾക്ക് 52 വയസ്സുണ്ടെന്നതായിരുന്നു; രണ്ടാമത്തേത്, അയാൾ ആ സ്കൂളിന്റെ പ്രിൻസിപ്പാളാണെന്നുള്ളതും! വയസ്സെഴുപത്തിരണ്ടായെന്നും ഇയ്യാൾ സഭയുടെ മേജറാണെന്നും നമ്മുടെ കർദ്ദിനാളിനോടാരു പറഞ്ഞുകൊടുക്കും?

നരകമില്ലെന്നു മാർപാപ്പാ പറഞ്ഞത്, സീറോ – മലബാറിന്റെ മുപ്പത്തിയാറര എപ്പാർക്കികളിൽ (അര എപ്പാർക്കി = കാനഡ) ഒന്നുപോലും കാണാതെയാണെന്നുറപ്പ്! എപ്പാർക്കന്മാരെ പരിചയപ്പെട്ടതുകൊണ്ടായില്ലല്ലോ! സീറോ- മലബാർ അരമനകളിലൂടെ മാർപാപ്പാ ഒരു ഓട്ടപ്രദക്ഷിണമെങ്കിലും നടത്തിയിരുന്നെങ്കിൽ നരകമില്ലെന്നു മാത്രമല്ല, സ്വർഗ്ഗമുണ്ടെന്നും അതിവിടെത്തന്നെയാണെന്നും പറയുമായിരുന്നെന്നാണ് എനിക്കു തോന്നുന്നത്. ഇതുകൊണ്ടൊന്നും, സീറോ-മലബാർ മെത്രാന്മാരെ വിരട്ടാൻ മാർപാപ്പായ്ക്കു സാധിക്കില്ല. ഓട്ടിസം എങ്ങനെയുണ്ടാകുന്നുവെന്നതു മുതൽ, സ്ത്രീയുടെ കാലു പിടിക്കുകയോ കഴുകുകയോ ചെയ്യേണ്ടതെപ്പോഴെന്നും എങ്ങനെയെന്നുംവരെയുള്ള സർവ്വ പ്രപഞ്ചരഹസ്യങ്ങളും അറിയുന്നവരാണവർ! ഏറ്റവും കുറഞ്ഞത് മാന്നാനം പ്രസ്സിൽ അച്ചടിച്ച അഞ്ചും, ദീപിക ബുക്ക്ഹൗസുകാർ വിൽക്കുന്ന പത്തും, വി. തോമസ് അക്വീനാസിന്റെ ഏഴും പുസ്തകങ്ങൾ വായിച്ചിട്ടാ ഒരു സീറോ – മലബാർ ശെമ്മാശ്ശനു പട്ടം കിട്ടുക.

മാർത്തോമ്മായുടെ കാലത്ത് നിരവധി ബ്രാഹ്മണ കുടുംബങ്ങൾ ഒന്നടങ്കം യേശുമാർഗ്ഗത്തിൽ വന്നുവെന്നാണ് കഥ. ഇന്നു കരിസ്മാറ്റിക്കിൽപ്പെട്ട് ബോധം പോയവരല്ലാതെ സുബോധമുള്ള ഒരുത്തനും ക്രിസ്തുമതത്തിലേക്കു വരാനിടയില്ല – കാണിക്കാൻ നല്ലതെന്തെങ്കിലും വേണ്ടേ? കളംവിട്ടു പോകുന്നവരോ, നിരവധി! പണ്ടൊരു വയസ്സനെയുംകൊണ്ട് പോലീസ് അയാളുടെ വീട്ടിൽ വന്നു. അവിടെ ആകെയുണ്ടായിരുന്ന വൃദ്ധയോടവർ പറഞ്ഞു, പാർക്കിൽവെച്ച് സ്ഥലകാലബോധമില്ലാതായിപ്പോയ ഇയാളെകൂട്ടിക്കൊണ്ടുവന്നിരിക്കുകയാണെന്ന്. ഇയാൾ മുപ്പതു വർഷമായി എന്നും പാർക്കിൽ പോകുന്നതാണല്ലോയെന്ന് വൃദ്ധ പറഞ്ഞു. 'എന്തു പറ്റി കുട്ടാ?' സ്നേഹപൂർവ്വം വൃദ്ധ വൃദ്ധനോടു ചോദിച്ചു. 'ഇന്നു നടക്കാതെ പോരണ'മെന്നു തോന്നിയെന്നു വൃദ്ധനും പറഞ്ഞു. ഈ വൃദ്ധനെപ്പോലെയാണ് സഭയ്ക്കുള്ളിലുണ്ടെന്നു പറയുന്ന വിശ്വാസികളുടെയും ചിന്ത. നടക്കാതെ സ്വർഗ്ഗത്തിൽ പോകാൻ അവർ കണ്ട എളുപ്പവഴിയാണ് – സീറോ മലബാർ! ഓഫറുകളുടെ കാര്യത്തിൽ ഐഡിയായെയും ഇവർ കടത്തിവെട്ടും!

സബർമതിക്കാരൻ അനിലിനെ വിളിച്ചാൽ അഹമ്മദാബാദിലെ സംഘർഷക്കഥകളേ കേൾക്കാനുള്ളൂ. അവിടെ ഒത്തൊരുമിച്ചു കഴിഞ്ഞവർ ഇപ്പോൾ മൂന്നു സംഘമായിരിക്കുന്നു! തട്ടിൽ സംഘത്തോടൊപ്പം ദൈവമുണ്ട് – ആ ബലത്തിലാണ് പല ദാസരും ചിന്നംവിളിക്കുന്നത്. അഹമ്മദാബാദ് സെന്റ് മേരീസ് കത്തീഡ്രൽ, ഷെവലിയർ മെമ്മോറിയൽ പാരിഷ് ഹാൾ, വി. അൽഫോൻസാ മെഡിക്കൽ കോളേജ്, വി. റാഫേൽ ഷോപ്പിങ് കോമ്പ്ളക്സ്... എന്തെല്ലാം സ്വപ്നങ്ങളാണോ പിള്ളമനസ്സുകളിൽ! തട്ടിൽ മെത്രാന്റെ അഹമ്മദാബാദിലെ 'ഹരി ഓം' പീഠത്തിന് ഒരു തുരങ്കംകൂടി ഉണ്ടായിരുന്നാൽ നല്ലതായിരുന്നേനെ! ●

യി എന്ന് അദ്ദേഹം അറിയിച്ചു. തുടർന്ന്, കൊല്ലം രൂപതയിൽ വർഷങ്ങളായി നടത്തുന്ന ഭൂമി ഇടപാടുകൾ അദ്ദേഹം വിശദീകരിച്ചു. എല്ലാ ഇടപാടുകളിലും പ്രമാണങ്ങളിൽ വില കുറച്ചുകാണിച്ച് ആ തുകമാത്രം അക്കൗണ്ടിൽ കാണിക്കുന്നു. ബാക്കി തുക എവിടെപ്പോയിയെന്ന് അറിയില്ല. കൊല്ലം മെത്രാൻ ഒരു റിയൽ എസ്റ്റേറ്റ് മാഫിയ ആയി മാറിയിരിക്കുകയാണ്. സ്ഥലം വാങ്ങി തുണ്ടംതുണ്ടമായി മറിച്ചുവിറ്റ് പണമുണ്ടാക്കുകയാണദ്ദേഹം. കൊട്ടിയം ആശുപത്രിയുടെ പുറകിലുള്ള 2 ഏക്കർ പുറമ്പോക്ക്ഭൂമി ഉദ്യോഗസ്ഥരെ സ്വാധീനിച്ച് കൈക്കലാക്കുകയും അത് നിയമവിരുദ്ധമായി തുണ്ടുകളാക്കി വിൽക്കുകയും ചെയ്തിരിക്കുന്നു. അതുമായി ബന്ധപ്പെട്ട കേസുകളുണ്ടെങ്കിലും, ഉദ്യോഗസ്ഥരുടെയുംമറ്റും ഒത്താശയോടുകൂടി അത് നീട്ടിക്കൊണ്ടുപോവുകയാണ്. ഇപ്പോൾ അതിന്റെ ഫയൽ കളക്ട്രേറ്റിൽ കാണാനില്ല എന്നാണ്പറയുന്നത്. 2.25 കോടിരൂപ പ്രതിമാസം വാടകയിനത്തിൽമാത്രം വരുമാനമുള്ള കൊല്ലം രൂപത ബാങ്കിൽനിന്നും മറ്റ് വ്യക്തികളിൽനിന്നും വായ്പകൾ വാങ്ങുന്നു! വിദേശത്തുനിന്ന് സംഭാവനകൾ പിരിച്ചെടുക്കുന്നു. ഈ പണമെല്ലാം എവിടെപ്പോകുന്നു എന്ന് ആർക്കും നിശ്ചയമില്ല.

ഇങ്ങനെയുള്ള വളരെയധികം തിരിമറികൾ ഇല്ലാതാകണമെങ്കിൽ ചർച്ച് ആക്ട് നടപ്പിലാകണമെന്ന് മനസ്സിലാവുകയും അതിനുവേണ്ടി കൊല്ലം കേന്ദ്രമായി 'ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' രൂപീകരിക്കുകയുമുണ്ടായി. നിയമപരമായ പോരാട്ടങ്ങളാണ് അവർ നടത്തുന്നത്. സമൂഹമാധ്യമങ്ങൾവഴി അനുകൂലമായ ധാരാളം പ്രതികരണങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും പ്രത്യക്ഷസമരത്തിന് ഭൂരിപക്ഷംപേരും തയ്യാറാകുന്നില്ല. അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞ് അദ്ദേഹം വിഷയാവതരണം അവസാനിപ്പിച്ചു.

പിന്നീട് നടന്ന ചർച്ചയിൽ പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം, പ്രൊഫ. പി.സി. ദേവസ്യാ , ജോഷി പോൾ, ജോയി കളരിക്കൽ, ജയിംസ് കോതകുളത്തിൽ, കെ.ജോർജ്ജ് ജോസഫ് മുതലായവർ സംസാരിച്ചു. മാർച്ച് 30 ദുഃഖവെള്ളിയാഴ്ച എറണാകുളം ആർച്ച് ബിഷപ്പ് ഹൗസിന് മുമ്പിൽ യേശുവിനോടൊപ്പം ചർച്ച് ആക്ട് പ്രചരണത്തിൽ ഏർപ്പെട്ട് അറസ്റ്റ് വരിച്ച പ്രവർത്തകരെ യോഗം അഭിനന്ദിച്ചു. 5.30-ഓടുകൂടി അവസാനിച്ച യോഗത്തിന് ഈ ലേഖകൻ സ്വാഗതം ആശംസിക്കുകയും ശ്രീ. ജോർജ് മുലേച്ചാലിൽ നന്ദിപറയുകയും ചെയ്തു.

**ഷാജു ജോസ് തറപ്പേൽ**
സെക്രട്ടറി,
ഫോൺ: 9496540448

# ചർച്ച് ആക്ട് പ്രചാരണത്തിനിടെ അറസ്റ്റ്!

**2018,** മാർച്ച് 30, വെള്ളിയാഴ്ച (ദുഃഖവെള്ളി), എറണാകുളം ആർച്ചുബിഷപ്പ്സ് ഹൗസിനുമുമ്പിൽ ബാനറും പ്ലാക്കാർഡുകളുമായി ചർച്ച് ആക്ട് ആശയപ്രചാരണം നടത്തിക്കൊണ്ടിരുന്ന 'ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' പ്രവർത്തകരെ പോലീസ് അറസ്റ്റുചെയ്തു. കുരിശുവഹിച്ചുകൊണ്ടുനിന്ന യേശുവിനോടൊപ്പമായിരുന്നു പ്രചാരണം. ശ്രീ. സ്റ്റീഫൻ മാത്യു വെള്ളാന്തടത്തിലാണ് യേശുവായി വേഷമിട്ടത്.

ബിഷപ്പ്സ് ഹൗസിനുമുമ്പിൽ സമാധാനപരമായി പ്രചാരണം നടത്തവെ, അടുത്തുള്ള സെ.മേരീസ് ബസലിക്കയിലെ പ്രദക്ഷിണം 4 മണിയോടെ തുടങ്ങുമെന്നും അത് ഇറങ്ങുന്നതിനുമുമ്പ് പിരിഞ്ഞുപോകണമെന്നും പോലീസ് ആവശ്യപ്പെടുകയായിരുന്നു. 4 മണിക്ക് പിരിഞ്ഞു പോകുവാൻ ഒരുങ്ങിക്കൊണ്ടിരിക്കെ എ.സി.പി വരികയും അറസ്റ്റുചെയ്യുകയുമാണുണ്ടായത്. കെ. ജോർജ്ജ് ജോസഫ്, സി.വി. സെബാസ്റ്റ്യൻ, പ്രൊഫ. ജോസഫ് വർഗീസ് (ഇപ്പൻ) അലോഷ്യ ജോസഫ്, അഡ്വ. ഇന്ദുലേഖ ജോസഫ്, ഫ്രാൻസീസ് ചക്കുളിക്കൽ, ജോയി കളരിക്കൽ എന്നവരാണ് അറസ്റ്റു വരിച്ചത്. 'യേശു'വിനെ അറസ്റ്റുചെയ്യാൻ പോലീസ് തയ്യാറായില്ല. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെത്തിച്ച പ്രവർത്തകരെ ജോർജ് മൂലേച്ചാലിൽ, ഷാജു ജോസ് തറപ്പേൽ എന്നിവരുടെ ജാമ്യത്തിൽ പിന്നീട് പോലീസ് വിടുകയായിരുന്നു.




**-ഷാജു ജോസ് തറപ്പേൽ**

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-04-2018

April 2018
**Sathyajwala**
Price Rs. 20.00


Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

**KCRM പ്രോഗ്രാംറിപ്പോർട്ട്-പാലാ**

# ആലഞ്ചേരിയെ കടത്തിവെട്ടുന്ന 'റോമൻസ്'!



എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭൂമികുംഭകോണവുമായി ബന്ധപ്പെട്ട വാർത്തകൾ പുറത്തുവന്നതോടുകൂടി, കത്തോലിക്കാസഭയിലെ മറ്റ് രൂപതകളിലെ നിരവധി ഭൂമിയിടപാടുകളെക്കുറിച്ചും അതിന്റെ പിന്നിലുള്ള അഴിമതി, സാമ്പത്തിക തിരിമറി, ക്രമക്കേടുകൾ ഇവയെക്കുറിച്ചുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ഒരു പക്ഷേ, കേരളസഭയിൽ ഏറ്റവും കൂടുതൽ ഭൂമിക്കച്ചവടം നടത്തി സാമ്പത്തികക്രമക്കേടുകൾ നടത്തിയതിന്റെ റിക്കോർഡ് കൊല്ലം രൂപതാമെത്രാൻ സ്റ്റാൻലി റോമനായിരിക്കും.



കൊല്ലം രൂപതയിൽ വർഷങ്ങളായി നടക്കുന്ന ഭൂമികുംഭകോണങ്ങളെയും മറ്റു സാമ്പത്തികക്രമക്കേടുകളെയുംകുറിച്ചുള്ള ചർച്ചയായിരുന്നു, മാർച്ച് 31 ശനിയാഴ്ച, പാലാ ടോംസ് ചേമ്പറിൽ നടന്നത്.

പ്രസിഡന്റ് സി.വി. സെബാസ്റ്റ്യൻ നടത്തിയ അധ്യക്ഷപ്രസംഗത്തിൽ കത്തോലിക്കാസഭയെ ഒരു സുനാമി ബാധിച്ചിരിക്കുകയാണെന്നും അതിൽനിന്ന് സഭ രക്ഷപെടണമെങ്കിൽ ചർച്ച് ആക്ട് നടപ്പിലാക്കണമെന്നും അഭിപ്രായപ്പെട്ടു. അതിനുള്ള പ്രചരണസമരപരിപാടികൾക്ക് മുൻഗണന കൊടുത്ത് ശക്തമായ പ്രവർത്തനങ്ങളുമായി നാം മുന്നോട്ടു പോകേണ്ടതുണ്ട്. തുടർന്ന് 'All Kerala Church Act Action Council'-ന്റെ ഇതുവരെയുള്ള പ്രവർത്തനത്തെക്കുറിച്ച് കൗൺസിൽ ചെയർമാൻ ശ്രീ.കെ.ജോർജ്ജ് ജോസഫ് വിശദീകരിച്ചു: ചർച്ച് ആക്ടിനെ സംബന്ധിച്ചുള്ള ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചു; മുഖ്യമന്ത്രിക്കും മറ്റുബന്ധപ്പെട്ടവർക്കും നൽകാനുള്ള നിവേദനം തയ്യാറാക്കി; മേഖലാ മീറ്റിംഗുകൾ, സംസ്ഥാന വ്യാപകമായി വാഹനജാഥ, സെക്രട്ടറിയേറ്റ് മാർച്ച് എന്നിവയുടെ സംഘാടനം, കാനോൻനിയമം ആത്മീയകാര്യങ്ങൾക്കുമാത്രം ബാധകം എന്നാവശ്യപ്പെട്ടുകൊണ്ട് കേസ് കൊടുക്കൽ തുടങ്ങിയ കാര്യങ്ങൾ കമ്മറ്റിയുടെ പരിഗണനയിലുള്ളതായി അദ്ദേഹം പറഞ്ഞു.

'കൊല്ലം രൂപതയിലെ സാമ്പത്തിക ക്രമക്കേടുകൾ' എന്ന വിഷയം അവതരിപ്പിച്ചു സംസാരിച്ചത് 'കൊല്ലം ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ' രൂപീകരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച അഡ്വ. ബോറീസ് പോൾ ആണ്. കൊല്ലം മെത്രാൻ സ്റ്റാൻലി റോമൻ കാനോൻ നിയമത്തിനു വിരുദ്ധമായി, 75-ാം വയസ്സിനുശേഷവും സ്ഥാനത്ത് തുടരുന്നതിനും സാമ്പത്തിക ക്രയവിക്രയങ്ങൾ നടത്തുന്നതിനുമെതിരെ അവർ കൊടുത്ത കേസിൽ, ആത്മീയകാര്യങ്ങളിൽ മാത്രമേ അദ്ദേഹത്തിനു അധികാരമുള്ളൂ എന്നും സാമ്പത്തിക ക്രയവിക്രയങ്ങൾ അദ്ദേഹം നടത്താനോ നയപരമായ തീരുമാനങ്ങളെടുക്കാനോ പാടില്ല എന്നും വിധിക്കുന്ന ഒരു കോടതി ഉത്തരവ് ലഭിക്കുകയുണ്ടാ

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.